# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII As. 2 No. 184

# രംഗനാഥസിദ്ധാന്തം

അഥവാ

# ലൈബ്രറിസൈൻസിലെ അഞ്ചു മൗലികതത്വങ്ങൾ

ജി. സി.

ഗ്രന്ഥാലയങ്ങളും വായനശാലകളും പ്രചാരത്തിൽ വന്നിട്ടുള്ള ഒരു കാലമാണിതു്. ഈ പ്രസ്ഥാനത്തിനു ഗവർമ്മെൻറുകളും യൂനെസ്കോ മുതലായ സർവ്വരാഷ്ട്രസ്ഥാപനങ്ങളും വേണ്ട പ്രോത്സാഹനം നൽകുന്നുണ്ടു്. കേരളത്തിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു സിദ്ധിച്ചിട്ടുള്ള പ്രചാരവും കേരളീയർ ഗ്രന്ഥശാലകളെ പ്രയോജനപ്പെടുത്തുന്ന രീതിയും സുപ്രസിദ്ധ ലൈബ്രേറിയനായ പ്രൊഫസ്സർ എസ്സ്. ആർ. രംഗനാഥന്റെ ശ്രദ്ധയെപ്പോലും ആകർഷിച്ചിട്ടുണ്ടു്. അദ്ദേഹം ഈയിടെ മദ്രാസ്സിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ആ സംഗതി വെളിപ്പെടുത്തുകയുണ്ടായി. പ്രൊഫസ്സർ രംഗനാഥൻ നവീനവും പരിപൂർണ്ണവുമായ Colon classification (കോളൻ ക്ലാസ്സിഫിക്കേഷൻ സമ്പ്രദായം ആവിഷ്കരിച്ചു് ലൈബ്രറിസയൻസിൽ വിപ്ലവകരമായ പരിവർത്തനം വരുത്തിയിട്ടുണ്ടു്. ഭാരതീയമായ ഈ നവീനസമ്പ്രദായത്തിനു അമേരിക്ക, യൂറോപ്പു മുതലായ വിദേശങ്ങളിൽ പ്രചാരം സിദ്ധിച്ചുവരുന്നു. തന്മൂലം പ്രൊഫസ്സർ രംഗനാഥൻ ലോകത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളുടെ ഇടയിൽ സമുന്നതമായ ഒരു സ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഈ അവസരത്തിൽ ഏതെല്ലാം മൗലികതത്വങ്ങളെ ആസ്പദമാക്കിയാണു് പ്രൊഫസ്സർ രംഗനാഥൻ ഈ പുതിയ Classification system (തരംതിരിക്കൽ സമ്പ്രദായം) സംവിധാനം ചെയ്തിട്ടുള്ളതെന്നറിയുന്നതു് രസകരവും വിജ്ഞാനപ്രദവുമായിരിക്കുമല്ലോ.

നാം നമ്മുടെ ഉള്ളിലുള്ള ആശയങ്ങൾ മറ്റുള്ളവരെ ധരിപ്പിക്കുന്നതു് മുഖ്യമായ ചില ശബ്ദങ്ങൾമൂലമാകുന്നു. ഈ ശബ്ദങ്ങളെ ക്രമാനുസൃതമായി തൊടുത്തു വാക്കുകളും വാക്യങ്ങളും ഉണ്ടാക്കിയിരിക്കുന്നു. വാക്കുകളും വാക്യങ്ങളും രേഖപ്പെടുത്തുന്നതിനായി ലിപികൾ ഉണ്ടായി. ക്രമേണ ഇന്നുകാണുന്ന വ്യവസ്ഥാപിതഭാഷകളും ഗ്രന്ഥങ്ങളുമുണ്ടായി. ഈ ഭാഷകളും ഗ്രന്ഥങ്ങളുമെല്ലാം മനുഷ്യമനസ്സിൽ ഉത്ഭവിക്കുന്ന വികാരങ്ങളുടേയും വിചാരങ്ങളുടേയും ബഹിസ്ഫുരണത്തെ കുറിക്കുന്ന സങ്കേതങ്ങൾ മാത്രമാണു്. ഒരുവന്റെ ജ്ഞാനം മറ്റുള്ളവരിൽ ഉളവാക്കുന്നതിനും വിചാരം മറ്റുള്ളവരെ ധരിപ്പിക്കുന്നതിനും വാമൊഴിയെക്കാൾ വരമൊഴിക്കു പ്രാധാന്യമുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ചരിത്രഗതിയിൽ വന്ദ്യരോടു ആശയവിനിമയം ചെയ്യുന്നതിനും ലോകത്തിന്റെ എല്ലാഭാഗത്തുമുള്ള മഹാത്മാക്കളുടെ ആശയങ്ങൾ വായിച്ചറിയുന്നതിനും ഗ്രന്ഥങ്ങൾപോലെ പ്രയോജനപ്രദമായ മാർഗ്ഗമില്ല. മുൻകാലങ്ങളിൽ ജനങ്ങൾ സാഹിത്യം ശാസ്ത്രം മുതലായവ മനഃപാഠംപഠിച്ചു നിലനിർത്തിവന്നു. അനന്തരം ഓലയിലും മറ്റും എഴുതി ഗ്രന്ഥങ്ങളാക്കി സൂക്ഷിച്ചുവന്നു. അന്നു് ഇന്നത്തെ രീതിയിൽ ഗ്രന്ഥങ്ങൾ സുലഭമായിരുന്നില്ല. ആ സ്ഥിതിക്കു് ഗ്രന്ഥശാലകൾ വിരളമായിത്തന്നെ ഇരുന്നു. ഇന്നു് അച്ചടിയന്ത്രങ്ങളുടെ സഹായത്താൽ പ്രതിദിനം അനേകായിരം ഗ്രന്ഥങ്ങൾ അച്ചടിച്ചു വിതരണം ചെയ്യപ്പെടുന്നു. ഇവയെ ശേഖരിച്ചു സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ലൈബ്രറികളുടെ ആവശ്യം പണ്ടത്തേതിലുമധികം ഉണ്ടെന്നുള്ളതു നിസ്സംശയമാണു്. ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥസമുച്ചയത്തിൽനിന്നും നല്ലതും പ്രയോജനമുള്ളതുമായ ഗ്രന്ഥങ്ങൾ ശേഖരിച്ചു് ആവശ്യപ്പെടുമ്പോൾ നിഷ്പ്രയാസം എടുക്കാൻ കഴിയത്തക്കവണ്ണം ക്രമാനുസൃതമായി വയ്ക്കുന്നതിനു ഒരു ഗ്രന്ഥാലയശാസ്ത്രം (Library Science) തന്നെ ഉണ്ടാകേണ്ടതായി വന്നു.

പുസ്തകങ്ങളെ പല ഇനങ്ങളായി തരംതിരിച്ചു് ഓരോ ഇനം പുസ്തകങ്ങളേയും പ്രഥമദൃഷ്ടിയിൽതന്നെ തിരിച്ചറിയത്തക്കവണ്ണം നിശ്ചിതമായ അടയാളങ്ങൾ കൊടുത്തു ക്രമമായി വച്ചിരിക്കണം. പുസ്തകങ്ങളെ തരംതിരിക്കുന്നതിൽ സർവ്വസമ്മതവും നിഷ്കൃഷ്ടവുമായ തത്വങ്ങൾ ഉണ്ടായിരിക്കണം. വിഭിന്നദേശങ്ങളിലും വിഭിന്നരാജ്യങ്ങളിലുമുള്ള ഗ്രന്ഥശാലകൾ നിശ്ചിതമായ തത്വത്തെ ആസ്പദമാക്കി ഗ്രന്ഥങ്ങളെ തരംതിരിക്കുന്നതായാൽ ഗ്രന്ഥശാലകളുമായി പരിചയമുള്ള ഏതൊരാൾക്കും ഏതുഗ്രന്ഥശാലയിൽനിന്നും താനുദ്ദേശിക്കുന്ന പുസ്തകങ്ങൾ നിഷ്പ്രയാസം തിരിച്ചറിഞ്ഞെടുക്കുന്നതിനു സാധിക്കും. പുസ്തകങ്ങളെ പ്രത്യേക ഇനങ്ങളായി തരംതിരിച്ചു് വ്യവസ്ഥപ്പെടുത്തി വയ്ക്കുന്നതിന്റെ ആവശ്യകതയെ ഒരുദാഹരണം മൂലം വ്യക്തമാക്കാൻ ശ്രമിക്കാം.

ഒരു പൂക്കച്ചവടക്കാരന്റെ കടയിൽ മുല്ല, പിച്ചകം, റോസ്സ്, ചേമന്തി മുതലായ പല ഇനത്തിലുള്ള പുഷ്പങ്ങൾ ഇടകലർത്തി ഇട്ടിരിക്കുന്നു. ഒരാൾ കുറച്ചു റോസ്സപ്പുഷ്പം വാങ്ങുന്നതിനായി വന്നു. അയാൾക്കു് റോസ്സപ്പുഷ്പംതന്നെ തരംതിരിഞ്ഞെടുത്തു കൊടുക്കുന്നതിനു പൂക്കാരനു വളരെ ക്ലേശംനേരിടും അഥവാ പൂക്കാരനു ഇപ്രകാരം പറയേണ്ടിവരും. ഈ പൂക്കൂട്ടത്തിൽ അനേകം റോസ്സാപ്പൂക്കൾ ഉണ്ടു്. ഇതിൽനിന്നും കുറെ വാങ്ങി റോസ്സാപ്പൂക്കൾ തിരഞ്ഞെടുത്തുകൊള്ളുക എന്നു്. വാങ്ങുന്ന ആളിനു റോസ്സാപ്പൂക്കൾ മാത്രമേ ആവശ്യമുള്ളൂ. അയാൾ അതിനുവേണ്ടി ആവശ്യമില്ലാത്ത മറ്റിനം പൂക്കൾകൂടി വിലകൊടുത്തു വാങ്ങേണ്ടതായി വരുന്നു. റോസ്സാപ്പൂക്കൾ തന്നെ പ്രത്യേകം ശേഖരിച്ചിരുന്നാൽ ഇരുകൂട്ടർക്കും സമയനഷ്ടത്തിനോ പണനഷ്ടത്തിനോ ഇടവരാതെ ആവശ്യക്കാരനു ആവശ്യമുള്ളതു് ഉടനെ കിട്ടും. ഒരേ ഇനം പൂക്കളിൽതന്നെ മൊട്ടുകൾവേറെ വിടർന്നപൂക്കൾ വേറെ മൊട്ടുകളും വിടർന്നപൂക്കളും പ്രത്യേകം തൊടുത്തു കെട്ടിയ മാലകൾ വേറെ ഇങ്ങനെ തരംതിരിച്ചു് അടുക്കിവയ്ക്കുന്നതു് സൗകര്യത്തിനും ലാഭത്തിനും ഉതകുന്നതാകുന്നു. പുതുതായി വന്നുചേരുന്ന പൂക്കൾ അതാതിനത്തിൽ ചേർത്തു വയ്ക്കുന്നതിനു് ഈ തരംതിരിക്കൽ സമ്പ്രദായം ഉപകരിക്കും.

ഇപ്രകാരം പുസ്തകങ്ങളെ തരംതിരിക്കുന്നതു് വളരെ പ്രധാനമായ സംഗതിയാണു്. തരംതിരിക്കുന്നതിൽ ചില ക്രമവും വ്യവസ്ഥയുമുണ്ടായിരിക്കണം. ഓരോ പുസ്തകവും ഏതേതിനത്തിൽപെട്ടതാണെന്നറിയുന്നതിനു് അതാതു പുസ്തകത്തിന്റെ വിഷയം സ്വഭാവം മുതലായ പ്രത്യേകതകൾ അറിയേണ്ടതുണ്ടു്. ജന്തുക്കളിൽ പരസ്പരവൈവിദ്ധ്യം കാണുന്നതുപോലെ ഗ്രന്ഥങ്ങളിലും ഭേദംകാണുന്നു. ജീവനുള്ളവയെല്ലാം ജന്തുക്കൾ. ജന്തുക്കളിൽ ചിലപ്രത്യേക സ്വഭാവത്തേയും സൃഷ്ടിവൈചിത്ര്യത്തേയും ആശ്രയിച്ചു് മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, ഇഴജന്തുക്കൾ മുതലായ പ്രത്യേക വിഭാഗങ്ങളുണ്ടായി. മനുഷ്യരിൽതന്നെ നിറം, സ്വഭാവം, ഭാഷ, ആചാരം രാഷ്ട്രം മുതലായ ഉപാധികളെ ആശ്രയിച്ചു് നാനാസമൂഹങ്ങൾ ഉണ്ടായിരിക്കുന്നു. ഓരോ മനുഷ്യനും പ്രത്യേകവ്യക്തിത്വമുള്ളതുപോലെ ഓരോ പുസ്തകത്തിനും വ്യക്തിത്വമുണ്ടു്. ആ വ്യക്തിത്വത്തെ മനസ്സിലാക്കിയാൽ മാത്രമേ പുസ്തകങ്ങൾ തരംതിരിക്കുന്നതിനു സാധിക്കയുള്ളൂ.

ഇപ്രകാരം ഓരോ പുസ്തകത്തിന്റേയും വ്യക്തിത്വം നിർണ്ണയിക്കുന്നതിനുതകുന്ന അഞ്ചു മൗലിക തത്വങ്ങൾ പ്രൊഫസ്സർ രംഗനാഥൻ കണ്ടുപിടിച്ചിട്ടുണ്ടു്. ഓരോമനുഷ്യനേയും വിശേഷിച്ചു മനസ്സിലാക്കുന്നതിനു് രാഷ്ട്രം, ദേശം, ഭാഷ, നഗരം, ഗ്രാമം മുതലായ ഉപാധികളെ ആശ്രയിക്കുന്നതുപോലെ Personality (വ്യക്തിത്വം) Matter (വസ്തു) Energy (ശക്തി) Space (ദേശം) Time (കാലം) എന്നീ അഞ്ചു തത്വങ്ങളെ അടിസ്ഥാനമാക്കി വർഗ്ഗങ്ങളായും ഉപവർഗ്ഗങ്ങളായും പുസ്തകങ്ങളെ തരംതിരിക്കാം. ഈ അഞ്ചുതത്വങ്ങളും ഓരോ പുസ്തകത്തിലും പ്രായോഗികമാണോ എന്നു നോക്കണം. എല്ലാ പുസ്തകത്തിലും ഈ അഞ്ചു തത്വങ്ങളും പ്രയോഗിക്കണമെന്നില്ല. ആദ്യമായി മൂലവർഗ്ഗം കണ്ടുപിടിച്ചുശേഷം ഉപവർഗ്ഗത്തിലേക്കു കടക്കണം. സാധാരണ ഒന്നിലധികം തത്വങ്ങളെ ആസ്പദമാക്കി പുസ്തകങ്ങളെ തരംതിരിക്കാം. വ്യക്തിത്വം, വസ്തു, ശക്തി, ദേശം, കാലം എന്നീ ഉപാധികൾ ഉത്തരോത്തരം വ്യാപ്തിയുള്ളതും പുസ്തകങ്ങളെ പൂർവ്വാധികം വ്യവഹരിപ്പിക്കുന്നതുമാകുന്നു.

പ്രൊഫസ്സർ രംഗനാഥൻ ഇരുപതിലധികം ദീർഘസംവത്സരക്കാലം യൂണിവേഴ്സിറ്റികളിൽ ലൈബ്രേറിയനായും മറ്റും ഇരുന്നു ഗ്രന്ഥങ്ങളുമായി പരിചയപ്പെട്ടു വിഷയവിശകലനം ചെയ്തു കണ്ടെത്തിയിട്ടുള്ള അടിസ്ഥാനതത്വങ്ങളാണു് ഇവ അഞ്ചും. ഇവ അഞ്ചിനേയും ആശ്രയിച്ചാണു് കോളൻക്ലാസ്സിഫിക്കേഷൻ എന്ന തരംതിരിക്കൽ സമ്പ്രദായം നിലകൊള്ളുന്നതു്. ഈ സമ്പ്രദായമനുസരിച്ചു ലൈബ്രറിയിലുള്ള ഓരോ പുസ്തകത്തിന്റേയും സ്ഥാനം എവിടെയാണെന്നു നിഷ്പ്രയാസം അറിയുന്നതിനും പറയുന്നതിനും ഒരു ലൈബ്രേറിയനു കഴിയുമെന്നുള്ളതും വായനക്കാർക്കു സമയനഷ്ടം കൂടാതെ ആവശ്യമുള്ള വിഷയങ്ങൾ തിരഞ്ഞു കണ്ടുപിടിക്കുന്നതിനു സാധിക്കുമെന്നുള്ളതുമാണു് മെച്ചം. ഈ അഞ്ചു തത്വങ്ങളേയും അടിസ്ഥാനപ്പെടുത്തി ഒരു പുസ്തകത്തെ തരംതിരിക്കുന്നതെപ്രകാരമാണെന്നു നോക്കാം.

1940-ൽ ഇന്ത്യയിലെ റെയിൽറോഡുനിർമ്മാണമെന്ന തലക്കെട്ടിൽ ഒരു പുസ്തകം എടുക്കുക. ഈ പുസ്തകം എഞ്ചിനീയറിംഗ് സെക്ഷനിൽ പെടുകയാണെന്നു എളുപ്പവുമറിയാം. എഞ്ചിനീയറിംഗു സെക്ഷനിലുള്ള പുസ്തകങ്ങൾ എല്ലാം D എന്ന അക്ഷരത്തിൻകീഴിൽ വരും. അനന്തരം ഉപവിഭാഗത്തിലേക്കു കടക്കാനാണു്. ആദ്യമായിട്ടു നിശ്ചയിക്കേണ്ടതു് Personality (വ്യക്തിത്വം) ആണു്. ഏതൊന്നിനെ്റനിർമ്മാണത്തെപ്പറ്റിയാണോ ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നതു് അതാണു് വ്യക്തി. അതിന്റെ ധർമ്മം വ്യക്തിത്വം. അതാലോചിക്കുമ്പോൾ റോഡുനിർമ്മാണമാണെന്നു കിട്ടുന്നു. റോഡിനു കൊടുത്തിട്ടുള്ള നമ്പർ 411 ആണു്. ആയതു D എന്ന അക്ഷരത്തോടു ചേർത്താൽ D 411 എന്ന നമ്പർ ലഭിക്കും. അനന്തരം ഏതേതു സാധനംകൊണ്ടാണോ റോഡുനിർമ്മിക്കുന്നതു് ആ വസ്തു (Matter) വിനെപ്പറ്റി ഗണിക്കണം. റെയിൽകൊണ്ടുള്ള റോഡാണെന്നറിയാം. റെയിലിനു കല്പിച്ചിട്ടുള്ള നമ്പർ J 718 എന്നു മനസ്സിലായാൽ റോഡിന്റെ നമ്പരും റെയിലിന്റെ നമ്പരും കോളൻ (: എന്ന ചിഹ്നം)കൊണ്ടു ഘടിപ്പിച്ചു D 411 : J 718 എന്ന നമ്പർ ഉണ്ടാക്കണം. അനന്തരം Energy (ശക്തി)യുടെ ഏതേതു പ്രവർത്തനമാണു് ഇതിൽ നടക്കുന്നതെന്നാലോചിക്കുമ്പോൾ Construction (നിർമ്മാണം) എന്നു കിട്ടുന്നു. നിർമ്മാണങ്ങൾക്കെല്ലാം 7 എന്ന നമ്പരാണു് കൊടുത്തിരിക്കുന്നതു്. അതും മുമ്പത്തെപ്പോലെ കോളൻകൊണ്ടു് റെയിൽറോഡിനു കൊടുത്തിട്ടുള്ള നമ്പരിനോടു ഘടിപ്പിക്കുമ്പോൾ D 411 : J 718 : 7 എന്നുകിട്ടും. പിന്നീടാലോചിക്കേണ്ടതു് ഏതു ദേശത്തു റോഡു നിർമ്മിക്കുന്നതിനെപ്പറ്റിയാണു് പ്രതിപാദിച്ചിട്ടുള്ളതെന്നാണു്. അതാലോചിക്കുമ്പോൾ ഇന്ത്യയിൽ എന്നുകിട്ടും. ഇന്ത്യക്കു കൊടുത്തിട്ടുള്ള 2 എന്ന നമ്പരും D 411 : J 718 : 7 എന്നതിനോടു കോളൻകൊണ്ടു ബന്ധിച്ചിട്ടു കാലത്തെപ്പറ്റി ചിന്തിക്കാം. 1940 എന്ന വർഷത്തിനു് N 4 എന്ന നമ്പർ. അതും മുൻപോലെ (:) കൊണ്ടു് D 411 : J 718 : 7 : 2 എന്നതിനോടു ചേർത്താൽ D 411 : J 718 : 7 : 2 : N 4 എന്ന പൂർണ്ണമായ നമ്പർ ലഭിക്കും. പുസ്തകത്തിലെ പ്രതിപാദ്യവിഷയത്തിന്റെ വ്യാപ്തി അനുസരിച്ചു നമ്പർ നീളം കൂടിയതോ കുറഞ്ഞതോ ആയിരിക്കും. ഭാരതത്തിലെ ആധുനികറോഡുകൾ എന്നുമാത്രമാണു് ഗ്രന്ഥത്തിന്റെ തലക്കെട്ടെങ്കിൽ നമ്പർ D 411 : : 2 : N 4 എന്നു മാത്രം.

ഇപ്രകാരം ഒന്നോ രണ്ടോ അതിലധികമോ അടിസ്ഥാനതത്വങ്ങൾ പ്രയോഗിച്ചു പുസ്തകങ്ങൾക്കു നമ്പർകൊടുക്കാം. ഈവിധത്തിൽ നമ്പർകൊടുത്തിട്ടുള്ള പുസ്തകങ്ങൾ അലമാരകളിൽ അടുക്കുമ്പോൾ ഒരേ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നവയും പരസ്പരബന്ധമുള്ളവയുമായ ഗ്രന്ഥങ്ങൾ അടുത്തടുത്തു ഒരുമിച്ചുവരും. റോഡിനെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ ഒരു സ്ഥാനത്തു തിരക്കിയാൽ കിട്ടും. റെയിൽറോഡിനെപ്പറ്റിയുള്ള പുസ്തകങ്ങളും അതുപോലെതന്നെ. ഇന്ത്യയിൽ റെയിൽറോഡുനിർമ്മാണത്തെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങളും ഒരു പ്രത്യേകകാലത്തു റോഡുനിർമ്മാണത്തെപ്പറ്റിയുള്ള പുസ്തകങ്ങളും തുടരെത്തുടരെ ഒരുമിച്ചുവരും. വ്യക്തിത്വം മുതലായ അഞ്ചു് അടിസ്ഥാനതത്വങ്ങൾ പ്രയോഗിച്ചു് ഇപ്രകാരമുള്ള തരംതിരിക്കലും അടുക്കും എത്ര ശാസ്ത്രീയവും സൗകര്യപ്രദവുമാണെന്നു ആലോചിക്കുക.

—o—




# ഉഷ്ണമേഖലയിലെ ആധുനികസൈന്യം

[വാസ്ഡയസ് ഏജൻസി ഇൻറർനാഷണൽ-ആംസ്റ്റർഡാം]

കഴിഞ്ഞ ലോകമഹായുദ്ധകാലത്തു് താരതമ്യേന പരിപൂർണ്ണമാക്കിത്തീർക്കപ്പെട്ട ആധുനികസൈന്യത്തിനു്, യുദ്ധത്തെ സംബന്ധിച്ചുള്ള പാഠങ്ങൾ മാത്രമല്ല നൽകിപ്പോരുന്നതു്. ആരോഗ്യശാസ്ത്രത്തേയും, ശുചീകരണശാസ്ത്രത്തേയും സംബന്ധിച്ച എല്ലാ അറിവുകളും അവർക്കു് നൽകുന്നുണ്ടു്.

തന്റെ പാർശ്വഭാഗങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ താൻ വിശ്വസിക്കുന്നില്ലെന്നു കമാൻഡിംഗ് ആഫീസ്സറെ ധരി[illegible]മെന്നു വിചാരിക്കുന്ന കൊള്ള ആഫീസ്സറന്മാർ ഉണ്ടായിരിക്കുകയില്ല. എന്നാൽ ക്വയ്നയിൽ വിശ്വാസം ഇല്ലാത്ത വളരെ വളരെ ആഫീസ്സറന്മാർ ഉണ്ടു്. ഉഷ്ണമേഖലയിൽവച്ചു ക്വയ്ന കഴിക്കേണ്ടിവരുമ്പോൾ അവർ ഏററവും സുഖലോലുപന്മാരുമായിരിക്കും.

ആഫീസ്സറന്മാർ മാത്രമല്ല, സാധാരണ ഭടന്മാരും ഈ രീതിയിൽതന്നെ വാദിക്കുന്നു. "ഒരു പട്ടാളക്കാരൻ എന്തിനു ഈ നിസ്സാരപ്പെട്ട കൊതുകിനെ ഭയപ്പെടണം" എന്നവർ തങ്ങളുടെ വാദം സാധൂകരിക്കാനായി പറയും. ഏററവും ഭയങ്കരമായ മലേറിയാരോഗത്തെ വഹിച്ചുകൊണ്ടു നടക്കുന്ന ഈ ചെറിയ കൊതുകിനു പറഞ്ഞറിയിക്കാൻകൂടി നിവൃത്തിയില്ലാത്തവിധം എത്രമാത്രം ദുരിതം ഉണ്ടാക്കാൻ കഴിയുമെന്നു അവരറിയുന്നില്ല. ഒരിക്കലെങ്കിലും വിഷമം പിടിച്ച മലേറിയ വന്നിട്ടുള്ള ആൾക്കും ഇതേപ്പററി എല്ലാം അറിയാവുന്നതാണു്.

ഇപ്പോൾ പ്രവർത്തനം നിലച്ചുപോയ ലീഗ് ആഫ നേഷൻസിന്റെ മലേറിയായെ സംബന്ധിച്ച വിദഗ്ദ്ധകമ്മിററി ദീർഘകാലം ഗാഢമായി മലേറിയാപ്രശ്നത്തെപ്പററി പരിശോധിക്കുകയുണ്ടായി. ൧൯൩൭-ൽ അവർ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ, മലേറിയ പ്രചാരത്തിലിരിക്കുന്ന കാലത്തും അതിനുശേഷം ഏതാനുംകാലവും ദിവസവും ൫ ഗ്രെയിൻവീതം ക്വയ്നാ കഴിക്കുന്നതു ഫലപ്രദമായ പ്രതിവിധിയാണെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു. മലേറിയ പിടിപെട്ടിട്ടുള്ളവർ ഒരു ചികിത്സ എന്നുള്ള നിലയിൽ ൧൫ മുതൽ ൨൦ ഗ്രെയിൻവരെ ക്വയ്നാ അഞ്ചുമുതൽ ഏഴുവരെ ദിവസങ്ങളിൽ ഉപയോഗിക്കുവാനും അവർ നിർദ്ദേശിച്ചിരിക്കുന്നു. മേല്പറഞ്ഞ റിപ്പോർട്ടിന്റെ പത്തിൽ അഞ്ചാംഭാഗത്തു് ഈ ചികിത്സയെസംബന്ധിച്ച പൂർണ്ണവിവരങ്ങൾ നൽകിയിരിക്കുന്നു. അന്നത്തെ ആ ചികിത്സതന്നെ ഇന്നും ശുപാർശ ചെയ്യപ്പെട്ടുപോരുന്നു.

—o—

## വിഷയവിവരം

—:*:—

| | | പേജ് |
|---|---|---|
| 1. | രംഗനാഥസിദ്ധാന്തം — ജി. സി. | 2 |
| 2. | സാമ്പത്തികസമീകരണം — ദേകാന്നിയൂർ ആർ. നരേന്ദ്രനാഥ് | 3 |
| 3. | ഭാരതത്തിലെ സാമാന്യജനതയ്ക്കു വൈദ്യസഹായപദ്ധതി — നാഗവള്ളിൽ ആർ. ജി. കുറുപ്പ് [ബി. എസ്സ്സി. ബി. എൽ.] | 4 |
| 4. | സ്വാമി വിവേകാനന്ദൻ | " |
| 5. | നമ്മുടെ പുരാതനസാഹിത്യവും ആധുനികസാഹിത്യകാരന്മാരും — ഡാ: ചേലനാട്ടു് അച്യുതമേനോൻ | 5 |
| 6. | ശ്രീരാമകൃഷ്ണപരമഹംസരുടെ ക്ഷേത്രമോഹാസ്ത്രം | 6 |
| 7. | മൊഹൻ-ജദാരോ — മിസ്സസ് ചെല്ലം പി. നായർ | 7 |
| 8. | ശബരിമലക്ഷേത്രവും പമ്പാതീർത്ഥവും — ചിത്രങ്ങളിലൂടെ | 8-9 |
| 9. | കാർത്തികനാളിൽ (ചെറുകഥ, — ലീല | 10 |
| 10. | പൊൻകിനാവു് (കവിത) — ജി. കുമാരപിള്ള | 11 |
| 11. | മാഡം കോവലസ്കി — എസ്സ്. പരമേശ്വരൻ | 12 |
| 12. | ഇറാന്റെ വിദേശനയം — ലിയാപ്പോൾഡ് ഹെർമാൻ | 13 |
| 13. | ബാലപംക്തി— അത്യാഗ്രഹിക്കു് ഉള്ളതും നശിക്കും — എച്ച്. ശങ്കരനാരായണൻ (വിദ്യാർത്ഥി) | 14 |
| | ആകാംക്ഷ (കവിത) — സുചേതാദേവി (വിദ്യാർത്ഥിനി) | " |
| 14. | ഗ്രന്ഥവിഹാരം | 15 |
| 15. | ലോകസമാധാനം (കവിത) — കണ്ണനമുഴ എസ്സ്. കൃഷ്ണവാര്യർ | " |
| 16. | സത്യത്തിന്റെ അന്വീക്ഷണവിദ്യ — ജി. ഗോപിനാഥൻനായർ | 16 |
| | മുഖചിത്രം— ശബരിമല ശ്രീ ധർമ്മശാസ്താവു് | |

—o—

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ മകരം ൩-ാംനു തിങ്കളാഴ്ച 16th January 1950. | ലക്കം ൧൮൪

# സാമ്പത്തികസമീകരണം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഭാരതത്തിന്റെ സാമ്പത്തികജീവിതത്തിൽ ബഹുജനങ്ങളുടെ ദാരിദ്ര്യം ഏറ്റവും പ്രധാനപ്പെട്ടവസ്തുതയാണെന്നുള്ളതു് പ്രത്യേകിച്ചു പറയണമെന്നില്ല. ഇതു് ആധുനികകാലത്തുണ്ടായ സംഭവമല്ല. ഇവിടത്തെ സാധാരണക്കാരായ ബഹുഭൂരിപക്ഷം ജനങ്ങൾ എന്നും ദരിദ്രരായിരുന്നു. ധനികരും ദരിദ്രരും തമ്മിലുണ്ടായിരുന്ന ഭീമമായ വ്യത്യാസം എല്ലാക്കാലത്തും ഒരുപോലെതന്നെയാണിവിടെ. ധനോല്പാദകരായവർക്കു് അവർ ഉല്പാദിപ്പിച്ചിരുന്ന മുതലിന്റെ നിസ്സാരമായ അംശമേ കിട്ടിയിരുന്നുള്ളു. അവരുടെ ഉല്പാദനത്തിന്റെ ഉത്തമാംശങ്ങളെല്ലാം ഭൂമിയുടെ പാട്ടമായോ മുതലിന്റെ പലിശയായോ കച്ചവടലാഭമായോ സാമൂഹ്യവ്യവസ്ഥിതിയിലെ മദ്ധ്യവർത്തികളിൽ അമർന്നിരുന്നു. ഇവരെല്ലാംതന്നെ ഉയർന്ന ജാതിക്കാരുമായിരുന്നു. കർഷകർക്കും ശില്പികൾക്കുമെല്ലാം ഇവരെ ആശ്രയിക്കാതെ ജീവിക്കുക സാദ്ധ്യമായിരുന്നില്ല. ഈ മദ്ധ്യവർത്തികൾക്കു് ഇക്കാരണത്താൽ കണക്കിലേറെ ധനം അമുക്കുവാൻ സാധിച്ചു. കിട്ടുന്ന സമ്പാദ്യമുപയോഗിച്ചു ജീവിച്ചുപോകാനല്ലാതെ നൂതനങ്ങളായ വ്യവസായങ്ങളിലോ മറ്റോ ഇടപെടാനും അങ്ങനെ ഉല്പാദനപരങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അവർ ജാഗ്രത കാണിച്ചില്ല. വാർഷികമിച്ചത്തിന്റെ വിനിയോഗമാണു് ഒരു രാജ്യത്തിന്റെ സാമ്പത്തികഭാവി നിർണ്ണയിക്കുന്നതു്. ഈ മിച്ചത്തെ ശരിയായവിധം വിനിയോഗിച്ചാൽ ക്രയശക്തി വിതരണംചെയ്യപ്പെടുന്നതും തൊഴിൽ പ്രവൃദ്ധമാകുന്നതുമാണു്. എന്നാൽ ഭാരതത്തിൽ ഇതുണ്ടായില്ല. അനുല്പാദനകരങ്ങളായ കാര്യങ്ങൾക്കുവേണ്ടി അതായതു് ഭൂമിയും സ്വർണ്ണവും സമ്പാദിക്കുന്നതിനോ മറ്റോ ആയി അതു വിനിയോഗിച്ചു. വാർഷികമിച്ചം ഇങ്ങനെ നിർജ്ജീവമാക്കപ്പെടുന്നതുമൂലം സാമ്പത്തികപുരോഗതി ക്ഷയിച്ചു സാമാന്യജനങ്ങൾ ദരിദ്രരായിത്തീർന്നു. ഭാരതത്തിന്റെ സാമ്പത്തികാധഃപതനത്തിന്റെ പ്രധാനഹേതു ഇതാണു്. മദ്ധ്യവർത്തികളുടെ അസാന്മാർഗ്ഗികമായ വിധത്തിലുള്ള പെരുമാറ്റങ്ങളും ഈ നിലയ്ക്കു് മൂർച്ഛകൂട്ടിയിട്ടുണ്ടു്. കർഷകരോടും വേലക്കാരോടും ഉണ്ടായിരുന്ന അവരുടെ പെരുമാറ്റം ന്യായബോധത്തോടുകൂടിയതായിരുന്നില്ല. അവരുമായുണ്ടായിട്ടുള്ള ഇടപാടുകൾ ഒട്ടും നീതിപൂർവകമായിരുന്നില്ല. ഇവയൊക്കെ പരിഹരിച്ചു കൂടുതൽ നീതിയും നെറിയുമുള്ള സാമ്പത്തികവ്യവസ്ഥിതി സൃഷ്ടിക്കാതെ പുരോഗതി സാദ്ധ്യമല്ല.

ഭാരതത്തിലെ ഇന്നത്തെ പരിതഃസ്ഥിതികളെപ്പറ്റി രജനീ പാംദത്തു് പറയുന്നതിപ്രകാരമാണു്: "വർഗ്ഗസമുദായം ഉണ്ടായതുമുതൽക്കുള്ള മനുഷ്യപരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും എല്ലാ പടനങ്ങളും ഏറ്റവും പ്രാചീനമായതുമുതൽ ഏറ്റവും നവീനമായതുവരെ ഇന്ത്യയിൽ നിലവിലുണ്ടു്......ബാങ്കുമുതലാളിത്തത്തിന്റെ ഏറ്റവും നവീനവും ശാഖോപശാഖാപരവുമായ ചൂഷണവും മേധാവിത്വവുമാണു് സമുദായത്തിന്റെ മുകൾത്തട്ടിലെങ്കിൽ അങ്ങേയറ്റം പിന്നണിയിലുള്ള നിലവാരവും ബഹുജനദാരിദ്ര്യവുമാണു് അടിത്തട്ടിൽ നടമാടുന്നതു്. ഈ രണ്ടു് അറ്റങ്ങൾതമ്മിൽ കാര്യവും കാരണവും എന്നോണം കെട്ടിപ്പിണഞ്ഞതാണു് കിടക്കുന്നതു്. ക്രമാരത്തിന്റെ മുകൾത്തട്ടിലുള്ള സാമ്രാജ്യത്വചൂഷകന്മാർക്കും അടിവാരത്തിലെ അഗതികളായ ഉല്പാദകബഹുജനങ്ങൾക്കുമിടയിലാകട്ടെ സ്ഥിരതയില്ലാത്ത ഇടത്തട്ടുകാരായ അസംഖ്യം ഇത്തിൾക്കണ്ണികൾ വേറെയുണ്ടു്. മുകളിലത്തേതിന്റെ കീഴിൽ പല ചൂഷണവ്യവസ്ഥകളുണ്ടു്. തകർന്നുപോകുന്ന പഴയ ശക്തികളും വളർന്നുവരുന്ന പുതിയ ശക്തികളുമുണ്ടു്. ഇവയിലൂടെയെല്ലാമാണു് ഉയർന്നുവരുന്ന ദേശീയബോധവും വിശന്നുപൊരിയുന്ന ഭാരതീയബഹുജനങ്ങളുടെ സാമ്പത്തികാവശ്യങ്ങളും കൊല്ലംതോറും വളർന്നുവരുന്നതു്."

സാമ്പത്തിക സമത്വംകൊണ്ടുദ്ദേശിക്കുന്നതു് ഭൗതികസമ്പാദ്യങ്ങളുടെയോ ധനത്തിന്റെ സമമായുള്ള വീതംവെയ്പല്ല. നേരെമറിച്ചു് എല്ലാവർക്കും ആരോഗ്യത്തോടെ ജീവിക്കാൻ ഉതകുന്ന ഒരുവീടും ആവശ്യമുള്ളത്രയും സമ്പൂർണ്ണമായ ആഹാരവും ആവശ്യമുള്ളത്രയും തുണിയും ഉണ്ടായിരിക്കത്തക്ക ഒരു പരിതഃസ്ഥിതി എല്ലാവർക്കും വേണ്ടി സംജാതമാക്കുക എന്നാണു്. നീതിരഹിതവും കഠിനവും ആയ സാമ്പത്തിക ഉച്ചനീചത്വങ്ങളെ ഇല്ലായ്മചെയ്യുക എന്നാണു്.

ഒരു ഭാരതീയന്റെ ശരാശരി ആണ്ടടക്കമുള്ള വരുമാനം ഏതാണ്ടു് അൻപതുരൂപയാണു്. അതേസമയം ഒരു ഇംഗ്ലീഷുകാരന്റെയും ഒരമേരിക്കന്റെയും വരവു് യഥാക്രമം ൧൯൦൦ രൂപയും ൩൦൦൦ രൂപയും ആണു്! ആ നാടുകളിലും സാമ്പത്തികമായ അസമത്വം അതിന്റെ മൂർദ്ധന്യത്തിൽ എത്തിയിട്ടുണ്ടു്. ഒരു കോടീശ്വരന്റെയും; ജീവിതം വലിച്ചിഴക്കാനായി കൂലിവേല ചെയ്യുന്ന ഒരു കൂലിവേലക്കാരന്റെയും സാമ്പത്തികനില തമ്മിൽ എത്ര ഭീമമായ വ്യത്യാസമാണു്! ഇവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങൾക്കു് ഒരു നേരത്തെ ആഹാരത്തിനുള്ള വക തന്നെയുണ്ടോ? പട്ടിണിയുമായുള്ള ഒരു നിരന്തരമല്ലുപിടുത്തമാണു് അവരുടെ അനുദിനജീവിതം. ഈ ചിത്രവും മണിമേടകളിൽ മദിച്ചുമേളിക്കുന്നവരുടെ ജീവിതവും തമ്മിലെന്തൊരന്തരം? ഇന്നത്തെ സാമ്പത്തിക സാമൂഹ്യവ്യവസ്ഥിതി തുടരുന്നതായാൽ ഈ ഭീമമായ അന്തരം അവസാനിക്കുമോ? ഇതു നിലനിന്നാൽ ശാന്തിയും സമാധാനവും സുഖവും ജനങ്ങൾക്കു കൈവരുക സാദ്ധ്യമാണോ? അതൃപ്തിയിൽനിന്നു ജന്മമെടുക്കുന്ന അരാജകത്വവും അക്രമവും കൂടെക്കൂടെ പൊട്ടിത്തെറിച്ചുകൊണ്ടിരിക്കാനേ മാർഗ്ഗമുള്ളു. അതിനാൽ ശാന്തമായ ഒരു പരിവർത്തനം ഉണ്ടാക്കിത്തീർക്കാൻ എല്ലാവരും ഒരുപോലെ ബാദ്ധ്യസ്ഥരാണു്. അതിനു് എല്ലാവർക്കും ഒരു ധർമ്മവുമുണ്ടു്. ഇവിടെ ഒരു പ്രധാനസംഗതി പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്. സാധാരണക്കാർക്കല്ല ഇന്നു് അതിപ്രധാനമായ ഒരു മനഃപരിവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നതു്. മുതലാളികൾക്കും ജന്മികൾക്കുമാണതു് ഉണ്ടാകേണ്ടതു്. നിഷ്ഠുരമായ ഇന്നത്തെ സാമ്പത്തികനീതികളെ അവർ മുറുകെപ്പിടിക്കുന്നതായാൽ ശാന്തമായ ഒരു പരിവർത്തനത്തിനുള്ള സാധ്യതകൾ ഇല്ലാതാക്കുകയാണു ചെയ്യുന്നതു്. അതു് ആരും അഭിലഷിക്കാത്ത—ബഹുജനങ്ങൾ വീറോടെ വെറുക്കുന്ന—രക്തപങ്കിലമായ ഒരു വിപ്ലവം അനിവാര്യമാക്കിത്തീർക്കുകയും ചെയ്യും. ഈ യാഥാർത്ഥ്യത്തെ നാം ധീരമായി സമീപിക്കാതെ തരമില്ല. സാമൂഹ്യ-സാമ്പത്തികനീതിയുണ്ടാകുവാൻ ഒരു പരിവർത്തനം പരമാർത്ഥമായി സംഭവിച്ചേമതിയാകൂ. അതു് ഒരു രീതിയിലല്ലെങ്കിൽ മറ്റൊരുരീതിയിൽ വരുകയുംചെയ്യും. വിപ്ലവംവന്നു മൂടിളക്കുന്നതുവരെ മൂശേട്ടപിടിച്ചിരിക്കുന്നതു മൂഢതയായിരിക്കും. കുന്നുകൂടിക്കിടക്കുന്ന സമ്പത്തിന്റെ [illegible] ഏറ്റവും ഹീനമായ ഹിംസയാണു്. ഈശ്വരനും സദാചാരബോധവും നീതിയും അതു നിഷേധിക്കുകതന്നെചെയ്യും. ഈശ്വരൻ ദരിദ്രലക്ഷങ്ങളുടെ ആശാകേന്ദ്രമാണു്. അദ്ദേഹത്തിന്റെ പക്ഷത്താണു് അവർ അണിനിരന്നിരിക്കുന്നതും.

നാട്ടിൻപുറവും പട്ടണങ്ങളും തമ്മിലുള്ള അസമത്വം ഈ നാട്ടിൽ വളരെപ്രാധാന്യമുള്ള പ്രശ്നമാണു്. കർഷകന്റെ ദയനീയമായ വിക്രയശക്തിരാഹിത്യത്തെപ്പറ്റിയുള്ള സകല ആവലാതികളും ഈ അസമത്വത്തിന്റെ നിസ്സംശയമായ തെളിവുകളത്രേ! ഭാവിയിൽ ഈ അസമത്വപരിഹാരാർത്ഥം ഏതുവിധത്തിലുള്ള സാമുദായികവ്യവസ്ഥിതിയാണു് നാം രൂപീകരിക്കേണ്ടതു്? രണ്ടു ചൂണ്ടുപലകകൾ നമ്മുടെ മുമ്പിലുണ്ടു്. ഒന്നു രാഷ്ട്രത്തെ സർവ്വപ്രധാനമാക്കി സകല പദ്ധതികളും നടപ്പാക്കുകയും ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നമാർഗ്ഗം. റഷ്യയിൽ വളർന്നുവന്നിട്ടുള്ള കമ്യൂണിസവും ജർമ്മനിയുടെ അധോഗതിക്കിടയാക്കിയ നാഷണൽ സോഷ്യലിസവും (Nazi) ഇറ്റലിയെ നാശത്തിലാക്കിയ ഫാസിസവുമെല്ലാം ഇതിനെ അനുകൂലിക്കുന്നു. അവയിൽ ഓരോന്നിലും സർവ്വശക്തിസമ്പൂർണ്ണമായ സ്റ്റേറ്റ് അതിന്റെ കേന്ദ്രീകൃതരാഷ്ട്രതന്ത്രവും കേന്ദ്രീകൃതവ്യവസായപദ്ധതികളും മററുംകൊണ്ടു ശക്തിമത്തായിത്തീർന്നിരിക്കുന്നതാണു് നാം കാണുന്നതു്. മറ്റെ സിദ്ധാന്തമാണു് മഹാത്മജിയുടെ വികേന്ദ്രീകരണപദ്ധതി. അധികാരം ഇന്ത്യയിലെ ഏഴുലക്ഷം ഗ്രാമങ്ങളിലായി വിതരണം ചെയ്യണമെന്നാണു് ഇതിന്റെ ആശയം. കേന്ദ്രീകൃതസമ്പ്രദായം സമ്പത്തിനെയും അധികാരത്തെയും കേന്ദ്രീകരിക്കുന്നതിനു പ്രേരിപ്പിക്കുന്നു. ഭാരതത്തെപ്പോലെ ദാരിദ്ര്യംപിടിച്ച ഒരു രാജ്യത്തിനു് സാമ്പത്തികവും രാഷ്ട്രീയവുമായ കേന്ദ്രീകരണമല്ല സമ്പത്തിന്റെ നീതിപൂർണ്ണമായ വിതരണമാണു് ആവശ്യം. ഉല്പാദനത്തിൽ വിഭിന്നഘടകത്വസമ്പ്രദായപ്രവർത്തനം ജനായത്തഭരണത്തിനുള്ള പരിശീലനം നൽകുകയും ചെയ്യും.

സാമ്പത്തികസമീകരണവും സാമൂഹ്യപരിവർത്തനവും വരുത്തുവാൻ ഇന്നു് നമ്മുടെമുമ്പിൽ രണ്ടു മാർഗ്ഗങ്ങൾ തുറന്നുകിടപ്പുണ്ടു്. ഒന്നു്



പോർട്ടുഗലിലെ അംബാസ്സഡറായ മി. പി. എ. മേനോൻ കുടുംബസമേതം ലിസ്ബണിൽ കപ്പലിൽനിന്നു് ഇറങ്ങുന്നു. മി. മേനോന്റെ പുത്രിയുടെ പിന്നിലായി കാണുന്നതു് പോർട്ടുഗൽ വിദേശകാര്യവകുപ്പിലെ ഒരുദ്യോഗസ്ഥനായ ഡാ: നൈവ്സ് ആണു്.

# ഭാരതത്തിലെ സാമാന്യജനതയ്ക്കു് വൈദ്യസഹായപദ്ധതി

(നാഗവള്ളിൽ ആർ. ജി. കുറുപ്പ് ബി. എസ്സ്.സി. ബി എൽ. ആലപ്പുഴ)

സാധാരണക്കാരന്റെ ജീവിതത്തോത് ഉയർത്തുവാനും അവനുള്ള ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുമായിട്ടാണ് ഇന്നത്തെ ജനകീയ ഗവണ്മെന്റുകളും, ഇതരരാഷ്ട്രീയകക്ഷികളും നിലകൊള്ളുന്നതെന്നു് പ്രഖ്യാപിക്കുന്നു. ഇങ്ങനെ നിലകൊള്ളുന്ന ഇവർ സാധാരണക്കാരനെ നിത്യരോഗത്തിന്റെ വേദനകളിൽനിന്നും വിമോചിപ്പിക്കുവാൻ കാര്യമായി യാതൊന്നും വിപുലമായതോതിൽ ചെയ്തിട്ടില്ല എന്നുവേണം പറയുവാൻ. നഗരങ്ങളിൽ വൈദ്യസഹായം ലഭിക്കുവാൻ പല മാർഗ്ഗങ്ങളുണ്ടു്. സർക്കാർ ആശുപത്രികൾ, പ്രൈവറ്റുഡാക്ടറന്മാർ, അനേകം ആയുർവേദവൈദ്യശാലകൾ ഇവകൾ എല്ലാംതന്നെ പട്ടണത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആയതിനാൽ ഒരു നഗരവാസിക്കു് ധനം കൈവശമുണ്ടെങ്കിൽ വൈദ്യസഹായംനിഷ്പ്രയാസമാണു്. എന്നാൽ ഗ്രാമവാസികളെ സംബന്ധിച്ചു ഇന്നവർക്കു ലഭിക്കുന്ന വൈദ്യസഹായം തീരെ പര്യാപ്തമല്ല. ഭൂമിയോടുമല്ലിട്ടു നമുക്കുവേണ്ടി ഭക്ഷണധാന്യങ്ങൾ ഉല്പാദിപ്പിക്കുന്ന കർഷകൻ ഇന്നും വേണ്ടത്ര ജ്ഞാനമില്ലാത്ത നാട്ടുവൈദ്യന്മാരേയും മററും ആശ്രയിക്കേണ്ടിവരുന്നതു് ശോചനീയമാകുന്നു.

തൊഴിലാളികൾക്കു പൊതുവെ ലഭിച്ചുവരുന്ന വൈദ്യസഹായം തീരെ തുച്ഛമാണു്. എല്ലാം വ്യവസായികളും റെയിൽവേതൊഴിലാളികൾക്കു (Tatanagar) ടാററാനഗരിയിലെ തൊഴിലാളികൾക്കും നൽകിവരുന്ന തോതിൽ, വൈദ്യസഹായം നൽകേണ്ടതു് തങ്ങളുടെ കടമയായിക്കരുതി, അതിനുതകുന്ന പ്രായോഗികപദ്ധതികൾ നടപ്പിൽ വരുത്തേണ്ടതാകുന്നു. ഇപ്രകാരം തൊഴിലാളികൾക്കു് വൈദ്യസഹായം നൽകുന്നതുനിമിത്തം ഇന്നു ശിഥിലമായിത്തീർന്ന മുതലാളി-തൊഴിലാളിബന്ധം ദൃഢമാകുവാൻ പര്യാപ്തമായി പരിണമിച്ചേക്കാം. ഇങ്ങനെ തൊഴിലാളികൾക്കു് സൗജന്യവൈദ്യസഹായം നൽകുന്നതിനു കേന്ദ്രഗവണ്മെന്റും, പ്രാദേശികഗവണ്മെന്റും, വ്യവസായികളും സഹകരിച്ചു പ്രവർത്തിക്കേണ്ട ഒരു പദ്ധതി ആവിഷ്കരി[ച്ചു] ചെയ്തുകഴിഞ്ഞിട്ടുണ്ടു്. അതു കഴിയുന്നതും വേ[ഗ]ത്തിൽ എല്ലാവിധതൊഴിലാളികൾക്കും സഹായകരമായി വികസിപ്പിക്കേണ്ടതാകുന്നു. മുൻപു പ്രസ്താവിച്ചതുപോലെ ഗ്രാമീണർക്കു വൈദ്യസഹായം ലഭിക്കത്തക്കവിധത്തിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു പ്രാരംഭമായി ഹർ ഭോറിന്റെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ദ്ധക്കമ്മിററി രൂപീകരിച്ചു. പ്രസ്തുത കമ്മിററിയുടെ നിർദ്ദേശങ്ങൾ സ്വീകാര്യങ്ങളാണു്. ദാരിദ്ര്യംമൂലം വൈദ്യസഹായം ലഭിക്കാത്ത ഒരു വ്യക്തിയും കാണപ്പെടരുതെന്നു കമ്മിററി അഭിപ്രായപ്പെടുന്നു. ആയിരംമുതൽ രണ്ടായിരം കണക്കിനു ജനങ്ങളുടെ ആവശ്യത്തിനായി ഒരു ഹെൽത്തുയൂണിററു് (Primary Health Unit) രൂപീകരിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഇരുപത്തിയഞ്ചു പ്രാഥമികയൂണിററുകൾക്കു് ഒരു സെക്കണ്ടറിയൂണിററും മൂന്നുനാലു സെക്കണ്ടറിയൂണിററുകൾക്കു ഒരു ഡിസ്ട്രിക്ടു് ഹെൽത്തുയൂണിററുമുണ്ടായിരിക്കും. (District Health Unit) ഒരു District Health Unit-നു ഒരു ഒന്നാംതരം ജനാൽആശുപത്രിയും കണ്ണു്, കാതു് ഇറിയ്ക്കു പ്രത്യേക ആശുപത്രികളും ഉണ്ടായിരിക്കുന്നതാണു്. സെക്കണ്ടറിയൂണിററുകൾക്കു 60 പേരെ കിടത്തി ചികിത്സിപ്പിക്കുവാൻ സൌകര്യമുള്ള ആശുപത്രിയും പ്രാഥമികയൂണിററുകൾക്കു് 6 രോഗികളെ കിടത്തി ചികിത്സിപ്പിക്കുവാൻ നല്ല സൗകര്യത്തോടുകൂടിയ ആശുപത്രികളും ഉണ്ടായിരിക്കും.

ഇപ്രകാരമുള്ള വൈദ്യസഹായപദ്ധതി അഞ്ചു സംവത്സരംകൊണ്ടു് പൂർത്തിയാക്കണമെന്നും ഭോർകമ്മിററി നിർദ്ദേശിക്കുന്നു. ഇതു് ഒരു പ്രായോഗികപദ്ധതിയാണെന്നു് പല വിദഗ്ദ്ധഡാക്ടറന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇപ്രകാരം ഒരു പദ്ധതിമൂലംമാത്രമേ ഗ്രാമത്തിലേയ്ക്കു ശരിയായ വൈദ്യസഹായം പ്രവേശിക്കയുള്ളൂ.

ഇപ്രകാരമുള്ള വിപുലമായ ആരോഗ്യപദ്ധതികൾ (Health Planning) നടപ്പിലാക്കുവാൻ വളരെയധികം ധനം ആവശ്യമായിരിക്കുന്നു. നമ്മുടെ ദേശീയസർക്കാരിന്റെ സാമ്പത്തികപദ്ധതികളുടെ വിജയത്തെ ആശ്രയിച്ചാണു് ഈ ആരോഗ്യപദ്ധതികൾ ആശ്രയിച്ചിരിക്കുന്നതു്.

ആയതിനാൽ സാമ്പത്തികപദ്ധതികളെല്ലാം സമ്പൂർണ്ണവിജയത്തിൽ എത്തിക്കുന്നതോടൊപ്പം ഈ ആരോഗ്യപദ്ധതികളും നടപ്പിലാക്കുമെന്നും, അങ്ങനെ രോഗംമൂലം നിത്യനരകമനുഭവിക്കുന്ന നമ്മുടെ ജനതയുടെ കായിക ക്ലേശങ്ങൾക്കു് ഒരു അവസാനം ശരീരതമായി വരുമെന്നും നമുക്കു് പ്രതീക്ഷിക്കാം.

—*—

വിശ്വാസത്തിലും ശാസ്ത്രനീതികളിലും അടിയുറച്ച സമത്വസുന്ദരമായ ഒരു സാമൂഹ്യസാമ്പത്തികവ്യവസ്ഥിതിക്കുവേണ്ടി ആത്മബോധത്തിന്റെയും സദാചാരപരമായ നീതിനിയമങ്ങളുടെയും പശ്ചാത്തലത്തിൽ മാനസികപരിവർത്തനംവരുത്തി ലക്ഷ്യത്തിലെത്താനുള്ള പ്രജായത്തപരമായ അക്രമരഹിതമാർഗ്ഗം; മറെറാന്നു് മാർഗ്ഗത്തെക്കുറിച്ചുള്ള വിവേചനത്തിനു സ്ഥാനം നൽകാതെ ലക്ഷ്യത്തെമാത്രം ഉന്നമാക്കിക്കൊണ്ടുള്ള അക്രമമാർഗ്ഗം. പൗരാവകാശങ്ങളും മററു് മൗലികസ്വാതന്ത്ര്യങ്ങളും നിലവിലിരിക്കുന്ന ഒരുരാജ്യത്തു് പ്രജായത്തമാർഗ്ഗങ്ങളിൽക്കൂടി സാമ്പത്തികസമത്വവും മററു നീതികളും കൈവരുത്താമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ഭാരതത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും അതാണു് ആഗ്രഹിക്കുന്നതു്. അവർ ഇന്നു അതു സ്വീകരിച്ചിരിക്കുകയുമാണു്. ഇവിടത്തെ ജന്മിമുതലാളിമാരുടെ വിധിയാണു് ഇനി ഉണ്ടാകുവാനുള്ളതു്. അതാണുതാനും നിർണ്ണായകമായിട്ടുള്ളതും. അവരുടെ ചിന്താഗതിയും പ്രവൃത്തികളുമായിരിക്കും അവസാനമായി ഈ രണ്ടു മാർഗ്ഗങ്ങളിൽ ഏതാണു് വിജയിക്കാൻ പോകുന്നതെന്നു തീരുമാനിക്കുന്നതു്. എല്ലാം മനുഷ്യരും നിയമത്തിന്റെ മുമ്പിൽ ഇന്നു സമന്മാരാണു്. എല്ലാവരും ദൈവത്തിന്റെ മുമ്പിലും സമന്മാരാണെന്നു് എല്ലാമതങ്ങളും ഉൽഘോഷിക്കുന്നു. എന്നാൽ മനുഷ്യൻ മനുഷ്യന്റെ മുമ്പിൽ സമനാണോ? എന്തുകൊണ്ടു് ഈ സമത്വം ഇവിടെയില്ല? അതിന്റെ കാരണം സാമ്പത്തികമായുള്ള ഉച്ചനീചത്വങ്ങൾതന്നെ. എല്ലാവരും സമത്വത്തോടുകൂടി ജീവിക്കണമെന്നാണു് സർവ്വമതങ്ങളും വിധിക്കുന്നതെങ്കിൽ മതത്തേയും ദൈവത്തേയും മാനിക്കുന്നവരെന്നഭിമാനിക്കുന്നവർ സാമ്പത്തികമണ്ഡലത്തിലും ഇതു് അനുസരിക്കുന്നില്ല? കാരണം ഇന്നത്തെ വ്യവസ്ഥിതിയിൽ മതത്തിനേയോ ദൈവത്തിനേയോകാൾ അധികം പ്രാധാന്യം സമ്പത്തിനുണ്ടെന്നുള്ളതുതന്നെ. ജീവിതത്തിന്റെ സാക്ഷാത്കരണത്തിനു ഉപയോഗപ്പെടേണ്ട ഭൗതികമായ ഒരു ഉപാധിയായിമാത്രം സമ്പത്തിനെ പ്രതിഷ്ഠിക്കുക എന്നതാണു് നമ്മുടെ കർത്തവ്യം. അതു് ഭാരമേറിയ ഒരു ചുമതലയുമാണു്.

വിശാലമായ സാമ്പത്തികസാമൂഹ്യപരിവർത്തനത്തിന്റെ ദേശാസന്ധിയിലേക്കാണു് ഭാരതം ഇന്നു കാൽവെച്ചിരിക്കുന്നതു്. വിദേശമേധാവിത്വത്തിൽനിന്നുള്ള മോചനം അതിനുള്ള ആദ്യത്തെ പടിമാത്രമായിരുന്നു. സാമ്പത്തികമായി നാം സ്ഥാപിക്കാൻപോകുന്ന വമ്പിച്ച പുനഃസംഘടനയെ ആസ്പദമാക്കിയാണു ഭാരതത്തിന്റെ ഭാവി നിർണ്ണയിക്കുവാൻ പോകുന്നതു്. അതിനാൽ നമ്മുടെ ഓരോ പാദവും കരുതലോടുകൂടിവേണം മുമ്പോട്ടുവയ്ക്കുവാൻ. രജനിപാമ്ദത്തിന്റെ ഭാഷയിൽ പറഞ്ഞാൽ പണ്ടു ലോകചരിത്രത്തിൽ മഹത്തായ ഒരു പങ്കുവഹിച്ചിട്ടുള്ളവരാണു് ഭാരതീയർ. അതു അക്രമികളെന്നനിലയിലല്ല. സംസ്കാരത്തിന്റെയും ചിന്തയുടെയും രംഗത്തിൽ ആണെന്നുമാത്രം. ഭാരതത്തിന്റെ ദേശീയവും സാമൂഹ്യവുമായ മോചനത്തിന്റെ ഫലമായി നവീനവും മഹനീയവും ആയ അമൂല്യസമ്പത്തുകൾ ഇനിയും മനുഷ്യരാശിക്കു കിട്ടാനിരിപ്പുണ്ടു്.

—:*:—

# സ്വാമി വിവേകാനന്ദൻ



സ്വാമി വിവേകാനന്ദൻ

ഇക്കഴിഞ്ഞ ജനവരി ൧൨-ാംനു ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്വാമി വിവേകാനന്ദന്റെ ൮൯-ാമതു ജയന്തി ആഘോഷിക്കുകയുണ്ടായി. താൻ ഹ്രസ്വമായ ലൗകികജീവിതത്തിനിടയിൽ നിസ്തുല്യനായ സ്വഗുരുദേവന്റെ സന്ദേശം വഹിച്ചുകൊണ്ടു കത്തിച്ചു പൊങ്ങിയ ആ പ്രഭാപൂരം അന്ധതയിലും ആലസ്യത്തിലുംആണ്ടു മയങ്ങിക്കിടന്നിരുന്ന ഭാരതത്തെ കുലുക്കിഉണർത്തുകയും ഒരു നവ്യപാന്ഥാവു കാട്ടിക്കൊടുക്കുകയുംചെയ്തു. ഇരുട്ടിൽ തപ്പിത്തടഞ്ഞുകൊണ്ടിരുന്ന ഭൗതികപ്രധാനമായ ആധുനികലോകത്തിനും ഒരു പുതിയ വെളിച്ചം അവിടുന്നു കാണിച്ചുകൊടുത്തു. ഭാരതത്തിന്റെ രാഷ്ട്രീയവും ആത്മീയവുമായ നവോത്ഥാനത്തിന്റെ പ്രവാചകൻ സ്വാമി വിവേകാനന്ദനാണെന്നുപറയുന്നതിൽ തെററില്ല. മഹാത്മജിതന്നെ അവിടത്തെ ഒരു രാഷ്ട്രീയസന്യാസി എന്നാണു വിളിച്ചിട്ടുള്ളതു്. അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടെയും ശക്തിയില്ലായ്മയുടേയും നാടായി ഇന്ത്യയെക്കരുതിയിരുന്ന പുതിയ ലോകത്തിനു്, ഇന്ത്യയുടെ ശക്തിയും, മാഹാത്മ്യവും, കഴിവുകളും മനസ്സിലാക്കിക്കൊടുത്തതും മററാരുമല്ല. അവിടുന്നു് അമേരിക്കയിലും യൂറോപ്യൻരാജ്യങ്ങളിലും നടത്തിയ പ്രസംഗങ്ങളും പര്യടനങ്ങളും പാശ്ചാത്യലോകത്തിനു് ഇന്ത്യയെപ്പററിയും ഇന്ത്യയുടെ സംസ്കാരത്തെപ്പററിയും മതിപ്പും ബഹുമാനവും ഉളവാക്കുവാൻ പ്രയോജകീഭവിച്ചു. ഇന്നു് യഥാർത്ഥഭാരതീയസംസ്കാരം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന രാമകൃഷ്ണാശ്രമങ്ങൾ ലോകത്തിന്റെ എല്ലാഭാഗങ്ങളിലും ഇന്ത്യയുടെ തനിപ്രതിപുരുഷാലയങ്ങൾകണക്കെ എത്രയോ അധികമുണ്ടു്. ഇവയെല്ലാം കാരണഭൂതൻ സ്വാമി വിവേകാനന്ദനാണു്. ഇന്ത്യ റിപ്പബ്ളിക്കായിത്തീരുന്ന ഈ ഘട്ടത്തിൽ ഇന്ത്യാക്കാരെല്ലാം സ്വാമികളുടെ സന്ദേശങ്ങൾ അനുസ്മരിക്കുകയും അവ പ്രയോഗത്തിൽവരുത്താൻ ശ്രമിക്കുകയുംചെയ്യേണ്ടതു് ആവശ്യമാണു്. ഒരു ഹിന്ദുവിന്റെ മനസ്സും മുസൽമാന്റെ ശരീരവും ഇന്ത്യാക്കാർക്കുണ്ടായിരിക്കണമെന്നും വലതുകയ്യിൽ ഫുട്ബാളും ഇടതുകയ്യിൽ ഗീതയുമായി ഇന്ത്യാക്കാരെ കാണണമെന്നും അഭിലഷിച്ച സ്വാമിജി ഇന്ത്യാക്കാരുടെ ഭൗതികവും ആത്മീയവുമായ ഉന്നതിയെമാത്രമല്ല, വിഭാഗങ്ങൾതമ്മിലുള്ള ഐക്യത്തേയും ആഗ്രഹിച്ചിരുന്നു. ഇവ ഇന്നത്തെ ഇന്ത്യയിൽ എത്രയോകൂടുതലായി വേണ്ടിയിരിക്കുന്നുവെന്നു് എടുത്തുപറയേണ്ടതായിട്ടില്ല. ഓരോ ഭാരതീയനും സ്വാമി വിവേകാനന്ദന്റെ ഉപദേശങ്ങളെ പഠിച്ചുമനസ്സിലാക്കുവാനും തദനുസരണം ജീവിക്കുവാനും തയാറാകുമെങ്കിൽ ഇന്ത്യയുടെ അഭ്യുത്ഥാനം എത്രയോ ദ്രുതതരമായിരിക്കും.

—o—


## ഹിന്ദീ സ്വയം ശിക്ഷക്

വളരെ ചുരുങ്ങിയ സമയംകൊണ്ടു് ഹിന്ദിഭാഷാഭ്യസനം ലഭിക്കുവാൻ തക്കവിധത്തിൽ പദം, പദപ്രയോഗം, ഉച്ചാരണം, വ്യാകരണനിയമങ്ങൾ, വാചകങ്ങൾ മുതലായവയും ലളിതമലയാളത്തിൽ അർത്ഥവും അടങ്ങിയതാണു് ഈ ഹിന്ദീസ്വയംശിക്ഷക്. പഠനത്തിനു അന്യസഹായമേ ആവശ്യമില്ല.

വില രൂ: 1. ണ 8.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ബ്രാഞ്ചുകൾ:—തിരുവനന്തപുരം, ആലപ്പുഴ

# *നമ്മുടെ പുരാതനസാഹിത്യവും ആധുനികസാഹിത്യകാരന്മാരും

ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ

നമ്മുടെ പുരാതനസാഹിത്യത്തേയും ആധുനികസാഹിത്യകാരന്മാരേയുംപററിയുള്ള വിചിന്തനമാരംഭിക്കുമ്പോൾ ഇന്നത്തെ പുരോഗമനക്കാരുടെ പദ്ധതികളാണു് ആദ്യം ഓർമ്മവരുന്നതു്. പുരോഗമനമെന്ന പ്രയോഗംതന്നെ അവരുടെ പദ്ധതികളുമായി ഒത്തുനോക്കുമ്പോൾ അനനുയോജ്യമെന്നുകാണാം. അടുത്തകാലത്തു് എന്റെ അദ്ധ്യക്ഷതയിൽ മദിരാശിയിൽവെച്ചു കൂടിയ ഒരു സമ്മേളനത്തിൽ പുരോഗമനപ്രസ്ഥാനക്കാരനായ ഒരാൾ പ്രസംഗിക്കുകയുണ്ടായി. പ്രാസംഗികൻ പുരോഗമനക്കാരുടെ ആദർശങ്ങൾ എന്നമട്ടിൽ ചെയ്ത പ്രസ്താവനകൾക്കു ഞാൻ പറഞ്ഞ മറുപടി നിങ്ങളിൽ ചിലരെങ്കിലും പത്രങ്ങൾമൂലം ഗ്രഹിച്ചിരിക്കാനിടയുണ്ടു്. ഇക്കൂട്ടർ നമ്മുടെ നിലവിലിരിക്കുന്ന സാഹിത്യസിദ്ധാന്തങ്ങൾക്കുതന്നെ തകിടംമറിച്ചിൽ ഉണ്ടാക്കുകയാണു്. എത്ര നല്ലതായിരുന്നാലും ശരി പഴയതിനോടെല്ലാം അവജ്ഞയുണ്ടാക്കുകയാണിക്കൂട്ടരുടെ പ്രചരണപരിപാടി. പുതിയതു് ഏതായിരുന്നാലും അതൊക്കെ സ്വീകാരയോഗ്യമാണെന്നാണു് ഇവരുടെ ഭാവം; അവയിൽ പ്രതിപത്തിയുളവാക്കുവാൻ പല മാർഗ്ഗങ്ങളിലൂടെയും പാടുപെടുകയാണു്. തുഞ്ചത്താചാര്യന്റെ അടിയുറച്ച ഉന്നതപീഠത്തെ ഇളക്കിമറിയ്ക്കാൻ വളരെ സാഹസപ്പെടുന്നു. അതു് ആരാലും സാദ്ധ്യമാണെന്നുതോന്നുന്നില്ല. സാക്ഷാൽ പരബ്രഹ്മതുല്യംതന്നെയാണതു്. തങ്ങളുടെ പ്രസ്ഥാനത്തിന്റെ ആദർശപ്രകടനമെന്നമട്ടിൽ പുത്തുവിടാറുള്ള പ്രസ്താവനകളിൽനിന്നു് ഏതെങ്കിലുമൊന്നുരണ്ടെണ്ണംമാത്രം എടുത്തുനോക്കിയാൽമതി അവരുടെ ഉള്ളുകള്ളികൾ അറിയാൻ. അവർ സാധാരണപറയാറുള്ള കാറൽ മാർക്സിന്റെ സിദ്ധാന്തങ്ങളിൽ ചിലതു നമുക്കും കൈക്കൊള്ളാവുന്നതത്രേ. എന്നാൽ എല്ലാം അപ്പടി സ്വീകരിക്കാൻ തയാറില്ല. സ്ഥിതിസമത്വവാദമെന്നുംമററുംപറയുന്ന മാർക്സിയൻസിദ്ധാന്തങ്ങൾമുഴുവൻ നാം പകർത്തണമെന്നോ സ്വീകരിക്കണമെന്നോ പറയുന്നതുശരിയല്ല. മുതലാളിക്കും തൊഴിലാളിക്കുംതമ്മിൽ ഭേദമില്ലാത്ത സുഖസൗകര്യങ്ങൾ ഉണ്ടാക്കുകയെന്നതു് അവരുടെ ലക്ഷ്യങ്ങളിലൊന്നാണു്. ഈ ആന്തരതത്വത്തെ സംബന്ധിച്ചിടത്തോളം തർക്കത്തിനവകാശമില്ല. പക്ഷേ ഐക്യങ്ങളിൽ വിഭിന്നതയില്ലാതാക്കുകയെന്നതു് പ്രായോഗികമാണെന്നുപറയുന്നതെങ്ങനെ? ഇക്കൂട്ടർക്കു റഷ്യയാണു് എല്ലാത്തിനും മാതൃക!. ഒരു കുടുംബത്തിനു മറെറാരുകുടുംബത്തെപ്പോലെ തുല്യസൗകര്യങ്ങളോടുകൂടി കഴിഞ്ഞുകൂടാൻ അവിടെ സാധിക്കും. അസമത്വവും കുബേരകുചേലഭേദവും അവിടെ ഇല്ലതന്നെ—എന്നിങ്ങനെ പറഞ്ഞുപരത്തുന്നു. ശരി, ഇവരുടെ മാതൃകയായ റഷ്യയുടെ യഥാർത്ഥനിലയെന്തു്? നമ്മുടെ പുരോഗമനവാദികൾ റഷ്യയിൽച്ചെന്നുകണ്ടിട്ടാണോ ഈ പ്രസംഗങ്ങൾ നടത്തുന്നതു്. റഷ്യയിൽ പോയിട്ടില്ലെങ്കിലും അതിനടുത്തുവരെയെങ്കിലും ഞാൻ പോയിട്ടുണ്ടു്. റഷ്യക്കാർ മുൻപറഞ്ഞതൊക്കെ ഉപേക്ഷിച്ചിട്ടു നാൾ കുറേക്കഴിഞ്ഞു. മററുള്ളദിക്കിൽ ഇവ പ്രയോഗിക്കുന്നതിൽ അവർ താല്പര്യംപ്രദർശിപ്പിച്ചുഎന്നുവന്നേയ്ക്കാം. സ്റ്റാലിൻ ഈ തത്വങ്ങളുടെ അനുകൂലിയല്ല. ഒരാളിന്റെ ആവശ്യത്തിനുവേണ്ടതുമാത്രം അവർ നൽകും. ഒരുത്തനുംതന്നെ അവന്റെ ഇഷ്ടംപോലെ കാലയാപനംചെയ്യുക അവിടെ സാദ്ധ്യമല്ല. അതൊക്കെ അധികൃതർ നിശ്ചയിച്ചുകൊള്ളും. മിക്കകാര്യത്തിലും സ്വാതന്ത്ര്യമൊന്നും ഇല്ലെന്നുതന്നെപറയാം. സ്റ്റാലിനെപ്പററി എന്തെങ്കിലും എതിരുപറഞ്ഞാൽ പിന്നെ ആ ആളിനെ കാണുന്നതല്ല. നമ്മുടെ ചില സോദരന്മാർ മാതൃകയായി കൈക്കൊണ്ട രാജ്യത്തിന്റെ സ്ഥിതിയാണിതു്. പുസ്തകങ്ങൾമൂലം അറിഞ്ഞിട്ടുള്ളതല്ലാതെ നേരിട്ടൊന്നുംമനസ്സിലാക്കിയിട്ടല്ല ഇവർ വാദകോലാഹലംമുഴക്കുന്നതു്. റഷ്യയെപ്പററിയും മാർക്സിന്റെ സിദ്ധാന്തങ്ങളെപ്പററിയും പത്രങ്ങളിൽ കാണാറുള്ളതിൽ തൊണ്ണൂറുശതമാനവും പ്രചരണവേലയ്ക്കുവേണ്ടി തട്ടിമൂളിയ്ക്കാറുള്ളതാണു്. ഏതായാലും അവരുടെ തത്വസംഹിതയെപ്പററി പരിശോധനനടത്താൻ ഈ ഘട്ടത്തിൽ സൗകര്യംപോരാ. ലോകത്തു് സാമ്പത്തികനിലയിലോ മനുഷ്യന്റെ മേധാശക്തിയിലോ സമത്വം കാണുന്നില്ല. ഉച്ചനീചത്വം സാർവ്വത്രികമായി കാണുന്നു. ഭരണകാര്യങ്ങളിൽ എന്തെല്ലാംമാററം വന്നാലും ഒടുക്കം അധികാരമെല്ലാം ഒരു വ്യക്തിയിൽ കേന്ദ്രീകൃതമാകുന്നതായിട്ടാണു് അനുഭവം. ജനായത്തസിദ്ധാന്തങ്ങളെസംബന്ധിച്ചിടത്തോളം മുന്നണിയിൽനില്ക്കുന്ന പല ദേശങ്ങളിലും യഥാർത്ഥത്തിൽ ഭരണംനടത്തുന്നതു് ഒരാൾതന്നെ. യുണൈറ്റഡ്സ്റ്റേറ്റ്സിൽ അധികാരംമുഴുവൻ പ്രസിഡണ്ടിനാണുള്ളതു്. അവിടെ നിലവിലിരിക്കുന്ന ജനനായകസിദ്ധാന്തങ്ങൾക്കും പ്രസിഡണ്ടിന്റെ ചെയ്തികൾക്കും അഞ്ചുകൊല്ലക്കാലം പൊരുത്തമൊന്നും കാണാറില്ല. പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതു് ജനങ്ങൾതന്നെയാണു്. പക്ഷേ തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ ആ ജനകീയസ്വാതന്ത്ര്യവാദി സ്വാഹിതത്തെത്തന്നെ അനുവർത്തിക്കാൻ നിർബ്ബന്ധിതനായിത്തീരുന്നു. ലോകമൊട്ടാകെ കീഴ്മേൽ മറിഞ്ഞിരിക്കുന്ന സന്ദർഭമാണിതു്. ജനാധിപത്യം, സ്ത്രീപുരുഷസമത്വം, തൊഴിലാളി-മുതലാളിപ്രശ്നം മുതലായവയ്ക്കു പ്രാധാന്യമില്ലാത്തതു സാഹിത്യമല്ലെന്നാണു് പുരോഗമനക്കാരുടെ വാദം. നമ്മുടെസാഹിത്യത്തെ രാജാക്കന്മാരുടെ അഥവാ പ്രഭുക്കന്മാരുടെ സാഹിത്യം എന്നിങ്ങനെ പുച്ഛിച്ചു തള്ളുന്നു. രാജാക്കന്മാരേയും പ്രഭുക്കന്മാരേയും പുറംതള്ളിയിട്ടുണ്ടാക്കുന്ന സാഹിത്യവും ആ നിലയിൽ അപൂർണ്ണമായിരിക്കാനല്ലേ തരമുള്ളു? അപ്പോൾ അവരുടെ തത്വമൂശയിൽ വാർത്തെടുക്കുന്ന സാഹിത്യവും പൂർണ്ണതയില്ലാത്തതാണെന്നു വന്നുകൂടുന്നു. രാജാവുപോയാലും ആ സ്ഥാനത്തു് മറെറാരു പേരിൽ മറെറാരാൾ കാണാതിരിക്കയില്ല. സാമ്പത്തികസമത്വം കടലാസ്സിൽമാത്രമേ കാണാൻകഴിയൂ. തൊഴിലാളി-മുതലാളി പ്രശ്നം മാത്രമെടുത്തു സാഹിത്യപോഷണത്തിനു ഒരുങ്ങുന്നതായാൽ സമുദായത്തിനു അപരിത്യാജ്യങ്ങളായ പല ജീവൽപ്രശ്നങ്ങളും വിസ്മൃതമായിപ്പോകും. അവതമ്മിൽ വമ്പിച്ച മത്സരത്തിനു അതു വകയുളവാക്കും. ഇങ്ങനെ നാനാഭാഗങ്ങളിലുംകൂടി അനാരോഗ്യകരമായ മത്സരം വർദ്ധിച്ചാൽ അതിന്റെയൊക്കെ കലാശം എവിടെ? തൊഴിലിന്റെ പുരോഗതിക്കു കാരണക്കാരനായ മുതലാളിയെ തീരെ വിസ്മരിച്ചാൽ തൊഴിലിന്റെ നിലയെവിടെയാണു്? വലിയതോതിൽ മൂലധനം മുടക്കാനാണെങ്കിൽ മുതലാളി കൂടിയേതീരൂ. തൊഴിലാളിയുടെ നില ഉയർത്തേണ്ടതാണെന്നുള്ളതിനു സന്ദേഹമില്ല. അതിനു മുതലാളിയെ കൃതഘ്നതാപൂർവ്വം പരിത്യജിക്കേണ്ട കാര്യമില്ലല്ലോ. മുതലാളിയെ തള്ളുകയോ വെറുക്കുകയോ ചെയ്യുന്നതു് തീക്കൊള്ളിയെടുത്തു തലചൊറിയുന്നതിനു തുല്യമായിത്തീരും. അതെല്ലാം ആലോചിച്ചിട്ടുവേണം ഈ മാതിരി പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ. നാടെങ്ങും അസ്വസ്ഥതയും ലഹളയും ബുദ്ധിമുട്ടും ഉണ്ടാക്കി ജനസാമാന്യത്തെ വൈഷമ്യഗർത്തത്തിലേക്കു ഇറക്കിവിടുന്ന ഇന്നത്തെ നയംവിട്ടു തൊഴിലാളികളേയും മുതലാളികളേയും ന്യായമായ അടിസ്ഥാനത്തിന്മേൽ ഇണക്കിനിർത്താൻ ശ്രമിക്കുകയാണു് വേണ്ടതു്. അതാണു് പുരോഗമനത്തിനു അത്യന്താപേക്ഷിതം. സാഹിത്യപുരോഗതിയ്ക്കും ഇത്തരം മനോഭാവമാണു് സ്വീകാരയോഗ്യമായിട്ടുള്ളതു്.

സമുദായപരിഷ്കാരണത്തിനു് അതിന്റെ നാറിയവശങ്ങൾ വിവരിക്കണമെന്നതാണു് പുരോഗമനക്കാരുടെ മറെറാരു വാദമുഖം. ഇതിന്റെ അടിയൊഴുക്കുകൾ പലതുമുണ്ടു്. കഴിയുന്നിടത്തോളം ഇതെല്ലാം കുറയ്ക്കാൻ ശ്രമിക്കേണ്ടതുതന്നെയാണു്. സാഹിത്യംകൊണ്ടുമാത്രം സമുദായപരിഷ്കാരം സാദ്ധ്യമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. സമുദായത്തിലെ ദുഷിച്ച വശങ്ങളെ വർണ്ണിക്കുന്ന ഒരു കൃതിയെഴുതി ഭൂകമ്പമുണ്ടാക്കിക്കളയാമെന്ന അഹംഭാവം എനിക്കില്ല.

സമത്വവാദത്തിന്റെ ആദ്യത്തെ പുറപ്പാടു് ഫ്രാൻസിലായിരുന്നു. വാൾട്ടയർ മുതലായവരുടെ തൂലികാപ്രയോഗങ്ങൾ ആയിരുന്നുവത്രേ അവിടെ വൻകലാപങ്ങൾക്കു ബീജാവാപം ചെയ്തതു്. അവരുടെ കൃതികൾക്കു അന്നുണ്ടായിരുന്ന സ്വാധീനശക്തി ഇന്നുഎവിടെപ്പോയി? ആ ഗ്രന്ഥകാരന്മാരുടെ ലക്ഷ്യങ്ങൾ സദുദ്ദേശപ്രേരിതങ്ങൾ ആയിരുന്നുവെങ്കിൽത്തന്നെയും അവയുടെ കമ്പോളമൂല്യങ്ങൾ നഷ്ടമായതിനു് കാരണമെന്താണു്? ലോകത്തെയോ സമുദായത്തെയോ ഉദ്ധരിക്കാൻ നമ്മൾ ഒന്നുരണ്ടാൾ ഇറങ്ങിയാൽപോരാ. ബുദ്ധൻ, ക്രിസ്തു എന്നിവരുടെ അപദാനങ്ങളും ആദേശവാണികളും ആലോചിച്ചുനോക്കുക. ക്രിസ്തുദേവന്റെ ആദർശങ്ങൾ രാപകൽ ഭേദമെന്യേ ശ്രവിച്ചുകൊണ്ടിരുന്നവരുടെനാട്ടിൽ — യൂറോപ്പിൽ — ആണു് രണ്ടു ലോകമഹായുദ്ധങ്ങൾ നടന്നതു്. ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കും അതു സദാകേട്ടുകൊണ്ടിരുന്നവരുടെ പ്രവൃത്തികൾക്കുംതമ്മിൽ വല്ല പൊരുത്തവും നാം കണ്ടുവോ? അതുപോലെ ശ്രീബുദ്ധന്റെ വിശിഷ്ടോപദേശങ്ങൾ കൂടുതൽ പ്രചരിച്ചിട്ടുള്ള നാടുകളാണല്ലോ ചീനയും ജപ്പാനും. അവരുടെ തമ്മിൽത്തല്ലിനെപ്പററി ഈ സന്ദർഭത്തിൽ വിവരിക്കണമെന്നില്ല. ഇങ്ങനെയുള്ള അനുഭവങ്ങളിരിക്കവേ, ഒന്നുരണ്ടുകൃതികൾമൂലം സമുദായത്തെ ഉദ്ധരിക്കാൻകഴിയുമെന്നു വിശ്വസിക്കുന്നില്ല. ഏതൽകൃതികൾകൊണ്ടുണ്ടാക്കാവുന്ന മാററം വെറും താല്ക്കാലികമാണു്.

നമുക്കെല്ലാം സുപരിചിതമായ കഥകളിയിലെ ചില രംഗങ്ങൾ നോക്കാം. അതിൽ കടൽമാലയും മററും ഉണ്ടാക്കിക്കാണിക്കുന്നതു് രൗദ്രരസപ്രതീതിയ്ക്കു പററിയതുതന്നെ. അതുകൊണ്ടു ആക്കം അപകടവുമുണ്ടാകുന്നില്ല. എങ്കിലും ഒരു ഭയങ്കരാന്തരീക്ഷം സൃഷ്ടിക്കാൻ അതിനു കഴിവുണ്ടു്. അതിന്റെ ഫലം ചിരസ്ഥായിയല്ല. ഏതൊരു തത്വത്തിന്റെയും സ്ഥിരപ്രതിഷ്ഠയ്ക്കു സങ്കുചിതമാർഗ്ഗങ്ങൾ യോജ്യമായിരിക്കയില്ല. മുൻപറഞ്ഞമാതിരി പടിഞ്ഞാറൻചരക്കുകൾ പലതും ഇവിടെ വന്നിറങ്ങിയിട്ടുണ്ടു്. അവകൊണ്ടുമാത്രമേ നമുക്കു ജീവിക്കാൻ കഴിയൂ എന്ന ദയനീയനിലയിലേക്കു നാം അധഃപതിച്ചുകൂടാത്തതാണു്. മദിരാശിയിൽവെച്ചു പ്രസംഗിച്ച മാർക്സ്സിദ്ധാന്തക്കാരൻ നമ്മുടെ ആസ്ഥാനകവിക്കു്—വള്ളത്തോളിനു്—ആർഷസംസ്കാരമയുള്ളവെന്നു അപലപിക്കുകയുണ്ടായി. ഏതായാലും ആ സംസ്കാരം അതിവിപുലമായ ഒന്നാണു്; ഒരാളായാളിനെ ആദർശമാക്കിയുണ്ടായതല്ല. രുചിഭേദമനുസരിച്ചുള്ള പ്രസ്ഥാനഭേദങ്ങൾ പലതും അതു് ഉൾക്കൊണ്ടിട്ടുണ്ടു്. നമ്മുടെ സ്വന്തസംസ്കാരം കൈക്കൊള്ളുന്നതാണോ അതു വെടിഞ്ഞിട്ടു പടിഞ്ഞാറൻചരക്കു കടമായി വാങ്ങുന്നതാണോ നന്നെന്നു നിങ്ങൾ ആലോചിച്ചുനോക്കുവിൻ.

സമുദായനന്മയ്ക്കുവേണ്ടി എല്ലാവരും ജനനനിയന്ത്രണം കൈക്കൊള്ളണമെന്നു മാൽത്തസ് കഴിഞ്ഞ നൂററാണ്ടിൽ പാശ്ചാത്യദേശങ്ങളിൽ പ്രസംഗിക്കുകയുണ്ടായി. കുടുംബത്തിന്റെ അപരിമിതമായ വർദ്ധനനിമിത്തം സാമ്പത്തികപരാധീനത വരുമെന്നുള്ളതാണു് ആ സംഘത്തിന്റെ വാദത്തിനു് അടിസ്ഥാനം. അദ്ദേഹത്തിന്റെ ഉപദേശം കൈക്കൊണ്ടതിന്റെ ഫലമായി അവിടത്തെ ജനസംഖ്യ പത്തുവർഷംകൊണ്ടു പത്തുശതമാനം കുറഞ്ഞുകണ്ടു. അതിന്റെ പ്രത്യാഘാതം എന്തായിരുവെന്നോ? അവിടങ്ങളിലെ ജനസംഖ്യ ഭീമമാകുംവണ്ണം കുറയുന്നതുകണ്ടപ്പോൾ സന്താനവർദ്ധനയ്ക്കുള്ള പദ്ധതികൾ നടപ്പിൽവരുത്തി. വിവാഹംചെയ്യാത്തവർക്കു നികുതി നിശ്ചയിച്ചു. കുടുംബസംരക്ഷണഭാരം കുറയുമെന്നുകരുതി പലരും ആ നികുതി കൊടുക്കാനും സന്നദ്ധരായി. ഹിറ്റ്ലർ മററും വിവാഹങ്ങൾക്കു പ്രേരണനൽകിയ കഥകൾ പ്രസിദ്ധമാണല്ലോ. പാശ്ചാത്യദേശങ്ങളിലെ അധികൃതന്മാർ പല പ്രകാരത്തിലും വിവാഹപ്രേരകരായിത്തീർന്നു. ഇതായിരുന്നു ജനനനിയന്ത്രണ പ്രസ്ഥാനത്തിന്റെ ഫലങ്ങളിലൊന്നു്.

യുദ്ധാനന്തരം സർക്കാരിന്റെ ആവശ്യത്തിനുവേണ്ടി ഓരോരുത്തരും മൂന്നിൽ കുറയാതെ സന്താനങ്ങൾ ഉൽപ്പാദിപ്പിക്കാൻ നിയുക്തരായി. വിവാഹിതരേയും ആ വ്യവസ്ഥയിൽനിന്നു് ഒഴിവാക്കിയില്ല. അവർ 'സെക്കൻററിമാരിയേജസ്സി'നു് നിർബദ്ധരായിത്തീർന്നു. യൂറോപ്പിലെ ജനനനിയന്ത്രണയത്നം ഇങ്ങനെ മറിഞ്ഞു. എങ്കിലും അവരുടെ ജനനനിയന്ത്രണസാമഗ്രികൾ വിററഴിക്കാൻ പററിയസ്ഥലം ഇന്ത്യയാണെന്നു പാശ്ചാത്യന്മാർ മനസ്സിലാക്കിയിട്ടുണ്ടു്. മാർക്സിന്റെ തത്വങ്ങൾ അവിടെ പഴഞ്ചരക്കായിക്കഴിഞ്ഞിരിക്കുന്നു. അക്കഥ മറന്നിട്ടാണു് അതു് ഇവിടെ പ്രചരിപ്പിക്കാൻ ചിലർ ബദ്ധപ്പെടുന്നതു്. ഇക്കൂട്ടരുടെ തീവ്രശ്രമങ്ങളും ചിലരുടെ ബുദ്ധിശൂന്യതയുംമൂലം ഇവിടേയും കുറേ ഒച്ചപ്പാടുണ്ടാക്കാൻ സാധിച്ചിട്ടില്ലെന്നില്ല. ജനനനിയന്ത്രണത്തെപ്പററി പറയുകയാണെങ്കിൽ ഞാൻ അറിഞ്ഞിടത്തോളം അവയുപയോഗിക്കുന്നതു്, പാവപ്പെട്ടവരല്ല; പണക്കാരാണു്. അധികംസന്താനങ്ങളെ പോററാൻ ശേഷിയില്ലാത്ത പാവപ്പെട്ടവർ ജനനനി

സമത്വവാദത്തിന്റെ ആദ്യത്തെ പുറപ്പാടു് ഫ്രാൻസിലായിരുന്നു. വാൾട്ടയർ മുതലായവരുടെ തൂലികാപ്രയോഗങ്ങൾ ആയിരുന്നുവത്രേ അവിടെ വൻകലാപങ്ങൾക്കു് ബീജാവാപംചെയ്തതു്. അവരുടെ കൃതികൾക്കു് അന്നുണ്ടായിരുന്ന സ്വാധീനശക്തി ഇന്നു് എവിടെപ്പോയി? ആ ഗ്രന്ഥകാരന്മാരുടെ ലക്ഷ്യങ്ങൾ സദുദ്ദേശപ്രേരിതങ്ങൾ ആയിരുന്നുവെങ്കിൽത്തന്നെയും അവയുടെ കമ്പോളമൂല്യങ്ങൾ നഷ്ടമായതിനു് കാരണമെന്താണു്? ലോകത്തെയോ സമുദായത്തെയോ ഉദ്ധരിക്കാൻ നമ്മൾ ഒന്നുരണ്ടാൾ ഇറങ്ങിയാൽ പോരാ.......................പുരോഗമനക്കാർ എത്ര ആക്ഷേപകോലാഹലം മുഴക്കിയാലും നമ്മുടെ സംസ്കാരാംഗങ്ങളായ കലകൾ നശിക്കയില്ല. എഴുത്തച്ഛന്റെ യുദ്ധവർണ്ണനകൾ ഇത്ര ഗംഭീരമായിത്തീർന്നതു് അതിലെ കേരളീയത്വംകൊണ്ടാണു്. നമ്പിയാർ സ്വകൃതികളിൽ നായന്മാരെ ശകാരിച്ചുകാണുന്നതിനു് ഹേതു അക്കാലത്തു് അവർ അധഃപതിച്ചതാകുന്നു. വള്ളത്തോളിന്റെ ദേശീയപ്രസ്ഥാനഭ്രമത്തെ ചിലർ പഴിച്ചുകണ്ടു. അഴിമതികളോടു് എതിരിടാനുള്ള വാസന കേരളീയന്നു് ജന്മസിദ്ധമാണു്. അതു് ആർഷസംസ്കാരത്തിൽപ്പെട്ടതല്ല; തനി കേരളീയത്വത്തിന്റെ അംശമാണു്. അതുകൊണ്ടു് വള്ളത്തോളിന്റെ കൃതികളിൽക്കൂടി പ്രകടമാകുന്ന ആ വിശിഷ്ടഗുണം കേരളീയത്വമല്ലാതെ മറെറാന്നുമല്ല. കേരളീയത്വം നിലനിർത്താനുള്ള ശ്രമമാണു് നമ്മിൽ ഓരോരുത്തരും ചെയ്യേണ്ടതു്.

---

* തിരുവിതാംകൂർ സർവ്വകലാശാലാ ഹസ്തലിഖിതഗ്രന്ഥശാലയിൽവെച്ചു് 1-1-1950 സായാഹ്നത്തിൽ കൂടിയ പണ്ഡിതസമിതിയോഗത്തിൽ ചെയ്ത വാചാപ്രസംഗത്തിന്റെ അംഗീകൃതസംഗ്രഹം. V. R. P. P.

യന്ത്രണത്തിനു തയ്യാറാകണമെന്നാണ് പ്രചരണം. നടക്കുന്നതു് ഇത്തരത്തിലും. തന്മൂലം പഠിപ്പുള്ളവർക്ക് സന്താനപ്പെരുപ്പവും പണക്കാരന് ചുമതലകൂടാതെ തോന്നിയപോലെ നടക്കാൻ സൗകര്യവും അനുഭവമാകുന്നു. അഭ്യസ്തവിദ്യരുടെ ഇടയിൽ സന്താനം കുറയുന്നതിനും ബുദ്ധിശൂന്യരുടെയിടയിൽ സന്താനം പെരുകുന്നതിനും ഇടയാകുന്നു. ചുരുക്കത്തിൽ സമുദായം ബുദ്ധിശൂന്യരെക്കൊണ്ടു നിറയും.

മദിരാശിയിൽ ജനനനിയന്ത്രണപ്രസ്ഥാനം പ്രചരിപ്പിക്കാൻ നടന്ന രണ്ടു വ്യക്തികൾ ഹൈക്കോടതി ജഡ്ജിമാരായിരുന്ന പി. എസ്സ്. ശിവസ്വാമിഅയ്യരും വി. രാമേശംപന്തലുവും ആയിരുന്നു. ഇവരിൽ ഒന്നാമൻ സന്താനരഹിതനും രണ്ടാമൻ പതിനാലധികം കുഞ്ഞുങ്ങളുടെ പിതാവും ആണ്. സന്താനനിയന്ത്രണത്തിനുവേണ്ടി പ്രചരണം നടത്തുന്നതിനുപകരം ഐശ്വര്യവർദ്ധനവിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതു് ഉത്തമം. ഇംഗ്ലണ്ടിലും മററും വിവാഹം ചെയ്തവർക്ക് സന്താനങ്ങളുടെ കൂടുതൽ അനുസരിച്ചു ശമ്പളക്കൂടുതൽ നൽകിവരുന്നുണ്ടു്. നമ്മുടെയിടയിൽ അധികൃതന്മാർ വരവിനെ മുൻനിർത്തിയും ചെലവിനെ കണക്കാക്കാതെയുമാണല്ലോ ആദായനികുതി ഈടാക്കുന്നതു്. ശീമയിൽ അതു നിശ്ചയിക്കുന്നതു് സന്താനങ്ങളുടെ എണ്ണംകൂടി കണക്കാക്കിയിട്ടാണ്. ഞാൻ ഇംഗ്ലണ്ടിലായിരുന്നപ്പോൾ അധികൃതന്മാർ എന്റെ ആദായവിവരവും മററും ആവശ്യപ്പെട്ടു. അക്കൂട്ടത്തിൽ എന്റെ കുടുംബവിവരവും അറിയിക്കേണ്ടിയിരുന്നു. അന്ന് എനിക്കു എട്ടു സന്താനങ്ങളുണ്ടായിരുന്നു. അതെല്ലാം മുറപ്രകാരം രേഖപ്പെടുത്തി അയച്ചതോടുകൂടി ആദായനികുതിശല്യത്തിൽ നിന്നു എനിക്കു മോചനംകിട്ടി. കൂടുതൽ സന്താനങ്ങൾ ഉള്ളതുകൊണ്ടു എനിക്കു ഇങ്ങോട്ടു സഹായധനം നൽകേണ്ടിവരുമെന്നു കരുതിയായിരിക്കാം അവരെന്നെ അങ്ങനെവിട്ടതു്. (ചിരി) ഇതെല്ലാം ആലോചിച്ചുകൊണ്ടു വേണം നാം പുരോഗമനക്കാരുടെ വാദങ്ങളുമായി നേരിടാൻ. അവരുടെ തൊഴിലാളി—മുതലാളിസാഹിത്യത്തിന്റെ ലക്ഷ്യം എന്തുതന്നെയായിരുന്നാലും അതു നമ്മുടെ സദാചാരബോധത്തിന് ഇടവരുത്തുന്നില്ലേ എന്നു ആലോചിക്കണം. സ്ത്രീപുരുഷഭേദം, അമ്മപെങ്ങൾ ഭാര്യാഭേദം എന്നിവയൊന്നും വകവെയ്ക്കാതെയുള്ള കഥയെഴുത്ത് ഗർഹണീയംതന്നെ. ഇതെല്ലാം തീരെ ഔചിത്യബോധമില്ലാതെ അച്ചടിച്ചുവിടുന്നതു് മഹാപാപമാണ്. ആളുകൾ ചീത്തപറയുന്നതുകേൾക്കാൻ സ്വാതന്ത്ര്യമുള്ളവരാകുന്നു. ആ ദുർവാസനയ്ക്കു വളംവെയ്ക്കുന്നതാണ് ഇതു്. ഇക്കൂട്ടർ നമ്മുടെ ദൃഷ്ടിയിൽ നന്നെന്നു കാണുന്നവയെ പഴഞ്ചരക്കെന്നു നിന്ദിക്കുന്നു. പക്ഷേ നമുക്കു ആ പഴഞ്ചരക്കുകൾ സൗരഭ്യമുള്ളവയാണ്. നാറുന്ന പുസ്തകം പത്തുണ്ടാകുമ്പോൾ സൗരഭ്യമുള്ളതു് ഒന്നുണ്ടാവട്ടെ പഴഞ്ചന്മാർക്കുവേണ്ടി. ഇന്നത്തെ സാഹിത്യാന്തരീക്ഷം ഇങ്ങനെയൊക്കെത്തന്നെ. ഇപ്പറഞ്ഞ രണ്ടുവകുപ്പും കൂട്ടിയിണക്കുന്നതെങ്ങനെ?

എന്തെല്ലാം പരിവർത്തനങ്ങളുണ്ടായാലും കേരളത്തിലുണ്ടാകുന്ന സാഹിത്യത്തിന് കേരളീയത്വംവേണം. കഥകളിയ്ക്കു ഇത്രയേറെ പ്രചാരംവന്നതു് എന്തുകൊണ്ട്? കേരളീയരുടെ ജീവിതത്തിന്റെ പലവശങ്ങളും തന്മയത്വത്തോടുകൂടി അതിൽപകർത്തിയിട്ടുണ്ട്. മിക്ക ആട്ടക്കഥകളും വധത്തിലവസാനിക്കുന്നവയാണല്ലോ. അതുതന്നെ നമ്മുടെ സമരപാരമ്പര്യസൂചകമാണ്. നമ്മുടെ സംസ്കാരാംശങ്ങൾ ഇങ്ങനെ നകലിലെങ്കിലും പകർന്നു കാണുന്നതിൽ സന്തോഷിക്കണം. കഥകളിയിലെ വേഷവിധാനംപോലെ തന്മയത്വം തികഞ്ഞ മറെറാന്നു കാണാൻ പ്രയാസം. എന്തെല്ലാം പരിഷ്കാരങ്ങൾ നമ്മുടെ സാഹിത്യത്തിൽ നടപ്പിൽ വരുത്തിയാലും കേരളീയത്വം ഒരിക്കലും വിടാൻ പാടില്ല. കഥകളിവേഷത്തിന്റെ വസ്ത്രധാരണം നമ്മുടേതിൽനിന്നു വിഭിന്നമാണല്ലോ. കാരണം അവർ നമ്മുടെ പകർപ്പല്ല എന്നുള്ളതുതന്നെ. ദേവന്മാർ, രാക്ഷസന്മാർ മുതലായവരുടെ വേഷങ്ങൾ നമ്മുടേതിനു സദൃശമായിരിക്കാനിടയില്ല. കഥകളിവേഷങ്ങളിൽ ആഡംബരം മൂർദ്ധന്യദശയെ പ്രാപിച്ചുകാണാം. വേഷമണിഞ്ഞു പൂർത്തിയാക്കിയ കഥകളിനടന്റെ അടുത്തുചെല്ലാൻ ഭയം തോന്നത്തക്കവിധം തന്മയത്വം അതിനുണ്ട്. നാം ഈ കലയെ വിട്ടുകളഞ്ഞാലും ഇതരനാട്ടുകാർ വിടുന്നതല്ല; നിശ്ചയം. ഈ ഘട്ടത്തിൽ മദിരാശിയിൽ വെച്ചുണ്ടായ ഒരു സംഭവം ഓർമ്മവരുന്നു. എന്റെ സ്നേഹിതനായ ഒരു ധീരനെ അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം കഥകളിക്കാർ വേഷംകെട്ടുന്ന അണിയറയിൽ കൊണ്ടുചെന്നു. രാവണന്റെ വേഷം അണിയുകയായിരുന്നു ഒരു നടൻ. മുഖത്തെ ഒരുക്കം പൂർത്തിയായപ്പോൾ അയാൾ എണീററു. നടൻ എണീററപ്പോൾ ശേഷം ധീരൻ പേടിച്ചിട്ടെന്ന മട്ടിൽ പെട്ടെന്നു പിന്നോട്ടുമാറി. അത്ര തന്മയത്വം ആ വേഷത്തിനുണ്ടായിരുന്നു. ചിത്രം, അഭിനയം, വാദ്യം, ഗീതം ആദിയായവയെല്ലാം ഇണങ്ങിച്ചേർന്ന കേരളീയദൃശ്യകലയാണ് കഥകളി. മലയാളികളുടെ സംസ്കാരത്തെ അതു ഭംഗിയായി ചിത്രീകരിക്കുന്നു. നമ്മുടെ സംസ്കാരത്തിന്റെ പഴമയ്ക്കു സാക്ഷ്യത്തിന് സോളമന്റെ കാലത്തെ കേരളത്തിലെ സ്വർണ്ണം, വെള്ളി മുതലായവയെ സംബന്ധിച്ച പരാമർശം മതി. കഥകളിയുടെ ചരിത്രം ശരിക്കു പഠിക്കുന്നതു കേരളചരിത്രം പഠിക്കുന്നതിനേക്കാൾ നന്ന്. അതിൽ എല്ലാം ഉൾപ്പെടുകയും ചെയ്യും.

പുരോഗമനക്കാർ എത്ര ആക്ഷേപകോലാഹലം മുഴക്കിയാലും നമ്മുടെ സംസ്കാരാംശങ്ങളായ കലകൾ നശിക്കയില്ല. എഴുത്തച്ഛന്റെ യുദ്ധവർണ്ണനകൾ ഇത്ര ഗംഭീരമായിത്തീർന്നതു് അതിലെ കേരളീയത്വംകൊണ്ടാണ്. നമ്പിയാർ സ്വകൃതികളിൽ നായന്മാരെ ശകാരിച്ചു കാണുന്നതിനു ഹേതു അക്കാലത്തു അവർ അധഃപതിച്ചതാകുന്നു. വള്ളത്തോളിന്റെ ദേശീയപ്രസ്ഥാനഭ്രമത്തെ ചിലർ പഴിച്ചുകണ്ടു. അഴിമതികളോടു എതിരിടാനുള്ള വാസന കേരളീയന്റെ ജന്മസിദ്ധമാണ്. അതു് ആർഷസംസ്കാരത്തിൽപ്പെട്ടതല്ല; തനി കേരളീയത്വത്തിന്റെ അംശമാണ്. അതുകൊണ്ടു വള്ളത്തോളിന്റെ കൃതികളിൽ കൂടി പ്രകടമാകുന്ന ആ വിശിഷ്ടഗുണം കേരളീയത്വമല്ലാതെ മറെറാന്നുമല്ല. കേരളീയത്വം നിലനിർത്താനുള്ള ശ്രമമാണ് നമ്മിൽ ഓരോരുത്തരും ചെയ്യേണ്ടതു്. തുഞ്ചത്തു ഗുരുനാഥന്റെ കൃതികൾ പത്രങ്ങളുടെയോ പരസ്യങ്ങളുടെയോ സഹായംകൂടാതെ വിസ്മയാവഹമായ വിധത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. എഴുത്തച്ഛനെ അപവദിക്കുന്ന കൂട്ടർ ധാരാളമുള്ള കാലമാണിതെന്നും ഓർമ്മിക്കണം. എന്നിട്ടും പ്രചാരം കൂടുന്നതല്ലാതെ ഒട്ടും കുറയുന്നില്ല. പരേതനായ മൂർക്കോത്തു കുമാരൻ അവർകളുടെ 'വസുമതി'യെ ശ്രീ. കെ. ടി. ചന്തുനമ്പിയാർ ഖണ്ഡനരൂപത്തിൽ വിമർശിച്ചു. അതിന്റെ ഫലമോ? ചുരുങ്ങിയകാലത്തിനുള്ളിൽ ആ ഗ്രന്ഥത്തിന്റെ നാലു പതിപ്പുകൾ ചെലവായി. ഉറച്ചതു് ഉറച്ചുതന്നെ നിൽക്കും. മദ്യപാനംമൂലം കുപ്രസിദ്ധിനേടിയ ഒരാൾ പതിവുപോലെ ധാരാളം കുടിച്ചു മദിച്ചുനടക്കവേ ഒരു വരമ്പു ചാടിക്കടക്കേണ്ടിവന്നു. തലചുററിയ ആ മനുഷ്യന്റെ കാൽതെററി അയാൾ വെള്ളത്തിൽവീണു. കാലിൽ ഉണ്ടായിരുന്ന വ്രണത്തിൽ ഒരട്ട കടിച്ചുതുടങ്ങി. നന്നെ പണിപ്പെട്ടിട്ടും അട്ട പിടിവിട്ടില്ല. അപ്പോൾ അയാൾ 'നീയും എന്നെപ്പോലെ അധികം കുടിക്കുമ്പോൾ താനേവീഴും' (ചിരി) എന്നു പറഞ്ഞുപോലും! അതുപോലെ കുറെ കഴിയുമ്പോൾ ഇതും മാറും. എന്റെ ശിഥിലചിന്തകൾക്കു തൽക്കാലം വിരാമം ഇട്ടുകൊള്ളട്ടെ. നിങ്ങൾക്കു നമസ്കാരം.

—ഠ—

# ശ്രീരാമകൃഷ്ണപരമഹംസരുടെ ക്ഷതമേററ ഹസ്തം

ജീവിക്കുവാനുള്ള ഈ ആഗ്രഹം എന്താണ്? രാവണന്റെ മൃത്യുവിനുശേഷം രാമലക്ഷ്മണന്മാർ അദ്ദേഹത്തിന്റെ തലസ്ഥാനത്തിൽ പ്രവേശിച്ചു് രാവണന്റെ വയോധികയായ മാതാവു നികഷ ഓടിപ്പോവുന്നതുകണ്ടു. ഇതുകണ്ടു് അത്ഭുതത്തോടുകൂടി ലക്ഷ്മണൻ രാമനോടു പറഞ്ഞു: അവളുടെ സന്താനങ്ങളെല്ലാം മൃതിപ്പെട്ടു. എന്നിട്ടും അവൾ ജീവനെ ഇത്രയേറെ കൊതിക്കുന്നു. രാമൻ നികഷയെ വിളിച്ചു ഇപ്രകാരം ചോദിച്ചു:—ഭയപ്പെടാതിരിക്കുക, നിങ്ങൾ ഓടുന്നതു എന്തുകൊണ്ടാണ്? മറുപടി: ഭീതിയല്ല എന്നെ ഓടുവാൻ പ്രേരിപ്പിച്ചതു്. ഞാൻ ജീവിച്ചിരുന്നതുകൊണ്ടാണ് താങ്കളുടെ ഈ അത്ഭുതകൃത്യങ്ങളെല്ലാം കാണുവാൻ എനിക്കു സാധിച്ചതു്. ഞാൻ തുടർന്നുജീവിച്ചിരിക്കുകയാണെങ്കിൽ ഇതുപോലെ അനവധി കാര്യങ്ങൾകൂടി ഞാൻ കാണുന്നതാണ്. അതുകൊണ്ടു് ഞാൻ ജീവിക്കുവാൻ ആഗ്രഹിക്കുന്നു.

"ആഗ്രഹങ്ങളില്ലാതെ ശരീരത്തിനു ജീവിക്കുവാൻ സാധിക്കുന്നതല്ല. (ചിരിച്ചുകൊണ്ട്) എനിക്ക് ഒന്നോ രണ്ടോ ആഗ്രഹങ്ങളുണ്ട്. ഞാൻ മാതാവിനോടു പ്രാർത്ഥിച്ചു. കാമിനിയെയും കാഞ്ചനത്തെയും പരിത്യജിച്ചിട്ടുള്ളവരുടെ സംസർഗ്ഗം എനിക്കു നൽകേണമേ; അവിടുത്തെ ജ്ഞാനികളുടെയും ഭക്തന്മാരുടെയും വൃന്ദമാണ് ഞാൻ ആഗ്രഹിക്കുന്നതു്. ആകയാൽ അങ്ങുമിങ്ങും അവരെ കാണാൻ പോകാൻതക്ക അല്പശക്തി എനിക്കു തരിക. എന്നാൽ മാതാവ് നടക്കാനുള്ള ശക്തി എനിക്കു തന്നില്ല."

ത്രൈലോക്യൻ (ചിരിച്ചുകൊണ്ട്), എല്ലാ ആഗ്രഹങ്ങളും പൂർത്തിയാക്കിയോ? ഗുരു (ചിരിച്ചുകൊണ്ട്) ഇല്ല അല്പം ശേഷിക്കുന്നുണ്ട് (സകലരും ചിരിച്ചു).

"ശരീരം യഥാർത്ഥത്തിൽ നശ്വരമാണ്. എന്റെ കൈയ്ക്കു ക്ഷതമേററപ്പോൾ ഞാൻ മാതാവിനോടു പറഞ്ഞു: ഭഗവതി അതെന്നെ വല്ലാതെ വേദനിപ്പിക്കുന്നു. തൽക്ഷണം ഒരു വാഹനത്തേയും അതിന്റെ സാരഥിയേയും ഭഗവതി എനിക്കു വെളിപ്പെടുത്തിത്തന്നു. അങ്ങിങ്ങായി ചില ആണികൾ ഇളകിയിരുന്നു. സാ

V

രഥിയുടെ മാർഗ്ഗദർശിത്വത്തിൽ വാഹനം ഗമിച്ചു. വാഹനത്തിനു സ്വയമേ യാതൊരു ശക്തിയുമില്ല. പിന്നെ എന്തിനാണ് ഞാൻ എന്റെ ശരീരം നോക്കുന്നതു? അതു് ഈശ്വരവിലാസം ആസ്വദിക്കുവാനും അദ്ദേഹത്തിന്റെ മഹത്വങ്ങൾ സ്തോത്രംചെയ്യാനും അദ്ദേഹത്തിന്റെ ജ്ഞാനികളേയും ഭക്തന്മാരേയും സന്ദർശിക്കുവാൻ പോകാനുമാണ്".

നരേന്ദ്രൻ ഗുരുവിന്റെ മുമ്പിൽ തറയിൽ ഇരിക്കുകയായിരുന്നു.

ഗുരു (ത്രൈലോക്യനോടും മററു ശിഷ്യന്മാരോടും): ശരീരത്തിന്റെ സുഖദുഃഖങ്ങൾ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. നരേന്ദ്രനെ നോക്കുക. അയാളുടെ പിതാവു മരിച്ചു. അയാളുടെ ആളുകൾ വളരെ ബുദ്ധിമുട്ടിലായിരിക്കുന്നു. അവർക്ക് യാതൊരു ഗത്യന്തരവുമില്ല. സർവ്വശക്തൻ ചിലപ്പോൾ ഒരാളെ സന്തുഷ്ടിയിലും ചിലപ്പോൾ സന്താപത്തിലുമാക്കുന്നു.

ത്രൈലോക്യൻ:—അഭിവന്ദ്യഗുരോ, സർവ്വശക്തൻ നരേന്ദ്രനോടു കരുണയുള്ളവനായിരിക്കും. ഗുരു (പുഞ്ചിരിയോടെ): എപ്പോഴാണതു്. ബനാറസ്സിലെ അന്നപൂർണ്ണക്ഷേത്രത്തിൽ ആരും പട്ടിണികിടക്കുന്നില്ലെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ കുറേപ്പേർ ആഹാരത്തിനായി വൈകുന്നേരംവരെ കാത്തുനിൽക്കണം.

"ഒരിക്കൽ ഹൃദേവ് ശംഭു മല്ലിക്കിനോട് കുറെ പണം ചോദിച്ചു. അങ്ങിനെയുള്ള കാര്യങ്ങളിൽ ശംഭുവിന് ഇംഗ്ലീഷുകാരുടെ അഭിപ്രായങ്ങളായിരുന്നു ഉണ്ടായിരുന്നതു്. ഹൃദേവിനോടു ശംഭു പറഞ്ഞു: ഞാൻ നിങ്ങൾക്ക് എന്തിനു പണം തരണം? അദ്ധ്വാനംകൊണ്ടു നിങ്ങൾക്കു ഉപജീവനം കഴിക്കാം. ഇപ്പോൾതന്നെ നിങ്ങൾക്കു ചിലതൊക്കെ കിട്ടുന്നുണ്ട്. വളരെ ദരിദ്രനായ ഒരാളുടെ കാര്യം വ്യത്യസ്തമാണ്. അന്ധനോ മുടന്തനോ ധർമ്മം കൊടുക്കുന്നുവെങ്കിലേ ദാനത്തിന്റെ ഉദ്ദേശം നിറവേറുന്നുള്ളു.

ഹൃദേവു പറഞ്ഞു.—അങ്ങു് ദയവുചെയ്തു അതു പറയരുതു്. എനിക്കു താങ്കളുടെ പണം ആവശ്യമില്ല. അന്ധനോ മുടന്തനോ ആകാതിരിക്കാനും ദരിദ്രനാകാതിരിക്കാനും ഈശ്വരൻ എന്നെ സഹായിക്കണമേ! താങ്കൾ എനിക്കു പണം തരണമെന്നില്ല. എനിക്കതു വാങ്ങണമെന്നുമില്ല."

സർവ്വശക്തൻ നരേന്ദ്രനോടു് ഇതുവരെ കരുണ കാണിച്ചില്ലെന്നുള്ളതുകൊണ്ട് ഗുരു ആവേശത്തോടെയാണ് ഇക്കാര്യം പറഞ്ഞതു്. വല്ലപ്പോഴും അദ്ദേഹം പ്രിയശിഷ്യന്മാരെ വാത്സല്യപൂർവ്വം വീക്ഷിക്കും.

നരേന്ദ്രൻ:—ഞാൻ ഇപ്പോൾ നാസ്തികരുടെ വീക്ഷണഗതികൾ പഠിച്ചുവരികയാണ്.

ഗുരു: രണ്ടു സിദ്ധാന്തങ്ങളുണ്ട്. ദൈവമുണ്ടെന്നും ഇല്ലെന്നും. താങ്കൾക്ക് ആദ്യത്തേതു എന്തുകൊണ്ടു സ്വീകരിച്ചുകൂടാ.

നരേന്ദ്രൻ:- ഈശ്വരൻ നീതിജ്ഞനാണ്. അദ്ദേഹത്തിനു സ്വശിഷ്യഗണങ്ങളെ പാലിക്കണം.

ഗുരു:- മുജ്ജന്മത്തിൽ ധർമ്മിഷ്ഠന്മാരായിരുന്നവർക്കുമാത്രമേ ഈ ജന്മത്തിൽ ധനം ലഭിക്കുന്നുള്ളുവെന്ന് വേദങ്ങളിൽ പറയുന്നു. എന്നാൽ പരമാർത്ഥം പറയുകയാണെങ്കിൽ ഈ പ്രപഞ്ചം ദൈവത്തിന്റെ മായയാണ്. ഈ മായാപ്രപഞ്ചത്തിൽ പല പല കുഴഞ്ഞ കാര്യങ്ങളുമുണ്ട്. ഒരാൾക്ക് അവ ധരിക്കുവാൻ നിവൃത്തിയില്ല.

ദൈവത്തിന്റെ രീതികൾ തീർച്ചയായും അഗോചരമാണ്. ഭീഷ്മർ ശരതല്പത്തിൽ ശിരസ്സുവച്ചു. പാണ്ഡവസഹോദരന്മാർ കൃഷ്ണന്റെ കൂടെയാണ് അദ്ദേഹത്തെ സന്ദർശിച്ചതു്. തൽക്ഷണം ഭീഷ്മർ പൊട്ടിക്കരഞ്ഞുപോയി. പാണ്ഡവന്മാർ കൃഷ്ണനോടു പറഞ്ഞു. "ഇതെന്തത്ഭുതമാണ്! ഞങ്ങളുടെ അഭിവന്ദ്യ ഭീഷ്മർ അഷ്ടവസുക്കളുടെ ഒരു സമ്മാനമാണ്. അദ്ദേഹത്തെപ്പോലെ വിവേകശാലിയായി മറെറാരാളില്ല. എന്നിട്ടും മായകൊണ്ട് കുഴങ്ങിയിട്ടു മൃത്യുവേളയിൽ വിലപിക്കുന്നു. കൃഷ്ണൻ പറഞ്ഞു: എന്നാൽ ഭീഷ്മർ അക്കാരണംകൊണ്ടല്ല കരയുന്നതു്. നിങ്ങൾക്ക് അതേപ്പററി അദ്ദേഹത്തോടു ചോദിക്കാം." ചോദിച്ചപ്പോൾ ഭീഷ്മർ പറഞ്ഞു: കൃഷ്ണാ! സർവ്വശക്തന്റെ രീതികളെപ്പററിയാതൊന്നും എനിക്കു ഗ്രഹിക്കുവാൻ സാധിക്കുന്നില്ല. സർവ്വശക്തൻതന്നെ പാണ്ഡവന്മാരുടെ നിത്യമിത്രമായിരിക്കുന്നു. എന്നിട്ടും അവരുടെ അനർത്ഥങ്ങൾക്കൊന്നും ഒരറുതിയുമില്ല. അതുകൊണ്ടാണ ഞാൻ വിലപിക്കുന്നതു്. ഞാൻ ഇതേപ്പററി ചിന്തിക്കുമ്പോൾ സർവ്വശക്തന്റെ വിധങ്ങളെപ്പററി ആർക്കും ഒന്നും അറിവില്ലെന്നു ഞാൻ ധരിക്കുന്നു.

"വേദങ്ങളിൽ വിവരിക്കുന്ന പവിത്രാത്മാവെന്നു പറയുന്ന പരമാത്മാവുമാത്രമേ സുമേരുപർവ്വതംപോലെ നിർവ്വികാരമായും നിസ്സംഗമായും സന്തോഷസന്താപങ്ങൾക്കപ്പുറമായുമിരിക്കുന്നുവെന്ന് ഈശ്വരൻ എനിക്കു വെളിപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ മായാപ്രപഞ്ചത്തിൽ വളരെയേറെ കുഴപ്പങ്ങൾ ഉണ്ട്. ഇതു് അതിനുശേഷം വരുമോ അതോ ഇതു് അതുണ്ടാക്കുമോ എന്നും മററും ഒരുതരത്തിലും പറയാൻ നിവൃത്തിയില്ല. സുരേന്ദ്രൻ (പുഞ്ചിരിതൂകിക്കൊണ്ട്) മുജ്ജന്മത്തിൽ ധർമ്മം ചെയ്തതുകൊണ്ട് ഈ ജന്മത്തിൽ സമ്പത്തു ലഭിക്കുന്നുവെങ്കിൽ നമുക്കെല്ലാം ഇപ്പോൾതന്നെ പണം ദാനംചെയ്യാം.

ഗുരു:- പണമുള്ളവർ അതു് ദരിദ്രർക്കും അത്യാവശ്യം അതു വേണ്ടിയിരിക്കുന്നവർക്കും ദാനം ചെയ്യണം. (ത്രൈലോക്യനോട്) ജയഗോപാൽസെൻ ക്ഷേമമായിരിക്കുന്നു. അദ്ദേഹം ധർമ്മംചെയ്യണം. അതു ചെയ്യുന്നില്ലെങ്കിൽ അപമാനമാണ്. പണമുണ്ടെങ്കിലും ലുബ്ധുകാണിക്കുന്ന ചിലരുണ്ട്. അവരുടെ കാലശേഷം അതനുഭവിക്കുന്നതുആരാണെന്നു് അറിഞ്ഞുകൂട.

"ജയഗോപാൽ ഇന്നാളൊരുദിനം ഇവിടെവന്നു. വണ്ടിയിലാണ് ഇവിടെവന്നതു്. വിളക്കുകൾ പൊട്ടിയിരുന്നു. കുതിരയും കുതിരക്കാരനുമൊക്കെ ദീനം പൊറുത്തിറങ്ങിയ ജന്തുക്കളെപ്പോലെതോന്നി. ജയപാൽ എനിക്കു രണ്ടു ദ്രവിച്ചമാതളം കൊണ്ടുതന്നു. (എല്ലാവരും ചിരിച്ചു.)

സുരേന്ദ്രൻ:- ജയഗോപാൽബാബു ബ്രഹ്മസമാജക്കാരനാണ്. കേശവ്ജിയുടെ സംഘടനയിൽ ഇപ്പോൾ കൊള്ളാവുന്ന ഒരൊററയാളുമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. വിജയഗോസ്വാമിയും ശിവനാഥും മററു പ്രശസ്തന്മാരും സാധാരണ ബ്രഹ്മസമാജം രൂപീകരിച്ചിരിക്കുകയാണ്.

ഗുരു (ചിരിച്ചുകൊണ്ട്) ഗോവിന്ദഅധികാരി തന്റെനാടകശാലയിൽ തന്റെ ലാഭത്തിന്റെ ഓരംശം അവകാശപ്പെടുമെന്നു ഭയന്ന് നല്ല നടന്മാരെ വയ്ക്കുകയില്ല. (എല്ലാവരും ചിരിക്കുന്നു)

"ഇന്നാൾ ഒരിക്കൽ കേശവജിയുടെ ഒരു ശിഷ്യനെ ഞാൻ കണ്ടു. കേശവജിയുടെ ഭവനത്തിൽ നാട്യപ്രകടനം നടന്നയവസരത്തിൽ ആ ശിഷ്യൻ കയ്യിൽ ഒരു കുഞ്ഞുമായി സ്റ്റേജിൽ നൃത്തംചെയ്യുന്നതു ഞാൻ കണ്ടു. ഈ മനുഷ്യൻ പ്രസംഗങ്ങൾ നടത്തുന്നതായി ഞാനറിഞ്ഞു. അയാൾ തന്നോടുതന്നെ പ്രസംഗിക്കുകയായിരിക്കും ഭേദം.

ത്രൈലോക്യൻ പാട്ടാരംഭിച്ചു. അതു ഈശ്വരദർശനംകൊണ്ടുണ്ടാകുന്ന എന്തെന്നില്ലാത്ത ആനന്ദാനുഭൂതിയെപ്പററി വർണ്ണിക്കുന്നതായിരുന്നു. 'അംബികേ അംബയുടെ ദിവ്യപ്രേമംകൊണ്ടു എന്നെ മതിമറപ്പിക്കുക" എന്നുതുടങ്ങുന്ന ഗാനം ചൊല്ലാൻ ശ്രീരാമകൃഷ്ണൻ ത്രൈലോക്യനോടുപറഞ്ഞു. ത്രൈലോക്യൻ അതു പാടി. അതു ഏതാണ്ടു ഇപ്രകാരമായിരുന്നു. അംബികേ അവിടുത്തെ പ്രേമംകൊണ്ടു എന്നെ അനുഭൂതിയിലാക്കിയാലും. ജ്ഞാനമോ യുക്തിയോ എനിക്കെന്തിനാണ്? അവിടുത്തെ പ്രേമമാകുന്ന ധാരകൊണ്ടുതന്നെ അനുഗ്രഹിച്ചാലും. ഭക്തന്മാരുടെ ഹൃദയങ്ങൾ കവരുന്ന അവിടുന്നു അങ്ങയുടെ പ്രേമാബ്ധിയിൽ എന്നെ മുക്കിയാലും! അവിടുത്തെ മായയാകുന്ന ഈ പ്രപഞ്ചത്തിൽ ഒട്ടുപേർ സന്തോഷിക്കുകയും ഒട്ടുപേർ ദുഃഖിക്കുകയും ഒട്ടുചിലർ ആനന്ദംകൊണ്ടു നൃത്തംചെയ്യുകയും ചെയ്യുന്നു. യേശുവും ബുദ്ധനും മോസസ്സും ഗൗരാംഗനുമെല്ലാം അങ്ങയുടെ പ്രേമമാകുന്ന മധു സേവിച്ചവരാണ്. അവരുടെ ദിവ്യസംസർഗ്ഗത്തിലേക്കു കടക്കാൻ അംബ എന്നെ എപ്പോഴനുഗ്രഹിക്കും.

—ഠ—

## റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# മോഹൻജൊദാറോ

മിസ്സസ്സ് ചെല്ലം പി. നായർ

അയ്യായിരംവർഷങ്ങൾക്കുമുമ്പ് കഴുതപ്പുലികളേയും ചെന്നായ്ക്കളേയും വേട്ടയാടിക്കൊണ്ടുനടന്നിരുന്ന ഒരുതരം അപരിഷ്കൃതവർഗ്ഗക്കാരാൽ ബ്രിട്ടൻ അധിവസിക്കപ്പെട്ടിരുന്നു. ചരിത്രപുസ്തകങ്ങൾ ആ കാലത്തിനു ശിലായുഗം എന്നു പറഞ്ഞുവരുന്നു. എന്നാൽ അതേകാലത്ത്, പത്തൊൻപതാംശതാബ്ദത്തിലെ യൂറോപ്യൻനഗരാസൂത്രണങ്ങളേയും, നദീവ്യവസ്ഥകളേയുംമററും വെല്ലുന്ന ഒരു നാഗരീകത്വം ഇന്ത്യയിലുണ്ടായിരുന്നുവെന്നു തെളിയുകയുണ്ടായി. ഉത്തരസിൻഡിൽ കൊററായ്ക്കും കറാച്ചിയ്ക്കുംമദ്ധ്യേ സ്ഥിതിചെയ്യുന്ന മോഹൻജൊദാറൊ എന്ന സ്ഥലത്ത് ഇതിനുള്ള തെളിവുകൾ കാണാം. ക്രിസ്ത്വബ്ദം ൧൯൨൨-ൽ സർ ജാൺ മാർഷലാൽ, മൂടിക്കിടന്ന ഈ നഗരം കണ്ടെത്തപ്പെടുന്നതിനുമുമ്പ്, ആര്യന്മാരുടെ ആക്രമണത്തിനുമുമ്പുള്ള ഇന്ത്യാനിവാസികൾ, ബ്രിട്ടനിലെ അനാഗരീകപൂർവികന്മാരേക്കാൾ പരിഷ്കൃതരായിരുന്നുവെന്നുള്ളതിനു മററു തെളിവുകൾ ഒന്നുംതന്നെ ഇല്ലായിരുന്നുവെന്നുവേണം പറയുവാൻ. ബി. സി. ൩൦൦൦-ത്തിനകം പൂർണ്ണതയിൽ എത്തിച്ചേർന്ന ഒരു നാഗരീകത്വം പൗരാണികഈജിപ്റ്റിലും ബാബിലോണിയായിലുംമാത്രമായിരുന്നുവെന്നാണ് വിശ്വസിച്ചുവന്നിരുന്നത്. എന്നാൽ സിന്ധുനദിയുടെ താഴ്വരകളിൽ അതിനെക്കാൾമെച്ചമായ ഒരു നാഗരീകത്വം സാമൂഹ്യപരമായും സാമുദായികമായും നിലനിന്നുവന്നിരുന്നുവെന്നു മൊഹർജൊദാറോ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു.

അനേകംഏക്കർ വിസ്തീർണ്ണമുള്ള ഈ നഗരത്തിന്റെ ഏതാണ്ട് എട്ടിലൊരുഭാഗംമാത്രമാണ് ആദ്യം ശാസ്ത്രീയഗവേഷണത്തിനു വിധേയമായത്. ഇവിടത്തെ ഏററവുംഉയർന്നനില്ക്കുന്ന ഒരു തിട്ടയുടെ മുകളിൽനിന്നുംനോക്കിയാൽ ഏതാണ്ട് ഒന്നരമൈൽഅകലെയായി ഒഴുകിക്കൊണ്ടിരിക്കുന്ന സിന്ധുനദി കാണാൻകഴിയും. പൗരാണികകാലങ്ങളിൽ വളരെ അടുത്തുകൂടി ഒഴുകിക്കൊണ്ടിരുന്ന ഈ നദിയായിരുന്നു ആ നഗരത്തിന്റെ ഉൽക്കൃഷ്ടതയ്ക്ക് ഒരുകാലത്തു കാരണമായിരുന്നത്. അതേനദിതന്നെ തുടർച്ചയായുള്ള ജലപ്രളയത്താൽ നഗരത്തെ പലപ്രാവശ്യം താഴ്ത്തുകയും, ഒടുവിൽ അശരണരായ നഗരവാസികളെ ഓടിച്ചുപോകുകയും ചെയ്തതായിട്ടാണ് വിശ്വസിച്ചുവരുന്നത്.

തിട്ടകൾക്കുചുററുമായിട്ടാണ് പഴയ കെട്ടിടങ്ങളുടെ ഭിത്തികളും അടിസ്ഥാനങ്ങളും ക്രമമായി കൂട്ടിയിട്ടിരിക്കുന്നത്. അവയ്ക്കുപയോഗിച്ചിരുന്ന പഴയ ഇഷ്ടിക (ചെളിക്കട്ട) കൾ നോക്കിയാൽ അയ്യായിരത്തിനുപകരം അഞ്ചു വർഷംപോലും പഴക്കംതോന്നിക്കുകയില്ല. മരം, ഓടൽ, ചെളി ഇവകൊണ്ടുണ്ടാക്കപ്പെട്ടിരുന്ന മേൽക്കൂരകൾ നിശ്ശേഷം നശിച്ചുപോയിരിക്കുന്നു. വെളിഭാഗത്ത് ഏകദേശം മൂന്നടിവരെ വണ്ണത്തിൽ കെട്ടപ്പെട്ടിരിക്കുന്ന ഭിത്തികൾ ബലമായും കൃത്യമായും ആസൂത്രണംചെയ്യപ്പെട്ടിരുന്ന കെട്ടിടങ്ങളെയാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്. ശരാശരി ൩൦ അടി സമചതുരത്തിൽ വിസ്തൃതമായ മുറികളുള്ള നാലുകെട്ടുകളായിട്ടാണ് മിക്കകെട്ടിടങ്ങളും കാണുന്നത്. ഇവയിൽ ഏറിയപങ്കും രണ്ടുനിലകളെങ്കിലുമായിരുന്നുവെന്ന് ഊഹിക്കപ്പെടുന്നു. ജനാലകളോ അവയുടെ ഉപയോഗങ്ങളോ അക്കാലത്ത് ഉണ്ടായിരുന്നുവെന്നു തോന്നുന്നില്ല.

കെട്ടിടങ്ങളുടെ ചുററും നടക്കുന്ന ഓരോന്നും പകുതി പണികഴിഞ്ഞ ഒരു ഇഷ്ടികക്കെട്ടിടത്തിന്റെപ്രതീതിയാണ് അനുഭവപ്പെടുന്നത്. ഈ വിസ്തൃതങ്ങളായ മുറികളുടെ ഉപയോഗത്തെപ്പററിയാണ് സാധാരണ ചിന്തകൾ പോകുക. കുളിമുറികളുംമററും ഭംഗിയായി, വൃത്താകൃതിയിലുള്ള കിണറുകളോടുബന്ധിച്ചാണ് ഉണ്ടാക്കിയിട്ടുള്ളതെന്നോർക്കുമ്പോൾ അന്നത്തെ നാഗരീകത്വത്തിന്റെ മേന്മ ഏതാണ്ട് ഊഹിക്കുവാൻകഴിയും.

നഗരത്തിലെ ഓടകൾ വിചിത്രങ്ങളും മനോഹരങ്ങളുമാവുക വിരളമായ ഒരു രീതിയാണെങ്കിലും മൊഹൻജൊദാറോനഗരം ഇതിനു സാക്ഷ്യംവഹിക്കുന്നതുന്നായിരുന്നു. ഇന്നത്തെ ഉത്തരേന്ത്യൻനഗരങ്ങളിലെ നദീവ്യവസ്ഥകളും (Drainage) അന്നത്തെ നാഗരീകത്വവുംതമ്മിലുള്ള വൈപരീത്യം അതിശയകരംതന്നെയാണ്.

ഒരുപക്ഷേ ഏററവും ഹൃദിസ്ഥമായിത്തോന്നുന്ന ഒരുപണി അവിടെയുള്ള വലിയ കുളമായിരിക്കാം. ഇതിന് ൩൯ അടി നീളവും ൨൩ അടി വീതിയുമുണ്ട്. കുളത്തിലേക്കിറങ്ങുവാനുള്ള പടികളുടെ കരയിൽ വസ്ത്രംമാററാനും മററും ഉപയോഗിച്ചിരുന്ന മുറികൾ നിരയായി കാണാറുണ്ട്. ഈകുളം 'ഇറയ്ക്ക'ന്നതിനു ഉപയോഗിച്ചിരുന്നതും മേൽമൂടിയുള്ളതുമായ ഒരു വലിയ ചാൽ (തോട്) ഒരു മനുഷ്യനിറങ്ങിനിന്നാൽ വെളിയിൽ കാണാത്തനിലയിൽ ആഴമുള്ള ഒന്നാണ്.

തെക്കുവടക്കായും കിഴക്കുപടിഞ്ഞാറായും ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്ന വീഥികൾ അക്കാലത്തെ ശില്പികളുടെ നഗരസങ്കല്പത്തിനുള്ള കഴിവുകളെ എടുത്തുകാട്ടുന്നു. ചില വീഥികൾ ഏതാണ്ട് മുപ്പതടിവീതിയിൽ നഗരത്തിനു മദ്ധ്യത്തിൽ വളരെദൂരം നേർവരകൾപോലെ പോകുന്നതുകാണാം. എവിടെ നോക്കിയാലും രൂപസാദൃശ്യത്തിന്റെയും ഏകീകരണത്തിന്റെയും മാതൃകകളെ കാണുന്നുള്ളു.

ജലപ്രളയത്തിനെതിരായുള്ള മനുഷ്യന്റെ പ്രയത്നങ്ങളുടെ തെളിവുകളും ധാരാളം കാണാനുണ്ട്. ഒരു തെരുവ് അടിസ്ഥാനംതുടങ്ങിയ ആഴംവരെ കുഴിച്ചുനോക്കിയെങ്കിലും അവിടുത്തെ കെട്ടിടങ്ങളുടെ കതവുകൾ താഴെനിന്നും പന്ത്രണ്ടടി മുകളിലായിട്ടാണ് കാണപ്പെട്ടത്. ഇതിൽനിന്നും വെള്ളത്താൽ താഴ്ത്തപ്പെട്ട ഒരു പഴയകെട്ടിടത്തിന്റെ അടിസ്ഥാനത്തിനു മുകളിലാണ് ഈകെട്ടിടം വീണ്ടുംകെട്ടപ്പെട്ടതെന്നു അനുമാനിക്കപ്പെടുന്നു. പലശതാബ്ദങ്ങൾക്കുള്ളിൽ മൊഹൻജൊദാറോവിലെ കെട്ടിടങ്ങൾ ഏഴുപ്രാവശ്യം വീണ്ടും വീണ്ടും ഒരേ മാതൃകയിൽ കെട്ടപ്പെട്ടുവെന്നും ഒടുവിൽ നഗരവാസികൾ നിവൃത്തിയില്ലാതെ സ്ഥലംവിട്ടുപോയെന്നും ആണ് ഊഹിക്കപ്പെടുന്നത്.

ഡൽഹിപട്ടണത്തെപ്പോലെ, തുടർച്ചയായുള്ള ആക്രമണങ്ങൾക്കുവിധേയമായി മൊഹൻജൊദാറോപട്ടണം നശിക്കപ്പെടുകയും വീണ്ടും പുതുക്കപ്പെടുകയും ചെയ്തതായി യാതൊരു തെളിവുകളും കാണാനില്ല. അക്കാലങ്ങളിൽ അവിടെ നിവസിച്ചുവന്നിരുന്ന സമുദായക്കാർ (Indus Valley Civilization) സമാധാനപരമായ ഒരു ജീവിതമാണു നയിച്ചിരുന്നതെന്നുമാണ് അനുമാനിക്കേണ്ടത്. സാധാരണമായി പുരാതിനനഗരങ്ങൾക്കു കണ്ടുവരാറുള്ള "നഗരഭിത്തി" (City Wall) ഇവിടെ കാണാനില്ലെന്നുള്ളതുതന്നെ അവരുടെ ജീവിതത്തിലെ അക്രമരാഹിത്യത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്.

സ്ഥലത്ത് ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന കാഴ്ചബംഗ്ലാവ്, അക്കാലത്തെ നാഗരീകത്വത്തെ എടുത്തുകാട്ടുന്ന മനോഹരങ്ങളും അത്ഭുതകരങ്ങളുമായ തെളിവുകളുടെ ഒരു സമാഹാരമാണ്. മൺപാത്രങ്ങളിൽ വലിയഭരണികൾ മുതൽ വീട്ടാവശ്യങ്ങൾക്കു നിത്യഉപയോഗംചെയ്തിരുന്ന സാധനസാമഗ്രികൾ ഉൾപ്പെടെ ചെറിയ മഷിക്കുപ്പികൾവരെ കാണാനുണ്ട്. ജീവിതത്തിലെ സകല ആവശ്യങ്ങൾക്കും, പ്രത്യേകിച്ച വസ്തുവകകളുടെ ക്രയവിക്രയങ്ങൾക്ക് കൂടുതൽ സഹായികളായി "മുദ്രകൾ" (Seals) അക്കാലത്ത് ഉപയോഗിക്കപ്പെട്ടിരുന്നുവെന്നാണ് തോന്നുന്നത്. മനോഹരങ്ങളായ ചിത്രങ്ങൾ, പ്രത്യേകിച്ചു മൃഗങ്ങളുടെ രൂപങ്ങൾ, കൊത്തപ്പെട്ടിട്ടുള്ള അനേകശതം മുദ്രകൾ കണ്ടുകിട്ടുകയുണ്ടായി. ശീതളമായ കാടുകളിൽ മാത്രം കണ്ടുവരുന്ന, ആന, കടുവാ, കാണ്ടാമൃഗം മുതലായവകളുടെ ചിത്രങ്ങളിൽനിന്നും സിന്ധുതാഴ്വരകളിൽനിന്നും ഒരുകാലത്ത് ഇന്നത്തെക്കാൾ വളരെയധികം മഴ പെയ്തുകൊണ്ടിരുന്നുവെന്നനുമാനിക്കാം. ഈ ന്യായത്തെ സാധൂകരിക്കുന്ന മറെറാരുതെളിവ് അവിടെയുള്ള കെട്ടിടങ്ങളുടെ ബാഹിർഭാഗഭിത്തികൾക്ക് ചൂളയിലിട്ട ഇഷ്ടികകളും ഉൾഭാഗഭിത്തികൾക്കു വെയിലിൽമാത്രം ഉണക്കപ്പെട്ട ഇഷ്ടികകളും ഉപയോഗിച്ചുവന്നിരുന്നുവെന്നുള്ളതാണ്. മുദ്രകളിൽ ചിലവ, ചിത്രലിപികളുള്ളവയും, മററുചിലത് ബാബിലോണിയായിലെ അസ്ത്രാകൃതിയിലുള്ള ലിപികളോടു സാദൃശ്യംവഹിക്കുന്നവയുമായിട്ടാണ് കാണപ്പെട്ടത്. ഈ മുദ്രകൾ പൗരാണികവസ്തുഗവേഷകന്മാരെ അക്കാലത്തെ നാഗരീകത്വത്തിന്റെ വളർച്ചയേയും കാലത്തേയും കണ്ടുപിടിക്കുവാൻ വളരെയധികം സഹായിച്ചിട്ടുണ്ട്. മെസപ്പെട്ടോമിയാ പ്രദേശങ്ങളിൽ (പൗരാണികബാബിലോണിയ) യിൽ കാണാനിടയായിട്ടുള്ള മുദ്രകളുമായിട്ടുള്ള സാദൃശ്യത്തിൽനിന്നും ഒരുപക്ഷേ അന്നത്തെ ആളുകൾ ആ രാജ്യങ്ങളുമായി വാണിജ്യപരമായ ബന്ധം പുലർത്തിയിരുന്നിരിക്കാമെന്ന് ഊഹിക്കപ്പെടുന്നു. അതുപോലെതന്നെ ഈ രണ്ടുരാജ്യങ്ങളിലെ നാഗരീകത്വങ്ങളും ഏകദേശം സഹകാലികമായിരിക്കാമെന്നും ഊഹിക്കാം. ബാബിലോണിയൻ സംസ്കാരം ബി. സി. മൂവായിരത്തിനോടടുത്താണെന്നു കണക്കാക്കപ്പെട്ടിട്ടുള്ളതിനാൽ മൊഹൻജൊദാറോ സംസ്കാരവും ഏതാണ്ടിതിനോടടുത്താണ് നിലനിന്നുവന്നിരുന്നതെന്നനുമാനിക്കുന്നതിൽ വലിയ തെററുണ്ടാകാനിടയില്ല.

ലോഹങ്ങളിൽ ഇരുമ്പൊഴിച്ച് മററുള്ളവ ഉപയോഗിച്ചിരുന്നതായ ലക്ഷണങ്ങളും കാണാനുണ്ട്. വളരെ മിനുസപ്പെടുത്തിയ ചെമ്പുകൊണ്ട് നിർമ്മിച്ചിട്ടുള്ള കണ്ണാടികളും മററും മനോഹരങ്ങളായ ഉപകരണങ്ങളായിരുന്നുവെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ! ഉളി, കോടാലി, വെട്ടുകത്തി, ഈർച്ചവാളുകൾ, ചൂണ്ടകൾ, സൂചി, വറവുചട്ടി, പാന മുതലായ ഉപകരണങ്ങളും കണ്ടെത്തിയിട്ടുണ്ട്.

കല്ലുകൊണ്ടും വെൺകല്ലുകൊണ്ടും ഉണ്ടാക്കപ്പെട്ടിട്ടുള്ള ശിലാമൂർത്തിസഞ്ചയങ്ങളിൽനിന്നും അതിന്റെ നിർമ്മിതാക്കളുടെ ആകൃതിയെപ്പററി നമുക്ക് ഊഹിക്കാം. ശില്പങ്ങളിൽപലതിലും വക്രനയനങ്ങളോടും, തടിച്ച് കറുത്തയ ഉടലുകളോടും, തടിച്ച കഴുത്തുകളോടുംകൂടിയ ആകൃതിവിശേഷങ്ങളാണ് പ്രതിഫലിച്ചുകാണുന്നത്. മുഖത്ത് ധിക്കാരസ്വഭാവം നിഴലിച്ച് നീണ്ടതാടിയോടുകൂടിയ ഒരു പ്രഭുവിന്റെരൂപം ചേതസ്സമാകർഷകമായ ഒരു സൃഷ്ടിതന്നെയാണ്. ഏകദേശം ആറിഞ്ചു് ഉയരത്തിലും നഗ്നശരീരത്തോടുകൂടിയതുമായ ഒരു നർത്തകിയുടെ രൂപം കാണികളുടെ ശ്രദ്ധയെ തികച്ചും ആകർഷിക്കുകതന്നെ ചെയ്യും. ചുട്ടകളിമണ്ണുകൊണ്ട് നിർമ്മിച്ചിട്ടുള്ള മൃഗങ്ങളുടെ രൂപങ്ങൾ മനുഷ്യരൂപങ്ങളെക്കാൾ കൂടുതൽ സജീവങ്ങളായിട്ടാണ് കാണുന്നത്.

ദൈനംദിനജീവിതത്തിൽ അക്കാലത്തെ നഗരവാസികൾ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ കൂട്ടത്തിൽ മണ്ണുകൊണ്ട് ഉണ്ടാക്കപ്പെട്ട ഒരുതരം 'ചക്രാ'യും ഉൾപ്പെടുന്നു. ഇതിൽനിന്നും ബ്രിട്ടീഷ് നാഗരീകത്വം അപരിഷ്കൃതമായ ഒരു സാഹചര്യത്തിൽ സ്ഥിതിചെയ്തിരുന്ന കാലത്ത് സിന്ധുതാഴ്വരകളിൽ ജീവിച്ചിരുന്നവർക്ക് വസ്ത്രം കൊണ്ടുള്ള ഉപയോഗം അറിയാമായിരുന്നുവെന്ന് തെളിയുന്നുവല്ലോ?

അളവുകളും തൂക്കങ്ങളുംമററും പരിശോധിച്ചതിൽനിന്നും അവ ശാസ്ത്രീയമായ രീതിയിലാണു തരംതിരിച്ചിരുന്നതെന്നു തെളിവായിട്ടുണ്ട്. അയ്യായിരംകൊല്ലത്തോളം പഴക്കമുള്ള ഗോതമ്പുമണികൾ കണ്ടുകിട്ടുകയുണ്ടായി. ഇതു അക്കാലത്തെ കർഷകരുടെ പ്രയത്നഫലത്തെയാണല്ലോ കാട്ടുന്നത്.

ആഭരണങ്ങൾ പലവിധത്തിൽ പലസാധനങ്ങളാൽ നിർമ്മിക്കപ്പെട്ടിരുന്നു. മുഖ്യമായി കളിമണ്ണും ചിപ്പികളുംകൊണ്ടുണ്ടാക്കപ്പെട്ട കങ്കണങ്ങൾ, ചെമ്പ്, വെള്ളോട് ഇവകളാൽ നിർമ്മിക്കപ്പെട്ട അംഗുലീയങ്ങൾ, പലവിധത്തിലുള്ള മണികൾ; രുദ്രാക്ഷങ്ങൾ മുതലായവ അവർ അണിഞ്ഞിരുന്നു. കൊക്കാകൾകൊണ്ടുള്ള തവികളും, കരണ്ടികളും മററുമായിരുന്നു അവർ അന്നു ഉപയോഗിച്ചിരുന്നത് ഇന്നു ഒട്ടകങ്ങൾമാത്രം സഞ്ചരിക്കുന്ന സിൻഡിലെ മണൽക്കാടുകൾ ഒരുകാലത്തു വലിയ കാടുകൾ ആയിരുന്നുവെന്നും അവിടെ കൊമ്പനാനകൾ ധാരാളമുണ്ടായിരുന്നുവെന്നും, ദന്തനിർമ്മിതങ്ങളായ ചീപ്പുകൾ തെളിയിക്കുന്നു.

ഏററവും വിചിത്രമായ മറെറാരു സാമഗ്രി കുട്ടികൾക്കുവേണ്ടി അക്കാലത്തെ ആളുകൾ ഉണ്ടാക്കിയിരുന്ന കളിപ്പാട്ടങ്ങളാണ്. ഉള്ളിൽ കുറെ മണൽത്തരികളോടുകൂടി കളിമണ്ണുകൊണ്ടു ഉണ്ടാക്കപ്പെട്ട 'കിലുക്കു'കളുംമററും ആരെയും അത്ഭുതപ്പെടുത്തും. തലയാട്ടുന്ന മൃഗങ്ങളും പക്ഷിരൂപങ്ങളും, വണ്ടികളും മററു മനോഹരങ്ങളായ മററു കളിപ്പാട്ടങ്ങളുടെകൂട്ടത്തിൽ ഉൾപ്പെടുന്നു.

'മോഹൻജൊദാറൊ' നഗരമെന്നറിയപ്പെടുന്ന ഈനഗരം കറാച്ചിയിൽനിന്നും ൨൨൫ മൈലകലെയാണ് സ്ഥിതിചെയ്യുന്നത്. ഏററവും അടുത്ത റെയിൽവേസ്റ്റേഷനായ 'ഡോക്രി' യിൽനിന്നും എട്ടുമയിൽ ദൂരമേയുള്ളു. ടോംഗകൾ (കുതിരവണ്ടികൾ) ധാരാളം ഈ റോഡിൽ സ്ഥിതിചെയ്യുന്നുണ്ട്.

—:*:—



ഡാക്ടർ ഹ്യു ഡാൽട്ടൺ—൧൯൪൫ മുതൽ ൧൯൪൭ വരെ ഇദ്ദേഹം ബ്രിട്ടനിലെ ധനകാര്യമന്ത്രിയായിരുന്നശേഷം രാജിവയ്ക്കുകയുണ്ടായി. സ്ട്രാസ്ബർഗ്ഗിൽ നടന്ന കൗൺസിൽ ഓഫ് യൂറോപ്പിലേക്കയച്ച ൧൧ പ്രതിനിധികളിൽ ഒരാൾ ഡാ ഡാൽട്ടനായിരുന്നു. ൧൯൨൯-൩൧-ൽ വിദേശവകുപ്പ് അണ്ടർസെക്രട്ടറി, ൧൯൪൦-൪൨ സാമ്പത്തികസമരവകുപ്പുമന്ത്രി, ൧൯൪൨-൪൫ ബോർഡ് ഓഫ് ട്രേഡ് പ്രസിഡണ്ട് എന്നീ നിലകളിൽ ഡാ: ഡാൽട്ടൺ പ്രശസ്തസേവനം അനുഷ്ഠിച്ചിട്ടുണ്ട്.



ലണ്ടനിലെ സ്ത്രീപോലീസ്—ഓഡിയൻ തീയററിൽ ബ്രി. രാജാവും രാജ്ഞിയും സിനിമാപ്രദർശനത്തിനു ചെന്നപ്പോൾ തിങ്ങിക്കൂടിയ ജനങ്ങളെ നിയന്ത്രിക്കുന്നതിനു ഏതാനും സ്ത്രീപോലീസുകാരുമുണ്ടായിരുന്നു.











## ശബരിമല ക്ഷേത്രവും പമ്പാതീർത്ഥവും

പ്രതിവർഷം അനേകലക്ഷം അയ്യപ്പഭക്തന്മാരുടെ തീർത്ഥാടനസ്ഥലമായി രൂപാന്തരപ്പെട്ടിരിക്കുന്ന പുണ്യസ്ഥലം. മണ്ഡലത്തിനും മകരവിളക്കിനും പുറമേ എല്ലാമാസവും ഒന്നാം തീയതിതോറും അയ്യപ്പന്മാർ സ്വാമിദർശനത്തിനായി ഇവിടെ വന്നുചേരുന്നുണ്ട്.







ഇടത്ത്—(മുകളിൽനിന്നു താഴോട്ട്)

ശബരിമല ക്ഷേത്രസന്നിധിയിൽ അയ്യപ്പന്മാർ കെട്ടുകളുമായി സ്വാമിദർശനം നടത്തി പ്രദക്ഷിണം ചെയ്യുന്നത്. 2. പമ്പാതീർത്ഥത്തിന്റെ മറ്റൊരു ഭാഗം. 3. പമ്പയുടെ ചുറ്റുമുള്ള വനങ്ങൾ. 4. വനാന്തരങ്ങൾക്കിടയിലൂടെ പ്രവഹിക്കുന്ന പമ്പാതീർത്ഥം. സാമാന്യം ആഴമുള്ള ഒരു ഭാഗം.

നടുക്ക്—(മുകളിൽനിന്നു)

ക്ഷേത്രത്തിന്റെ മുൻവശത്തെ പതിനെട്ടാംപടി. പടിമുകളിൽ ഇരുവശങ്ങളിലുമായി രണ്ടു വലിയ മണികൾ തൂങ്ങുന്നു. 2. പമ്പയിൽ ഒരുഭാഗത്ത് അയ്യപ്പന്മാർ സ്നാനം നടത്തുന്നത്. 3. അയ്യപ്പന്മാർ തേങ്ങ അടിച്ചു പതിനെട്ടാംപടി കയറിപ്പോകുന്നത്.

വലത്ത്—(മുകളിൽനിന്നു)

പതിനെട്ടാംപടി കടന്നുചെല്ലുമ്പോൾ ദൃശ്യമാകുന്ന ക്ഷേത്രത്തിന്റെ മുൻഭാഗം; പുരോഭാഗത്ത് പൊന്മേട്ടും കാണാം. 2. പമ്പ ത്രിവേണിയിലേക്കു പോകുന്നഭാഗം. പമ്പയും കല്ലാറും കക്കാട്ടാറും ചേരുന്ന ഭാഗത്തിനാണ് ത്രിവേണി എന്നു പറയുന്നത്. 3. പമ്പയിൽ വിരിവച്ചിരിക്കുന്ന അയ്യപ്പഭക്തന്മാർ. ഈറയും ദർപ്പയുംകൊണ്ടു നിർമ്മിക്കപ്പെട്ട അനേകം ആശ്രമങ്ങളും കാണാം. 4. പുൽമേട്.







-ചെറുകഥ-

# കാർത്തികനാളിൽ

-ലീല-

"ഏടേ!—അവിടെന്തു ചെയ്യുന്നു?— അകത്തളത്തിൽനിന്നു മൃതിന്ന ഒരു മധുസ്വനം...

"ഏഹ്?—" അന്നുവന്ന മാസികയുടെ പറങ്ങളിൽനിന്നും കണ്ണെടുക്കാതെ രവി ചോദിച്ചു.

"പിന്നെ, വെറുതെയിരിക്കുകയാണോ"—"അല്ല...ഒരു കൊച്ചു ഗ്രന്ഥത്തെ പ്രവീക്ഷിച്ചു"—"

"തുടങ്ങി!! നോക്കിയേ! ഈ പെണ്ണിനെ അങ്ങോട്ടൊന്നെടുക്കാമോ? എന്നെ ഒന്നിനും സമ്മതിക്കുന്നില്ല. തെറുത്തുവെച്ച തിരികളും മുഴവനവൾ കശക്കി എറിഞ്ഞു. കാർത്തികവിളക്കുകളിലൊരുനാലഞ്ചെണ്ണമുടച്ചുകഴിഞ്ഞു. ഇനിം...പിന്നെയും...ഹോ! എനിക്കുവയ്യ..."

"തങ്കം! മോളിങ്ങുപോരെ...അമ്മയെ ഉപദ്രവിക്കാതെ. കാർത്തികയെ സ്വീകരിക്കാൻ നമുക്കും തിരുമുറ്റത്തു വിളക്കുവെയ്ക്കണ്ടേ?—ഇങ്ങുവാ...അച്ഛൻ നല്ലപടം കാണിച്ചുതരാം..."

"ഏഹ്!! അവളല്ലേ വരുന്നയാള്"...അതിരററ വാത്സല്യത്തിന്റെ അഭിമാനസ്വരം...അതേത്തുടർന്നൊരു നേരിയ വളകിലുക്കം...പാദപതനം...മുല്ലമലരിന്റെ പുതുമണം...പ്രത്യക്ഷപ്പെടുകയായി തൂവെള്ളയിൽ പൊതിഞ്ഞ ഒരോമനമാതൃത്വവും അതിലിണങ്ങിച്ചേർന്ന ഒരു പിഞ്ചുശൈശവവും...

രവി ആ അരുമമകളെ സൂക്ഷിച്ചുനോക്കി. അപ്പോഴുമുണ്ടാകുരുന്നുകൈകളിൽ ഒരുപിടി തിരികളും ഒരു ചെറിയ കൈവിളക്കും...

എന്റെ കൊച്ചുകള്ളി[illegible] കുസൃതിയും?

"കുസൃതിയെന്നോ!! കൊള്ളാം. അതിനു തുടങ്ങിയാലവസാനമെന്നൊന്നവൾക്കില്ലല്ലോ.. അതെങ്ങിനേന്നു്!! അച്ഛൻ കൊഞ്ചിച്ചുകൊഞ്ചിച്ചു വഷളാക്കിയിട്ടുണ്ട......"

"എവിടെ?എവിടെ? ആ മുഖമൊന്നു കാണട്ടെ...ഞാനാ അവളെ വഷളാക്കിയതല്ലേ?—നിന്നെ......"

"ശ്ശ്...വിടൂന്നു്......വഴിയേ ആളുകളും പോകുന്നുണ്ട കേട്ടോ? അച്ഛാ...മതി—"

കിലുകിലെ ചിരിച്ചുകൊണ്ടു്, മഹിത മാഞ്ഞു......ആനന്ദത്തിന്റെ അലകളിൽ വിടർന്നുയന്ന ഗാനശകലംമാത്രം അവിടെങ്ങും നിറഞ്ഞുനിന്നു—

അംബരതുഞ്ചത്തമ്പിളിക്കല വ്യക്തമായി പൊങ്ങുണ്ട......മിന്നുന്ന താരകങ്ങളും പ്രദക്ഷിണംവെച്ചു് അതിനെ ആരാധിച്ചു. വരിവരിയായി വാതിലിലും വരാന്തയിലും തിരുമുറ്റത്തും തൃക്കാർത്തികയെ സ്വീകരിക്കാൻ കുത്തുവിളക്കുകൾ നിറതിരിയോടെ പ്രതിഷ്ഠിതങ്ങളുമായി......ദീപ്തിയേറിയ ദീപനാളങ്ങൾക്കിടയിലൂടെ ഒരപ്സരസ്സുപോലെ മഹിത നടന്നു് നവദീപങ്ങളും ജ്വലിപ്പിച്ചുകൊണ്ടിരുന്നു.

ക്രമേണ സകലതും പൂർത്തിയായി. കത്തിച്ചുവെച്ച ദീപദീപ്തികൾ ശബ്ദിച്ചിരിക്കുന്നതുനോക്കി കണ്ണുചിമ്മി.

"ശ്രീ...മോളിങ്ങു വന്നേ... ഈ നിലവിളക്കു വലത്തുവെച്ചു് ഈ പൂവുമിട്ടൊന്നു നമസ്കരിച്ചേ......തങ്കമോടിവാ—"

നിലവിളക്കിനുചുററിനും പിച്ചവെച്ചു്, അമ്മനൽകിയ പിച്ചിമലരും ദേവിക്കർപ്പിച്ചു് ശ്രീ നമസ്കരിച്ചു.

മഹിതയുടെ മുഖത്തൊരപൂർവ്വതേജസ്സു കളിയാടി...അവൾ മകളെ വാരിയെടുത്തു ചുംബിച്ചു...രവി കൗതുകപൂർവ്വമതു നോക്കിനിന്നു......

"എന്താ മി: മേനോൻ...അറിയാത്തമട്ടിലല്ലേ യാത്ര...ദാ, മിണ്ടാതെ കടന്നുകളയാനായിരിക്കും ഭാവം...അല്ലേ? അതൊക്കെ കയ്യില്ല ... വരണം... വരണം ... നല്ലകാലത്തിന്റെ കാർത്തികനാൾ ... മധുരവും പാലും മധുരവും കഴിച്ചിട്ടേപോകാം —"

"ഗേററിങ്കൽനിന്നും പ്രതിദ്ധ്വനിച്ച വാക്കുകൾ......ദമ്പതികൾ പെട്ടെന്നു തിരിഞ്ഞുനോക്കി. മധു, മഹിതയുടെ സഹോദരനവിടെ നില്പുണ്ടായിരുന്നു.

"മധു...ആക്കണിത്ര ആദരവോടെയുള്ള ക്ഷണം?—ചിരിച്ചുകൊണ്ടു രവി ചോദിച്ചു.

"അല്ലാതാക്കേട്ടേ...നമ്മുടെ പഴയ മേനോനതന്നെ—"

"മേനോനോ?...അന്നത്തെ—"

"അതെ! ആ പുള്ളിതന്നെ...ഹും! ഈ നടയരികിലെത്തിയപ്പോൾ വിചാരനൊരു വല്ലാത്തപരിഭ്രമം...പാവം!! ആളറിയിക്കാതിരിക്കാനായിരിക്കും നേര്യതുകൊണ്ടു തലയുംമൂടി കനിഞ്ഞതാടിപ്പോയതു്......അതു കണ്ടപ്പോൾ ഒരു രസംതോന്നി പിടിച്ചുനിറുത്തി ഒരു കുശലപ്രശ്നമങ്ങുനടത്തി. ഹ! എന്റെ ചേട്ടാ...ആ മുഖത്തെന്തൊരായിരം കറുത്തുകളുടെ അമ്പതിനായിരം ഭാവം കാണാമായിരുന്നു...ചേട്ടനെക്കൂടെ വിളിക്കാൻ ഞാൻ ഭാവിച്ചു...പക്ഷെ അയാൾ വഴുതിച്ചാടിക്കളഞ്ഞു"—മധു പടികയറി മുററത്തെത്തി—

"ഹ! ഹ! മധു, ഇതുപോലെത്ര വഴുതിച്ചാടലാണയാളെ കാത്തിരിക്കുന്നതു്!"—പൊട്ടിച്ചിരിച്ചുകൊണ്ടു് ...!!

"പക്ഷെ അയാളെ പഠിപ്പിക്കാൻ വേറെ ഒരുകള്ളനാമുണ്ടായി, അതുമല്ലാസം—"

"ഏതിനും ഒരവസാനമില്ലേ?—അതുപോലാ കപടനാടകത്തിനും..."

"നല്ലൊരു പാഠമായിരുന്നയാൾക്കതു്, അല്ലേ ചേട്ടാ—"

"സംശയമുണ്ടോ, ഏതായാലുമിനി അയാളിത്തൊഴിലിനു തുടങ്ങുകയില്ല..."

സുസമ്മതനായ സമുദായസേവകൻപോലും! ആഹ! എന്തൊരു സേവനം......'

ആരെക്കുറിച്ചാണീ തക്കവും വിമർശനവുമൊക്കെ—" മഹിത നടന്നുനടന്നവർക്കരികിലെത്തി, ശ്രീയെയും കയ്യിലേന്തി...

"ചേച്ചീ...അയാളാണൊരു തികഞ്ഞ ജന...എന്താന്നാ ചേട്ടാ...ങ്...ജനദ്രോഹി... അതെ ജനദ്രോഹി—

"ജനദ്രോഹിയോ—"

"അതെ...പക്ഷെ ചേച്ചി പണ്ടു പഠിച്ച ചരിത്രത്തിലുള്ളതുപോലല്ല ... ഇതസ്സൽ. twentieth century model

"നിന്റെ പ്രസംഗവുംകൊണ്ടുപോ അനിയാ...ഇവിടെന്നാണു കാര്യംതെളിച്ചുപറയാമോ? അതോ ഞാനകത്തുപോകട്ടോ—"

"അതുപറഞ്ഞാൽ കുറേയറെയുണ്ട് ഹിതേ [illegible]ൽവരു... ഇവിടിരിക്കൂ. പറയാം..."

മണൽവിരിച്ച മലർമുററത്തിൽ, നിലാവിന്റെ വെള്ളിവെളിച്ചത്തിൽ, പതിക്കും സഹോദരനുമദ്ധ്യേയായി മഹിത ഉപവിഷ്ടയായി അമ്പിളിയേയും, നേരിയ ഇളംകാററിൽ സുവർണ്ണരൂപം ചമയ്ക്കുന്ന ദീപദീപ്തികളേയും മാറിമാറി നോക്കിക്കൊണ്ടമ്മയുടെ മടിയിൽ പുഞ്ചിരിച്ചു ശയിക്കുകയാണു് ശ്രീ...

അതിരററ വാത്സല്യത്തിന്റെ ബഹിർഗമനമെന്നോണം രവിയുടെ കൈവിരലുകൾ അദ്ദേഹമറിയാതെതന്നെ മകളുടെ തലമുടി ചുരുളിലും വെളുത്തുചുവന്ന കവിളിലുമായി സഞ്ചരിച്ചുകൊണ്ടിരുന്നു—

"അതെ ഹിതേ, രണ്ടുകൊല്ലംമുൻപാണതുണ്ടായതു്...ഇതുപോലൊരു തൃക്കാർത്തികനാളായിരുന്നന്നും...പക്ഷെ ഈ വീടലങ്കരിക്കാൻ അന്നു ദീപപ്രഭകളില്ലായിരുന്നു. ഈ കുസൃതിപ്പെണ്ണിനു ജന്മംകൊടുക്കാനുള്ള വിവശതയിൽ നിന്റെ വീട്ടിൽ കഴിയുകയായിരുന്നു നീ.

ചാരുകസേരയിൽ ഞാനങ്ങനെ മൂകനായികിടക്കുകയാണു്...എന്റെ ബുദ്ധിയെ ഒരായിരം ചിന്തകൾ വേദനിപ്പിച്ചുകൊണ്ടിരുന്നു. പള്ളിക്കൂടത്തിൽ കാലെടുത്തുവെച്ചനാൾമുതലുള്ള ആശയും ലക്ഷ്യവുമായിരുന്നൊരു ഡാക്ടറാവുകയെന്നുള്ളതു്. അതിനുശേഷമുള്ള എന്റെ ഓരോ അടിവെയ്പും അതിനെ സമീപിക്കാനായിരുന്നു. വർഷങ്ങളെ നിമിഷങ്ങളായി ചവുട്ടിക്കടന്നുകൊണ്ടു ഞാൻ പാടുപെട്ടു; പരിശ്രമിച്ചു...അവസാനം ലക്ഷ്യത്തിലെത്തിച്ചേന്നു...പക്ഷെ എന്റെ സ്വപ്നങ്ങളുടെ ആററക്കുട്ടിൽ, ജീവിതത്തിന്റെ പരമാർത്ഥം പകന്നപ്പോൾ...ഹിതേ...കടുത്ത ഒരനുഭവമാണെന്നെ സ്വാഗതംചെയ്തതു്...പേരെടുത്ത പല ഡാക്ടർസിനെയും ബഹുമാനിക്കുന്ന ഈ പട്ടണത്തിൽ എന്നെപ്പോലെയുള്ള ഒരാരംഭഡാക്ടർക്കെന്തു മേന്മകിട്ടാൻപോകുന്നു...സ്വന്തമായി തുടങ്ങിയ ഡിസ്പെൻസറിക്കുമുന്നിൽ, ആതുരരെപ്രതീക്ഷിച്ചു പലനാളും ഞാൻ കാത്തിരുന്നു. പക്ഷെ ആരുമാരും എന്നെ സമീപിച്ചില്ല... എന്റെ ഡിസ്പെൻസറിക്കു എതിരേതന്നെ, ഏററവും പാകതയുള്ള ഒരു ഡാക്ടർ സേവനത്തിനൊരുങ്ങിനില്പുവോളം അവരെന്തിനെന്നെ സമീപിക്കണം?—

"ശ്ശ്'......മാനത്തുയന്ന ശശിബിംബം ചൂണ്ടിക്കാണിച്ചുകൊണ്ടു എന്തോ ചിലതു ശ്രീ അച്ഛനോടു ചോദിച്ചു...പക്ഷെ അതവൾക്കുമാത്രമറിയുള്ള ഒരു ഭാഷയായിരുന്നു...ഒരു ഭാവനയ്ക്കും പകത്താനാവാത്ത ചില മധുരിമകൾ!! അമ്മയതിനെ പെട്ടെന്നു തടഞ്ഞു നിറുത്തി ഉമ്മവെച്ചു...!! കഥയറിയാനുള്ള ഔത്സുക്യമായിരുന്നിതിക്കാമതിനുകാരണം.

"ആഴ്ചകളും മാസങ്ങളുംകടന്നുപോയി!! രവിതുടന്നു.'' എന്നിട്ടും എന്റെ തൊഴിലിന്റെ നിദ്ര കലങ്ങിയില്ല. എന്റെ ആശകളും അടന്നുവീണുകൊണ്ടിരുന്നു. ആവേശങ്ങളും ആറിത്തണുത്തുപോയിരുന്നു...അന്നത്തെ കാർത്തികയും കണ്ടു, 'ഞാൻ'' അതായിരുന്നു.

പക്ഷെ ഏഴരമണിയോടെ അതുവരെ എനിക്കു വിപരീതമായി വർത്തിച്ചവിധി ഒന്നിണങ്ങിച്ചേരാനുള്ള ഉത്സാഹം പ്രകടിപ്പിച്ചെന്നു തോന്നുന്നു. എവിടെനിന്നോ എന്റെ മുന്നിലൊരു രോഗബാധിതൻ പ്രത്യക്ഷനായി, ഒരു മി: മേനോന്റെ നിർദ്ദേശമനുസരിച്ചു് സംതൃപ്തിയും അഭിമാനവും ഒരാനന്ദമൂർച്ഛയിലേക്ക നയിച്ചിരുന്നെങ്കിലും ഞാൻ ശ്രദ്ധയോടെ പരിശോധിച്ചു മരുന്നുകൊടുത്തു.......ഒരു സമാധാനലക്ഷണം ആ മുഖത്തു് പ്രത്യക്ഷമായി. മരുന്നിനും പ്രതിഫലത്തിനും മാറുമായി ഞാനാവശ്യപ്പെട്ട പതിനഞ്ചുരൂപ യാതൊരു വൈമനസ്യവുംകൂടാതെ നൽകിയിട്ടയാൾ മടങ്ങിപ്പോയി. ആ രോഗിയെ എൻറരികിലേയ്ക്കുനയിച്ച മേനോനെക്കുറിച്ചാലോചിച്ചുകൊണ്ടു് ഞാനങ്ങനെ ഇരുന്നു ... ഹിതേ...ഒരരമണിക്കൂർകഴിഞ്ഞില്ല, വീണ്ടുമൊരാൾകൂടെ എന്റെ മുന്നിൽ പ്രത്യക്ഷനായി, ആ മേനോൻതന്നെ ഉപദേശമനുസരിച്ചു. അതിനെത്തുടന്നൊരാരഞ്ചു പേർ......എല്ലാരും മി: മേനോന്റെ നിർദ്ദേശമനുസരിച്ചെത്തിയവർ. എനിക്കതിശയം തോന്നി. എങ്കിലും ഞാനലസനായില്ല. വേണ്ട പ്രഥമശുശ്രൂഷയും മരുന്നുകളും കൊടുത്തു്, രണ്ടുദിവസംകഴിഞ്ഞു് വീണ്ടും വന്നുകാണണമെന്നുള്ള നിബന്ധനയോടെ ഞാനവരെ പറഞ്ഞയച്ചു......തൊഴുകയ്യോടെ അവരോരുത്തരായകന്നു. ഹരിരൂപയുടെ പച്ചനോട്ടുകൾ എന്റെ മേശപ്പുറത്തു കുമിഞ്ഞുകിടന്നു. അത്ഭുതമോ ആനന്ദമോ എന്താണെന്നെ കൂടുതൽ വിവശനാക്കിയതെന്നെനിക്കറിവില്ല. പക്ഷെ ആ അവസ്ഥയിലും, എന്നെ നാട്ടുള്ള അനുകമ്പയുടെപേരിൽ രോഗികളെ ഇങ്ങു പറഞ്ഞയച്ച ആ മാന്യനെ നന്ദിപൂർവ്വം സ്മരിക്കാൻ ഞാൻ മറന്നില്ല. അദ്ദേഹം ആരാണെന്നിക്കു നിശ്ചയമില്ലായിരുന്നു എങ്കിലും എന്തെന്നില്ലാത്ത ഒരാദരവു് അദ്ദേഹത്തോടെനിക്കു തോന്നി. അതിന്റെഫലമായി അടുത്ത ദിവസം രാവിലെതന്നെ ഞാനദ്ദേഹത്തെത്തേടിപ്പുറപ്പെട്ടു......അധികം അലയേണ്ടിവന്നില്ല മി: മേനോനെ കണ്ടുപിടിക്കാൻ. അതൃപ്തരുദ്ദേഹം പ്രസിദ്ധനായിരുന്നു, സുസമ്മതനായ ഒരു സമുദായസേവകനെന്നനിലയിൽ—

"സമുദായദ്രോഹകൻ എന്നു പറയണം ചേട്ടാ......" മധു ഇടയ്ക്കുകയറിപ്പറഞ്ഞു......

"നീ മിണ്ടാതിരിക്കൂമധു...ഞാനതുമുഴുവൻ കേട്ടുകൊള്ളട്ടെ...ഹും! എന്നിട്ടു്? അദ്ദേഹമവിടുണ്ടായിരുന്നോ—" മഹിത ഔത്സുക്യത്തോടെ ഭർത്താവിനെ നോക്കി.

"ഉവ്വ്...ഉണ്ടായിരുന്നു. മുകുളിതകരങ്ങളോടെ ഞാനദ്ദേഹത്തെ സമീപിച്ചു് എന്റെ കൃതജ്ഞതയെ അറിയിച്ചു...മി: മേനോന്റെമുഖത്തൊരു പ്രസന്നമായ കാക്കശ്യം പരന്നു...അദ്ദേഹം സൂക്ഷിച്ചെന്നെനോക്കി.

"മി: രവീ..." ഒരു മുരടിച്ചചിരിയോടെ എന്നോടു് അദ്ദേഹം പറയുകയാണു്, "അന്നാ അവരെ അയച്ചതു്. താങ്കളും പ്രസിദ്ധിയിലേയ്ക്കു നയിക്കപ്പെടട്ടെ എന്നുള്ള ഉദ്ദേശ്യത്തോടെതന്നെ. ഇനി ഒന്നിനപ്പുറം ഒന്നായി ആളുകൾ വന്നുകൂടിക്കൊണ്ടിരിക്കും. നല്ലകാലം നിങ്ങൾക്കും പ്രതീക്ഷിക്കാം. പക്ഷെ ഒരു കാര്യം...ഇത്തരം വെറും വാക്കുകളിൽക്കൂടിയുള്ള കൃതജ്ഞത എനിക്കാവശ്യമില്ല...ചെയ്യുന്ന വേലയ്ക്കനുയോജ്യമായ കൂലികിട്ടണമെനിക്കു്... ആട്ടെ...ഒരിതെന്തു്" എന്തുപറയുന്നു?—നിങ്ങളുടെ ഉയച്ച നിശ്ചയമല്ലേ?—അതിലെനിക്കുള്ള പങ്കു് വിസ്മരിക്കരുതല്ലോ—"

മാരകമായി അയാളൊന്നു ചിരിച്ചു. എന്റെ ഹൃദയത്തിൽ ഒരഗ്നി ആളിക്കത്തി. നിഃസ്വാർത്ഥമായ സേവനത്തിന്റെ പാകിൽ ശകതിയാവുന്നില്ലുന്നതു സ്വാർത്ഥതയുടെ കബളിപ്പിക്കലോ?—പലവിധ ചിന്തകളെന്നിൽ നരയിട്ടുവന്നു. പക്ഷെ യുക്തികൊണ്ടതിനെ ഞാൻ ജയിച്ചു. അദ്ദേഹത്തിന്റെ ജീവിതവശങ്ങളെക്കുറിച്ചു ചിന്തിക്കേണ്ട ഭാരമോ ഭാഗ്യമോ എനിക്കാവശ്യമില്ലല്ലോ. എന്നെ സഹായിച്ചതിനു് ഞാൻ നന്ദിയുള്ളവനായിരിക്കണം...അതും ആ വശ്യപ്പെട്ടനവിധത്തിൽ.

ഇരുപതുരൂപയുടെ രണ്ടു നോട്ടുകൾ അദ്ദേഹത്തിനു ഞാൻ നൽകി. അതു വാങ്ങിയ അവസരത്തിലും ആ പഴയ ചിരി മിന്നിമറഞ്ഞു. കൂടുതൽ നില്പാനോ ചിന്തിക്കാനോ എനിക്കാഗ്രഹമില്ലായിരുന്നു. സമാപ്തിവന്ദനത്തോടെ ഞാൻ പിരിഞ്ഞു.

വിശേഷങ്ങളൊന്നുമില്ലാത്ത ദിവസങ്ങൾ രണ്ടു കടന്നുപോയി. എന്റെ രോഗികളെ പ്രതീക്ഷിക്കേണ്ട ദിവസങ്ങളായിരുന്നു പിന്നീടു്. അക്ഷമയോടെ ഞാനവരെ കാത്തിരുന്നു. പക്ഷേ ഒരാളെപ്പോലും ഞാൻ പിന്നീടു കണ്ടില്ല. ആഴ്ച ഒന്നുകഴിഞ്ഞു; എന്നെ ശപിക്കാൻ വന്നിട്ടു കൊണ്ടു്...എന്നിട്ടും ഫലം പഴയതുതന്നെ...എന്റെ തല പുകഞ്ഞു...പിടികിട്ടാത്ത ഒരു രഹസ്യം അവർക്ക് പിന്നിൽ, അഥവാ ആ രോഗകഥകൾക്കു പിന്നിൽ രൂപംകൊള്ളുംപോലെ എനിക്കു തോന്നി. വെറും നിസ്സാരങ്ങളായ സൂചകേട്ടുകളാണവർ ഓരോരുത്തരും പ്രതിനിധീകരിച്ചതു്. ഒരുപക്ഷെ എന്നെ ഇളിഭ്യനാക്കാനുള്ള ഒരു പുറപ്പാടായിരുന്നിരിക്കാമതു്. അന്നത്തെ എന്റെ സന്തോഷത്തിൽ അതു ഞാൻ ശ്രദ്ധിച്ചില്ല.......

..."എന്നാ നിവൃത്തിയുണ്ടായതു? പറയണം...എന്നിട്ടു്..."...മഹിത ധൃതികൂട്ടി—

"ഹും! അങ്ങനെ ആ ഏഴു രോഗികളും വന്നതുപോലെ മറഞ്ഞു; എന്റെ മനഃസമാധാനം മുഴുവൻ കവന്നുകൊണ്ടു്. എന്റെ ഹിതേ! നീ ഇല്ലാത്ത ഈ വീട്ടിൽ, പൊള്ളിക്കുന്ന ഏകാന്തതയിൽ, ആഴ്ച പിന്നെയും കഴിഞ്ഞു് ഒന്നു്"...നീറുന്ന ചിന്തകളിൽ മുങ്ങി ഞാൻ നില്പുകയാണു്...

പെട്ടെന്നൊരു കാലടിശബ്ദം. ഞാൻ തിരിഞ്ഞുനോക്കി. പഴയ രോഗികളിൽ ഒരാളിതാ നിന്നിരുന്നു; അത്യധികമായി അവശപ്പെട്ടുകൊണ്ടു്. ഇത്തവണ ആ രോഗവിവരത്തെ വെറുമൊരുവിനോദപ്രകടനമായിരുന്നില്ല. ഞാൻ ശ്രദ്ധയോടെ പരിശോധിച്ചു മരുന്നു നൽകി.

അനല്പമായ ആശ്വാസം ലഭിച്ചെന്നു് ആ മുഖം ധ്വനിപ്പിച്ചപ്പോൾ. മുപ്പതുരൂപയുടെ ഒരു ബില്ല് ഞാനയാൾക്കു നീട്ടി—

അയാൾ ദീനനായി എന്നെ നോക്കി. പൊന്നേമോനേ!! എന്റെ കയ്യിൽ നാലുകാരെട്ടെ




ഐക്യരാഷ്ട്രസമിതിയുടെ ഭക്ഷ്യവകുപ്പി (എഫ്. എ. ഒ) ന്റെ വാർഷികസമ്മേളനത്തിൽ പ്രസിഡന്റ് ട്രൂമൻ പ്രസംഗിക്കുന്നു. ഭക്ഷ്യപ്ലാനുകൾ നടപ്പിലാക്കുന്നതിനു [illegible] യു. എസ്സ്. ന്റെ പൂർണ്ണമായ പിൻതുണയുണ്ടായിരിക്കുന്നതാണെന്നും പ്രസിഡന്റ് ഉറപ്പുനൽകുകയുണ്ടായി. യു. എസ്സ്. ന്റെ വിടവാങ്ങൽ [illegible] ഇതരരാജ്യങ്ങൾക്കു [illegible] അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

ക്കാനില്ല. ദൈവംസാക്ഷിയാണി പറയുകയാണ്... ഞാനൊരു പാവപ്പെട്ടവൻ!! പരാധീനക്കാരൻ''—

''പിന്നെ കഴിഞ്ഞയാഴ്ച, എനിക്കു തന്നതോ'—

''അതാ മേനോനേമാൻ തന്നതാ...അദ്ദേഹം പറഞ്ഞു ഇവിടെവന്ന് സുഖക്കേടെന്ന് പറഞ്ഞു മരുന്നുംവാങ്ങി പണവുംതരാൻ...ഞങ്ങളേഴുപേരോടും പറഞ്ഞു......സുഖക്കേടല്ല അദ്ദേഹംതന്നെ പറഞ്ഞുതന്നതാ''.........

''അതിന്റെ ഉദ്ദേശ്യം' എനിക്കു ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

''ആ...എനിക്കറിഞ്ഞുകൂട......ഇങ്ങനെ ഒരുപാട്ടുതവണ പലരേയും കളിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടദ്ദേഹത്തിന് വല്ല ലാഭവുമൊണ്ടായിരിക്കും—''

''ആട്ടെ, നിങ്ങൾക്കു വല്ലതും തരുമോ—''

''കാപ്പികുടിക്കാൻ വല്ലതും തന്നാലായി. അതും ചിലപ്പോൾമാത്രം—''

''അപ്പോൾ, കഴിഞ്ഞയാഴ്ച വന്നവരെല്ലാം എന്നെ വഞ്ചിക്കുകയായിരുന്നു—''

''ആ മേനോനേമാൻ പറഞ്ഞാൽ—''

എനിക്കെല്ലാം മനസ്സിലായി. ഇരുന്നൂറുരൂപായുടെ ഒരു കബളിപ്പിക്കൽ......അതിന് ഞാനുംഒരു കരുവായി......ഇത്തരക്കാരാണഹി തേ...ഇന്നത്തെ മാന്യന്മാർ!! മനുഷ്യരാക്ഷസന്മാർ!!.........

അത്യധികമായ അവജ്ഞയോടെ രവി പെട്ടെന്നു നിറുത്തി.

''എന്തുകൊണ്ടാ നിറുത്തിക്കളഞ്ഞതു്; ഓ... ഇനിയുള്ള ഭാഗമെനിക്കാണല്ലോ. ചേച്ചീ...ശേഷിച്ചതു ഞാൻ പറയാം.........''

പ്രസരിപ്പോടെ മധു തുടങ്ങി ''ആയിടയ്ക്കാണ് ഞാനിവിടെത്തിയതു്...'' ''ശ്രീജനിച്ചവിശേഷങ്ങളുമായി...ചേട്ടൻ സാവധാനം കഥകൾ ഓരോന്നായെന്നെ ധരിപ്പിച്ചു. അതു കേട്ടപ്പോഴേ വിചാരിച്ചു അയാളെ ഒന്നു പറ്റിക്കണമെന്ന്...ഡിസ്പെൻസറിയും, വീടും എന്നെ ഏല്പിച്ചിട്ട് ചേട്ടൻ കുത്തിനെക്കാണാനങ്ങുവന്നല്ലോ. അതായിരുന്നെനിക്കുപറ്റിയ അവസരം.........

എന്തിനധികം?......ചേച്ചീ, അടുത്തദിവസമതിരാവിലെ വളരെ neatly dressed ആയ ഒരു ഡാക്ടർ സുഭാഷ്, മി. മേനോന്റെ വീട്ടിലെത്തി. എന്തിനെന്നോ? പ്രസിഡന്റിനെ ടെന്നയാളുടെ സഹായമഭ്യർത്ഥിക്കാൻ, മുക്തകണ്ഠമുള്ള പ്രശംസകളോടെ അതവതരിക്കപ്പെട്ടു. മുഖസ്തുതികളിൽ മയങ്ങിപ്പോയി.........പത്തുരോഗികളെ വാഗ്ദാനവുംചെയ്തു അരന്തുറരൂപയുടെ പ്രതിഫലത്തിൻപേരിൽ...ഒരു വിഫലവിപരീതത്തിനുശേഷം ഡാക്ടരതു സമ്മതിച്ചു. പക്ഷേ, പണം കയ്യിലുടനെട്ടക്കണില്ലാഞ്ഞിട്ടായിരുന്നിരിക്കാം അയാൾ അപ്പോൾ കൊടുക്കാൻ ഒരുങ്ങിയില്ല. രോഗികളെ കിട്ടുന്നതിന്റെ അടുത്തദിവസംതന്നെ പണവുമായി അവിടെ എത്താമെന്നു മധുരമധുരമായ ഭാഷയിൽ പറഞ്ഞു് അയാളെ സമ്മതിപ്പിച്ചുകൊണ്ട് ഡാക്ടരവിടെനിന്നും യാത്രയായി.!! Consulting fee മുപ്പതുരൂപയാണെന്ന് അനുസ്മരിപ്പിക്കാൻ അയാൾ മറന്നില്ലെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതാണ് ചേച്ചീ.

ഒ്...അങ്ങിനെ നിർദ്ദിഷ്ടദിവസവും സമാഗതമായി...ഡാക്ടരുടെ ഡിസ്പെൻസറിയിൽ രോഗികൾ ഓരോന്നായ് പ്രവേശിച്ചു മരുന്നുമായി തിരിച്ചുപോയി. മൂന്നുമണിക്കൂറോളമതുനീണ്ടുനിന്നു. മുന്നൂറുരൂപയുടെ നോട്ടുകൾ മേശപ്പുറത്തു സ്ഥലവുംപിടിച്ചു. ഡാക്ടർ സംതൃപ്തിയോടെ കസേരയിൽ ചാഞ്ഞു ..കപടമീശയും കറുത്തകണ്ണടയും, ചെമ്പിച്ചതലമുടിയുമെടുത്തുമാറ്റി അദ്ദേഹം മൃദുവായി ഒന്നു ചിരിച്ചു...

പാവം മേനോൻ!! പിറ്റേദിവസം മുതൽ അയാൾ കാത്തിരിക്കുകയായിരുന്നു പണത്തിന്...പക്ഷേ വലയിട്ടരിച്ചാൽപോലും ഡാക്ടരെകിട്ടുക സാദ്ധ്യമല്ലായിരുന്നു...കടിച്ചുപിടിച്ചു നാലഞ്ചുദിവസമയാൾ ക്ഷമിച്ചു. എന്നിട്ടും പുള്ളിവരുന്നമട്ടുകണ്ടില്ല...ലോകത്തെ മുഴുവൻശപിച്ചുകൊണ്ടയാൾ പുറത്തിറങ്ങി ഒരുർജ്ജിതമായ രഹസ്യാന്വേഷണംനടത്തി. പക്ഷേ അങ്ങിനൊരു ഡാക്ടരെ അറിയുന്നവരായി ആരുമവിടില്ലായിരുന്നു. അയാളുടെ ഡിസ്പെൻസറിയേം, അധികമാരുടേയും ശ്രദ്ധകവരാത്ത ഒരു ഹോട്ടൽമുറിയും...ആ ഹോട്ടൽകാരനും മേനോന്റെ വർണ്ണനയ്ക്കൊത്ത ഡാക്ടരുടെ വിവരങ്ങൾ...നിശ്ചയമില്ലായിരുന്നു. മേനോന്റെ ഹൃദയത്തിലൊരു കൊടുങ്കാറ്റുവീശി...പാവത്തിന്റെ കോട്ടകൾ ഓരോന്നായടർന്നുവീണു. ചിറകൊടിഞ്ഞ പക്ഷിയേപ്പോലെ തലയുംകുനിച്ചയാൾ വീട്ടിലെത്തി...അതെല്ലാംകണ്ടു് പൊട്ടിച്ചിരിച്ചുകൊണ്ടാകൊച്ചു ഡാക്ടർ ഒരു പുതിയ വീട്ടിലെ ജനാലരികിൽനിന്നിരുന്നു... മേനോൻ കണ്ടില്ല...അഥവാ കണ്ടാലുമറിയുകയില്ലായിരുന്നു...ചേച്ചീ...ഇനിപ്പറയണം, ''ആ പുതിയ ഡാക്ടർ ആരായിരുന്നെന്നു്—!!''

പൊട്ടിച്ചിരിച്ചുകൊണ്ടു് മധു രവിയെനോക്കി...രവി മഹിതയേയും...

''അതൊ തങ്കം ഇതാ ഈ കള്ളൻതന്നെയായിരുന്നന്നത്തെ ഡാക്ടർ സുഭാഷ്!...ഉം!! എന്റെ കയ്യിൽനിന്ന് ഇരുനൂറ് അയാൾ വാ

# പൊൻകിനാവു്

ജി. കുമാരപിള്ള

അരുമയായ്പിന്നിയ വാർമുടിത്തുഞ്ചിലായ്
അരളിപ്പൂചൂടിയ പെൺകിടാവേ!
തുടുതുടെപ്പൂത്തൊരു പൊന്നിൻകിനാവുപോൽ
വയൽവക്കത്തെന്തേ നീ വന്നിടാത്തൂ?
മുളയായിട്ടന്നു നാം കണ്ടൊരീനെല്ലെല്ലാം
കതിർമാലചാർത്തുന്ന കാലമായി,
വയലിന്റെയോമനസ്വപ്നങ്ങളൊക്കെയും
കതിരായി; കൊയ്യേണ്ട കാലമായി.
കതിർമാലചൂടുന്ന പാടത്തെ മുത്തുവാൻ
കൊതിയാന്ന കുഞ്ഞരിപ്രാവിനെപ്പോൽ
ഇടവഴിത്താരയിലൂടെന്നെയെന്നിട്ട-
മണയാത്തതെന്തെന്റെ പൊൻകിനാവേ? 1

വിതരീന്ന നെല്ലാടംകാക്കുവാനന്നുഞാൻ
പുറവേലിവക്കത്തു നിന്നിടുമ്പോൾ
അകലെയായാവഴിത്താരയിലൂടെ നീ-
യൊരുമാത്രമിന്നി മറഞ്ഞനേരം
ഇടതിങ്ങി ഞാറുകൾ കൂമ്പിയമണ്ണുപോൽ
അകമയ്യോ! കോരിത്തരിച്ചുപോയി.
വിടരാനായ്‌വെമ്പുന്നോരരമുല്ലപ്പൂമൊട്ടിൻ
തെളിവാർന്നൊരോമനപ്പെൺകിടാവേ!
അതുതൊട്ടെൻചിന്തയിൽ കൂമ്പിയതെന്തെല്ലാം
മധുരിച്ച സ്വപ്നങ്ങളായിരുന്നു!
അതുതൊട്ടെൻ ചിന്തകൾ ലാളിച്ചതെന്തെല്ലാം
നിനവിന്റെ മൊട്ടുകളായിരുന്നു! 2

മരതകപാളിപോൽപാടിക്കളിയ്ക്കുന്നൊ-
രിളനെല്ലുനോക്കിഞാൻ നിന്നിടുമ്പോൾ
പതിവായിട്ടന്നുംനീ വയലോരത്തൂടൊരു
നിറമോലുമാശപോൽ വന്നതില്ലേ?
പരിചേലു പുതുപച്ചപ്പുള്ളികൾപൂവിട്ടൊ-
രുടയാടചാർത്തിയ പെൺകിടാവേ!
അതുതൊട്ടെൻചിന്തതൻകൂമ്പുകളൊക്കെയും
തളിരിട്ടു തത്തിക്കളിച്ചുനിന്നു;
തളിരിട്ടചിന്തകളൊക്കെയുമൊന്നുപോൽ
നിറമാർന്നുമിന്നിത്തിളങ്ങിനിന്നു. 3

എരിവെയ്‌ലിൻതീനാളമേറ്റേറ്റു വേനലിൽ-
പൊരിയുന്നപാടത്തിൻദാഹമാറ്റാൻ
ചെറുമീനിൻപറ്റങ്ങൾ ചാഞ്ചാട്ടംചാലിലെ-
ത്തെളിവെള്ളംതേകുന്നൊരെന്റെനേരേ
കളിയായിട്ടന്നുനീ കണ്ണെറിഞ്ഞില്ലേനൽ-
കടമിഴി നീലിച്ച പെൺകിടാവേ!
അതുതൊട്ടെൻ ചിന്തയിൽ പറ്റിപ്പിടിച്ചുപോയ്
കുളിരാർന്ന രോമനക്കള്ളനോട്ടം;
അതുതൊട്ടെൻ പൊള്ളുന്ന ചിന്തകൾക്കൊക്കെയും
അമൃതകി നിന്റെയക്കള്ളനോട്ടം. 4

കുടമാർന്നുചായുന്ന നെല്ലുകൾനോക്കിഞാൻ
വയലോരത്തന്നെല്ലാം നിന്നിടുമ്പോൾ
കുനിയുന്ന നാണത്താൽ കുനിയുന്നപൊന്മുഖം
പരിചേറ്റുതാഴ്ത്തി നീ വന്നതില്ലേ?
അതുതൊട്ടന്നുകളം തിങ്ങിത്തുളുമ്പുന്നൊ-
രഭിമാനഭാരത്താൽ ചാഞ്ഞുപോയി;
അതുതൊട്ടെൻചിന്തകളൊക്കെയും നിൻപേരിൽ
അറിയാതെയെന്നേക്കും ചാഞ്ഞുപോയി, 5

വിളവായനെൽപാടം കാക്കുവാനിന്നുഞാൻ
പുറവേലിവക്കത്തു വന്നുനിൽപ്പൂ.
കതിർമാലചൂടിയ പാടത്തെ മുത്തുവാ-
നണയുന്ന മാടപ്പിറാക്കൾനീളെ;
അകലെയായ് മാനവുംമണ്ണുമായ് തങ്ങളിൽ
മുകരുന്നിതൊന്നൊന്നുമോർത്തിടാതെ.
അരുമയായ് പിന്നിയ വാർമുടിത്തുഞ്ചിലാ-
യരളിപ്പൂചൂടിയപെൺകിടാവേ!
തുടുതുടെപ്പൂത്തൊരു പൊൻകിനാവായിനീ
വയൽവക്കിലൂടെന്തേ വന്നിടാത്തൂ? 6

മഴയേറ്റുമഞ്ഞേറ്റുകരൾപൊള്ളുംവെയിലേറ്റു
പരിചോടുലാളിച്ച നെല്ലിതെല്ലാം
വിതതൂകിപ്പൊരിവെയ്‌ലിൽ തെളിവെള്ളംകോരി
നയിരായിലാളിച്ച നെല്ലിതെല്ലാം [ഞൊ-
ഇളവീശി,കുടമേന്തി, കതിർചാർത്തിയെങ്ങെങ്ങും
കനകത്തിൻപൊടിപാറിത്തിങ്ങിനിൽപ്പൂ.
ഒരുപക്ഷേനാളെയിപ്പോൽക്കതിർക്കറ്റകൾ
ഉടയോന്റെ നെൽപ്പുരയ്ക്കുള്ളിലെത്താം.
പണമുള്ളോരുടയോന്റെ പൂങ്കാവനത്തിലെ-
പ്പുതുപൂക്കൾചൂടുന്ന പെൺകിടാവേ!
പുറവേലിവക്കത്തു നിന്നെയുമോർത്തുഞാ-
നിതുമട്ടിലെത്രനാൾ കാത്തുനിൽക്കാനു? 7

ലേഖനമാല

ഗ്രന്ഥകർത്താ,
സാഹിത്യകുശലൻ, ടി. കെ. കൃഷ്ണമേനോൻ.
അത്യന്തം ഗഹനങ്ങളായ അൻപതിൽപരം വിഷയങ്ങളെ അധികരിച്ച് രചിച്ചിട്ടുള്ള ലേഖനപരമ്പരകളുടെ ഒരു സമ്പൂർണ്ണസമാഹാരം!
വില ൨ രൂ. ൪ ണ.
ആവശ്യപ്പെടുക:- മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ങ്ങിയുള്ളൂ. പക്ഷേ മധു ഈടാക്കിയതോ മുന്നൂറുരൂപാ.''

''അയാൾക്കിതൊരു പാഠമാണചേട്ടാ —''

''എങ്കിലും മധൂ...അയാളുടെ പ്രവൃത്തി ഉർവ്വശീശാപംപോലെയാണ മാറിയതു്- അന്നയാൾ, കളിപ്പിക്കാനായിരുന്നെങ്കിലും അവരെ എന്റരികിലയച്ചില്ലായിരുന്നെങ്കിൽ, യഥാർത്ഥത്തിൽ സുഖമില്ലാതെവന്ന അവരിലൊരുത്തൻ എന്നെ സമീപിക്കുമായിരുന്നോ? അതിലെ വിജയത്തെത്തുടർന്നേറെപ്പേർ എന്റരികിലെത്തുമായിരുന്നോ? ഞാനിങ്ങനെ ഉയരുമായിരുന്നോ?

''അതു ശരിയാണന്നിയാ...ഈ നല്ലകാലത്തിനു കാരണമയാളാണല്ലോ. ഛെ! അയാൾ തിരിയെവരുമ്പോഴെങ്കിലും ഒന്നു വിളിച്ചു സല്ക്കരിക്കണം—''

''ആയിക്കൊള്ളൂ, ചേച്ചീ...പക്ഷേ ഒരു കാര്യം...ദേ, നമ്മുടെ കൊച്ചുശ്രീയെക്കണ്ടാൽ കൂടെ അയാളോടിയൊളിക്കും...പിന്നെ ചേച്ചി സല്ക്കരിക്കുന്നതു്......''

''ഭാവനയിലാകട്ടെ മധൂ...'' പുഞ്ചിരിയോടെ രവി മഹിതയെ നോക്കി—

''Right O !! മധു പൊട്ടിച്ചിരിച്ചു...''

മഹിതയുടെ മുഖത്തൊരു മഴവില്ലു പടർന്നു ...ഉറങ്ങിത്തുടങ്ങിയ കുഞ്ഞിനേയും എളിയിലേന്തി അവൾ മന്ദമന്ദം അകത്തേയ്ക്കുനടന്നു......

''രാധാ സമേതാകൃഷ്ണ—'' മധുവിന്റെ കളാകഴിവുകൾ അനുഗ്രഹീതമായരീതിയിൽ ശബ്ദമേറുതുടങ്ങി. രവിയുമതിലലിഞ്ഞുചേർന്നു—

(സമ്പൂർണ്ണം)

ഇതാ!




ലോകപ്രസിദ്ധിപ്പെട്ട
ട്രേഡ്മാർക്ക് ഷൺമുഖ പൊടി
ഒരു നൂററാണ്ടുകാലമായ്
നിത്യേന ലക്ഷക്കണക്കായി
ജനങ്ങൾ ഉപയോഗിച്ചുവരുന്നത്
എല്ലാ ഷാപ്പുകളിലും കിട്ടും.
SOLE MANUFACTURERS:-
ORIGINAL SHUNMUGAM SNUFF (ESTD 1839) Co
POST BOX 140. MADRAS. 1.

# മാഡം കോവലസ്കി

സരസ്വതീകടാക്ഷത്തിന് സ്ത്രീപുംസഭേദമില്ലെന്നു കാണിപ്പാൻ വേണ്ട തെളിവുകൾ മിക്ക സാഹിത്യഭണ്ഡാഗാരങ്ങളിലുമുണ്ട്. ഇന്ത്യാമഹാരാജ്യത്തിൽ വൈദികകാലംമുതല്ക്കുതന്നെ സുപ്രസിദ്ധകളായ അനേകം കവയിത്രികളും മററും ജീവിച്ചിരുന്നതായി സാഹിത്യചരിത്രങ്ങളിൽനിന്നു വെളിവാകുന്നു. സംസ്കൃതഭാഷാസാഹിത്യചരിത്രത്തിൽ വിജയാ, വിജ്ജകാ, ശീലാ, ഭട്ടാരിക, വികടനിതംബാ, ഫൽഗുഹസ്തിനീ, മാരികാ, നംഗമാ, തിരുമലാംബ, രാമഭദ്രാംബ, ഗംഗാദേവി എന്നീ പല സ്ത്രീകളുടേയും നാമധേയങ്ങൾ പ്രസ്താവയോഗ്യങ്ങളാണ്. തമിഴ്സാഹിത്യത്തിലേക്കു തിരിഞ്ഞാൽക്കാണാം അവ്വയാർ, കാരയ്ക്കാൽ അമ്മയാർ, മങ്കയർക്കരശി തുടങ്ങിയ അനുഗൃഹീതവനിതകളെ. മനോരമത്തമ്പുരാട്ടി മുതൽപേർ പണ്ടും കുട്ടിക്കുഞ്ഞുതങ്കച്ചിമുതൽപേർ അടുത്തകാലത്തും കൈരളീകൈങ്കര്യത്തിലേർപ്പെട്ടു സുപ്രതിഷ്ഠ സമ്പാദിച്ചിട്ടുണ്ട്. ഇംഗ്ലീഷ്സാഹിത്യചരിത്രത്തിൽ ജെയിൻ ആസ്റ്റിൻ, ജാർജ്ജ് എലിയട്ട്, മേരികൊറിലി ആദിയായവർ പ്രശസ്തിപ്രാപിച്ചിട്ടുള്ള മഹിളകളാണല്ലോ. ആംഗലഭാഷയിൽ കവനംചെയ്തുപോന്ന ഭാരതീയസന്താനങ്ങളിൽ തോരുഡട്ടും, സരോജിനിനായിഡുവും, സുപ്രധാനമായ സ്ഥാനങ്ങൾക്ക് അർഹകളായ കവയിത്രികളല്ലേ? സാഹിത്യപ്രവർത്തനം സംബന്ധിച്ചിടത്തോളം സ്ത്രീകൾ ഒട്ടും പിന്നോക്കമല്ലെന്ന് ഇതുകൊണ്ടു വ്യക്തമാകും. പക്ഷേ ശുഷ്കവും കാര്യമാത്രപ്രസക്തവുമായ ശാസ്ത്രങ്ങളിൽ പ്രവർത്തിച്ചുപോന്ന വനിതകൾ അപൂർവ്വമായിട്ടേ ഉണ്ടായിട്ടുള്ളു. ഒരു 'മനോരമ'ത്തമ്പുരാട്ടിയുടെ പേരു പറഞ്ഞുകഴിഞ്ഞാൽ പിന്നെ ഒരു പേരു പറയാൻ കുറെ വിഷമിക്കേണ്ടതുതന്നെ. കർക്കശമായ 'മനോരമ' എന്ന വ്യാകരണപംക്തികളിൽ സ്വച്ഛന്ദസഞ്ചാരം ചെയ്തതുകൊണ്ടായിരിക്കാം ആ വിദുഷി മനോരമത്തമ്പുരാട്ടി എന്ന പേരിൽ പ്രസിദ്ധയായതുതന്നെ.

ജ്യോതിശ്ശാസ്ത്രചരിത്രത്തിലും മററും സ്ത്രീകളുടെ നാമധേയം വളരെ വിരളമായേ കാണപ്പെടുന്നുള്ളു; ഭാരതത്തെ സംബന്ധിച്ചിടത്തോളം ഇല്ലെന്നുതന്നെ പറയാം. മുന്നണിയിൽ സ്ഥാനംപിടിച്ചിട്ടുള്ളവരെക്കണ്ടുപോരുന്നതു് സുദുർല്ലഭവുമാകുന്നു. ഒരു രാജ്യത്തിലോ ഒരു ഭാ

> ശതവത്സരജന്മദിനസ്മരണകൾ.
> ഇന്നലെ —1950 ജനുവരി 15—
> ആയിരുന്നു
> അവരുടെ ശതവത്സരജന്മദിനം.

ഷയിലോ മാത്രമുള്ളതല്ല ഈ വൈരളം. യവനസംസ്കാരചരിത്രമാകട്ടെ, ഹൈന്ദവസംസ്കാരചരിത്രമാകട്ടെ ഈ ഉത്സർഗത്തിന് അപവാദം നൽകുന്നില്ല. നമുക്കു ലഭിച്ചിട്ടുള്ള അറിവുവെച്ചു നോക്കുന്നതായാൽ ഒന്നാമത്തെ ഗണിതജ്ഞ ഹൈപ്പേഷ്യ എന്ന യവനവനിതയാണ്. അലക്സാണ്ട്റിയായിലെ വിദ്യാപീഠത്തിന്റെ അദ്ധ്യക്ഷനായിരുന്ന തിയാണിന്റെ പുത്രിയാണവർ. പിതാവിന്റെ കാലശേഷം ആ വിദുഷി ആ വിദ്യാപീഠത്തിന്റെ അദ്ധ്യക്ഷയായി വരിക്കപ്പെട്ടു. അവർ ഒരു തത്വജ്ഞാനപടുകൂടിയായിരുന്നു.

ഈ അടുത്തകാലത്തേയ്ക്കു കടക്കുകയാണെങ്കിൽ മാഡം ക്യൂറി എന്ന ശാസ്ത്രജ്ഞയുടെ പേർ എടുത്തു പറയാവുന്നതാണ്. അവരുടെ പേരു കേട്ടിട്ടില്ലാത്തവർ വളരെ ചുരുക്കമേ ഉണ്ടായിരിക്കുകയുള്ളു. പത്തൊമ്പതാംനൂററാണ്ടിൽ ജീവിച്ചിരുന്ന മറെറാരു വനിതയുടെ നാമംകൂടി പ്രസ്താവ്യമാണ്. മാഡം കോവലെസ്കി എന്ന റഷ്യൻശാസ്ത്രജ്ഞയുടെ പേരാണതു്. അവരെക്കുറിച്ച് അറിഞ്ഞിട്ടുള്ളവർ തുലോം ചുരുക്കമായിരിക്കാം.

മാഡം കോവലെസ്കി വനിതാലോകത്തിനെന്നപോലെ ശാസ്ത്രമണ്ഡലത്തിനും, സാഹിത്യാരാമത്തിനും ഒരു അഭിമാനസ്തംഭമാണ്. ശാസ്ത്രരംഗത്തിൽ വിശ്വവിഖ്യാതയായ മാഡം ക്യൂറിയോടു കിടപിടിക്കത്തക്ക ഒരു വ്യക്തിയാണ് മാഡം കോവലെസ്കി. മാഡം ക്യൂറി ഏകകാന്തിയെഴുന്ന ഒരു മാണിക്യമാകുന്നു; മാഡം കോവലെസ്കി നാനാമുഖങ്ങളിൽക്കൂടി പലവർണ്ണത്തിലുള്ള കിരണങ്ങൾ പ്രസ്ഫുരിപ്പിക്കുന്ന ശാണോല്ലീഢമായ ഒരു വൈരമണിയാകുന്നു. ആ മഹതിയുടെ ശാസ്ത്രീയമായ പ്രവർത്തനമണ്ഡലം 'ഗണിത'മായിരുന്നു; അതിനാൽ മാഡം ക്യൂറിയുടെ പര്യവേക്ഷണഫലത്തെപ്പോലെ 'വിപ്ലവാത്മകമായ പരിവർത്തനങ്ങൾക്ക് അവരുടെ കണ്ടുപിടിത്തങ്ങൾ ഇടയാക്കിയില്ല. ഒപ്പംതു്

മാനദണ്ഡമായിക്കരുതി അവയെ നിസ്സാരമാക്കാവുന്നതല്ല; അത്രയ്ക്കുണ്ട് അവയുടെ പ്രാമാണ്യവും പ്രാധാന്യവുമെന്ന് സൂക്ഷ്മദൃക്കുകൾക്ക് അറിവുള്ളതാണ്. മാഡം കോവലെസ്കി ഒരു ശാസ്ത്രജ്ഞമാത്രമല്ല, ഒരു സാമുദായികപ്രവർത്തകകൂടിയായിരുന്നു. സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിൽ വൈമുഖ്യം നടിച്ചവരോടും മററും ധീരധീരം പോരാടി പുരുഷന്മാർക്കുള്ള സ്വാതന്ത്ര്യവും സമത്വവും സ്ത്രീകൾക്കു കൈവരുത്തുന്നതിനുവേണ്ടി ആ പണ്ഡിത വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ഇതിനുമുപരിയായി അവർ ഒരു മികച്ച സാഹിത്യകാരിണിയായിരുന്നു. ഭാഷാശൈലി, ചിന്താഗതി ഇവയിൽ മാഡം കോവലെസ്കി റഷ്യയിലെ പ്രമുഖസാഹിത്യകാരോടു കിടനിൽക്കുമെന്നു റഷ്യയിലെ സാഹിത്യനിരൂപകന്മാരെല്ലാംതന്നെ ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ളതാണ്.

## റഷ്യാക്കാരിയായ ഒരത്ഭുത ഗണിതജ്ഞ

ചെറുപ്പത്തിൽ സാഹിത്യമോ, ഗണിതമോ ഏതാണ് തന്റെ പ്രവർത്തനപഥമായി സ്വീകരിക്കേണ്ടതെന്നു കുശാഗ്രബുദ്ധിയായ അവർ കുഴങ്ങി, ഒടുവിൽ ഗണിതത്തിലേയ്ക്കു തിരിഞ്ഞു. എന്നാലും സാഹിത്യസേവയ്ക്കുള്ള നൈസർഗ്ഗികവാസന സദാ അവരിൽ കുടികൊണ്ടിരുന്നു. ഗണിതപരമായ പ്രധാനപ്രബന്ധം നിർമ്മിച്ചശേഷം ഒരു മാററത്തിനുവേണ്ടി ആ വിദുഷി സാഹിത്യത്തിലേയ്ക്കു കടന്നു. അവരുടെ ബാല്യകാലസ്മരണകളെക്കുറിച്ച് ഒരു ആഖ്യായിക രചിക്കുകയുണ്ടായി. ആ ഗ്രന്ഥം പല ഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ശോഭനമായ ഈ ആരംഭത്തിന്റെ ചോടെ, കഷ്ടം, അവസരോചിതാലേശമെന്യേ കാലൻ 'സമാപ്ത'മെന്നെഴുതി.

ആരെയും ആകർഷിക്കുന്ന ആകാരസുഷമയാലും, ആരെയും അപഹൃതചിത്തരാക്കുന്ന നയനങ്ങളാലും ആ മഹതി അനുഗൃഹീതയായിരുന്നു. അവരുടെ സൌന്ദര്യം, നയനവൈശിഷ്ട്യം ഇവ 'ബുൻസൻ' എന്ന പ്രസിദ്ധ രസതന്ത്രജ്ഞനെ വശീകരിച്ചിട്ടുണ്ട്; അല്ല 'വിറളി' പിടിപ്പിച്ചിട്ടുണ്ട്. ആ സംഭവം പ്രസ്താവ്യമാണ്. ബുൻസന്റെ പരീക്ഷണശാല ഒന്നാംകിടയിലുള്ളതായിരുന്നു. സ്ത്രീകൾക്കു പ്രത്യേകിച്ച് റഷ്യയിലെ സ്ത്രീകൾക്കു അവിടെ അഭ്യസനസൌകര്യം നൽകുന്നതല്ലെന്നു ഡാക്ടർ ബുൻസൻ വിളംബരപ്പെടുത്തീട്ടുണ്ടായിരുന്നു. മാഡം കോവലെസ്കിയുടെ ഒരു സ്നേഹിതയ്ക്ക്—റഷ്യാക്കാരിയായ ഒരു വിദ്യാർത്ഥിനിയ്ക്ക്—ബുൻസന്റെ പരീക്ഷണശാലയിൽ ചേർന്നു പഠിക്കണമെന്ന് അതിയായ താല്പര്യംജനിച്ചു; എന്നാൽ അവളുടെ അപേക്ഷ അദ്ദേഹം നിരസിക്കുകയാണുണ്ടായതു്. ആ സ്നേഹിതയ്ക്കുവേണ്ടി, അവളുടെ ആവശ്യപ്രകാരം മാഡം കോവലെസ്കി ബുൻസനെ സന്ദർശിച്ചു. മാഡം കോവലെസ്കിയുടെ രൂപലാവണ്യം അവിവാഹിതനായിരുന്ന ബുൻസനെ വശംകെടുത്തി, ഇതികർത്തവ്യതാമൂഢനാക്കി എന്നു പറഞ്ഞാൽക്കഴിഞ്ഞല്ലോ. ചുരുക്കത്തിൽ അവരുടെ സ്നേഹിതയ്ക്കു ബുൻസന്റെ പരീക്ഷണശാലയിൽ പ്രവേശനംലഭിച്ചു. മാഡം കോവലെസ്കി യാത്രയായശേഷമാണ് ബുൻസൻ അവരോടുചെയ്ത വാഗ്ദാനത്തെപ്പററി ചിന്തിച്ചുതുടങ്ങിയതു്. "എന്റെ ദൃഢനിശ്ചയത്തെയും വിളംബരത്തെയും എന്നെക്കൊണ്ടുതന്നെ ആ സ്ത്രീ പിൻവലിപ്പിച്ചുവല്ലോ." അതിൽപിന്നെ ബുൻസൻ മാഡം കോവലെസ്കിയെ ഒരു 'അപകടക്കാരി'യായിട്ടാണു കരുതിപ്പോന്നതു്.

റഷ്യൻസാമ്രാജ്യത്തിൽ മോസ്കോ എന്ന പട്ടണത്തിൽ ൧൮൫൦ ജനുവരി ൧൫-ാംനു മാഡം കോവലെസ്കി ജനിച്ചു. മാഡം കോവലെസ്കിയുടെ കന്യകാനാമം 'സോഫി കോർവിൻ ക്രൂക്കൊവ്സ്കി' എന്നായിരുന്നു. ആ ബാലിക പതിനഞ്ചാംവയസ്സിൽ ഗണിതശാസ്ത്രാഭ്യസനം ആരംഭിച്ചു. മൂന്നുകൊല്ലംകൊണ്ടു ആ വിഷയത്തിൽ അനിതരസാധാരണമായ പ്രാവീണ്യം സമ്പാദിച്ചു. അവൾക്ക് ആ ശാസ്ത്രത്തിൽക്കൂടുതൽ ജിജ്ഞാസയും പ്രതിപത്തിയുമുളവായി; അതോടുകൂടി ഉപരിപഠനത്തിനുള്ള ആലോചനയുംതുടങ്ങി, അവളുടെ കുടുംബം ആഭിജാത്യവും സമ്പൽസമൃദ്ധിയുമുള്ള ഒന്നായിരുന്നതിനാൽ ഉപരിപഠനാർത്ഥം വിദേശത്തേക്കുപോകുവാൻ വൈഷമ്യംനേരിട്ടില്ല. അവൾ ജർമ്മനിയിലെ ഹൈഡൽബർഗ്ഗ് സർവ്വകലാശാലയിൽ ചേർന്നു പഠിച്ചു.

അക്കാലത്തു അവിവാഹിതകളായ വിദ്യാർത്ഥിനികളുടെ നില വളരെ ശോച്യമായിരുന്നു. കിംവദന്തികൾക്കും മററും ഇടംകൊടുക്കാതെയിരിക്കുന്നതിനുവേണ്ടി സോഫി പതിനെട്ടാമത്തെ വയസ്സിൽത്തന്നെ വിവാഹംകഴിച്ചു. ഭർത്താവിനെ റഷ്യയിൽത്തന്നെ വിട്ടുംവച്ചാണു അവർ വിദ്യാഭ്യാസത്തിനായി ജർമ്മനിക്കുപോയതു്. ഹൈഡൻബർഗ്ഗിൽ അവളുടെ ഗണിതാദ്ധ്യാപകനായിരുന്നതു് 'ലിയോ കൊണിങ്സ്ബർഗ്ഗർ' ആയിരുന്നു. അന്നത്തെ ഗണിതസമ്രാട്ടായിരുന്ന 'വീയർസ്ട്രാസ്സി'ന്റെ ശിഷ്യനായിരുന്നു അദ്ദേഹം. സോഫിയുടെ ഗണിതവാസന ശരിയ്ക്കു മനസ്സിലാക്കിയിരുന്ന ലിയോ കൊണിങ്സ്ബർഗ്ഗരുടെ ഉപദേശം സ്വീകരിച്ചു സോഫി വീയർസ്ട്രാസ്സിനെ സമീപിക്കുവാൻ തന്നെ നിശ്ചയിച്ചു. അത്രത്തോളം ശുഷ്കാന്തിയും, താല്പര്യവും അവൾക്കു ഗണിതത്തോടുണ്ടായിരുന്നു. വിശ്വവിഖ്യാതനായ ഒരു മഹാനെ പ്രഥമതഃ സന്ദർശിക്കുന്നതു് ആരെയും വലയ്ക്കുന്ന ഒരനുഭവമാണല്ലോ. ഇരുപതുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന സോഫി അവളുടെ സംഭ്രമം മറയ്ക്കുന്നതിനു വലിയ ഒരു ഹാററുംധരിച്ചാണ് ആ ഗണിതസമ്രാട്ടിനെ കാണുവാൻചെന്നതു്. അതിനാൽ ബുൻസനെ 'വിറളി'പിടിപ്പിച്ച അവളുടെ അത്ഭുതനയനങ്ങൾ കാണുന്നതിന് അദ്ദേഹത്തിന് സൌകര്യമുണ്ടായില്ല. സോഫിയുടെ സൌന്ദര്യമല്ല, അഭ്യസനാസക്തിയാണ് വീയർസ്ട്രാസ്സിനെ പ്രഥമസന്ദർശനത്തിൽത്തന്നെ അപഹൃതചിത്തവൃത്തിയാക്കിയതു്. അവളെ വിദ്യാർത്ഥിനിയായിസ്വീകരിക്കുന്നതിന് അദ്ദേഹം സർവ്വകലാശാലയുടെ അനുമതിക്കു അപേക്ഷിച്ചു. പക്ഷേ സർവ്വകലാശാല അനുമതി നൽകിയില്ല. അതിനാൽ അദ്ദേഹം സർവ്വകലാശാലയിലെ ജോലിക്കുശേഷമുള്ള സമയം അവളെ പഠിപ്പിച്ചുപോന്നു. അങ്ങനെ ൧൮൭൦-മുതൽ അവളുടെ വിജ്ഞാനതൃഷ്ണയ്ക്കു വേണ്ട പോഷണംലഭിച്ചുതുടങ്ങി. നാലുകൊല്ലം അങ്ങനെകഴിച്ചുകൂട്ടിയശേഷം ൧൮൭൪-ൽ അവൾ ഗട്ടിങ്കൽ സർവ്വകലാശാലയിൽനിന്നു ബിരുദംനേടി.

തീവ്രപ്രയത്നംകൊണ്ടു ക്ഷീണിച്ചിരുന്ന ആ മഹതി വിശ്രമാർത്ഥം റഷ്യയിലേയ്ക്കു മടങ്ങിച്ചെന്നു. അവളുടെ ഖ്യാതി അവൾക്കുമുമ്പെ അവിടെ എത്തിക്കഴിഞ്ഞിരുന്നു; അവൾക്കു കുറെ സ്തുതിപാഠകന്മാരുമുണ്ടായി. റഷ്യയിലെ ജീവിതകാലത്തു സാമുദായികവ്യാപാരങ്ങളിൽ നിമഗ്നയായി അവൾ 'സല്ലാപജീവിതം' ആരംഭിച്ചു. ഇക്കാലമെല്ലാം അവളുടെ ബുദ്ധിശക്തിക്കും, യോഗ്യതകൾക്കും യോജിച്ച ഒരു സ്ഥാനം നൽകുന്നതിനുവേണ്ടി വീയർസ്ട്രാസ്സ് ശ്രമിക്കുന്നുണ്ടായിരുന്നു. അതിൽ പററിയ പരാജയം അദ്ദേഹത്തെ കുണ്ഠിതപ്പെടുത്തി; അതോടുകൂടി മാഡം കോവലെസ്കി ഗണിതമണ്ഡലത്തിൽനിന്നു വിരമിച്ചു എന്ന വർത്തമാനം അദ്ദേഹത്തിന്റെ ഹൃദയവ്യഥയെ ശീഘ്രമാക്കി. സ്തുതിപാഠകന്മാരുടെ ഇടയ്ക്കുള്ള റഷ്യയിലെ ജീവിതം മാഡം കോവലെസ്കിയിൽ അഹംഭാവംജനിപ്പിച്ചു. 'മൺകുടത്തിലെ മണിപ്രദീപ'ത്തിന്റെ സ്ഥിതിവിട്ടു "ഉച്ചഞ്ചിടുംവയലിൽനന്മഴ നീരുപോലെ"യോ ആയില്ലേ ആ മഹതിയുടെ അപ്പോഴത്തെ ജീവിതം! എന്തെന്നാൽ ആ പ്രശസ്തമതി പണ്ഡിതന്മാരുടേയും ശാസ്ത്രജ്ഞന്മാരുടേയും സഹവാസം സ്വീകരിച്ചിരുന്നെങ്കിൽ ശാന്തജീവിതം നയിച്ച് വിജ്ഞാനതൃഷ്ണ വളർത്തിയേനേ! അമിതഭോഗഫലമായ അനാരോഗ്യത്തെയും അകാലമരണത്തെയും തടഞ്ഞേനേ!

൧൮൭൮. ഒക്ടോബർമാസം മാഡം കോവലെസ്കിക്ക് "ഫൌഫി" എന്നൊരു പുത്രിജനിച്ചു. പ്രസവാനന്തരമുള്ള ഏകാന്തത ആ വിദുഷിയിൽ ഉറങ്ങിക്കിടന്ന ഗണിതൌൽസുക്യത്തെ ഉണർത്തിവിട്ടു. അവർ ജന്മനാ ഒരു ഗണിതജ്ഞയാണെന്നും, ഗണിതത്തിൽനിന്ന് അവർക്ക് വിട്ടുനില്ക്കുവാൻ ഒരിക്കലും സാധിക്കുന്നതല്ലെന്നുമുള്ള പരമാർത്ഥങ്ങളിലേയ്ക്ക് അവരുടെ പ്രാപഞ്ചികക്ലേശം ആ പണ്ഡിതയെ നയിച്ചു. ൧൮൮൦-ൽ ആ പ്രബുദ്ധമതി വീണ്ടും പഴയ ഗുരുഭൂതനെ സന്ദർശിച്ചു; അതിനുശേഷം ജീവിതാവസാനംവരെ അവർ ഗണിതത്തിൽ വ്യാപൃതയായിത്തീർന്നു. അക്കാലത്തു് ദാമ്പത്യജീവിതം സ്ഥൈര്യമായ വിജ്ഞാനവ്യാപാരത്തിനു വിഘാതമായിട്ടാണ് അവർക്കു തോന്നിയതു്. ൧൮൮൩-ൽ അവരുടെ ഭർത്താവുമരിച്ചു. ആ സംഭവം കുറെദിവസത്തേയ്ക്ക് അവരെ സന്താപസാഗരത്തിൽ ആഴ്ത്തിയിരുന്നു. ഗണിതപരമായ പ്രവർത്തനത്തിലാണ് അവർ സമാധാനം കണ്ടെത്തിയതു്. അങ്ങനെ അവർ വിമുക്തയായി; സ്വേച്ഛാനുസരണം വിജ്ഞാനദേവിയെ സേവിക്കുവാൻ ആ പണ്ഡിതയ്ക്കു അവസരംലഭിച്ചു.

൧൮൮൪-ൽ ആ ഗണിതജ്ഞയ്ക്കു സ്റ്റോക്ക്ഹോം സർവ്വകലാശാലയിൽ ഉദ്യോഗംലഭിച്ചു. ൧൮൮൮-ൽ അവരുടെ ഒരു ഗണിതപ്രബന്ധത്തെ മുൻനിർത്തി ഫ്രെഞ്ചു് അക്കാഡമിയിൽനിന്ന് ആ അഭിജ്ഞയ്ക്കു് 'ബോർഡിൻ പ്രൈസ്' നൽകുകയുണ്ടായി. മാഡം കോവലെസ്കിയുടെ ആ പ്രബന്ധത്തിന്റെ വൈശിഷ്ട്യം അസാധാരണമായിരുന്നു എന്നുവേണം പറവാൻ. അധികാരികൾ ആ പ്രൈസിനു നിശ്ചയിച്ചു വിളംബരപ്പെടുത്തിയിരുന്ന തുക മൂവായിരം ഫ്രാങ്കായിരുന്നു; അക്കൊല്ലത്തേയ്ക്കു മാത്രമായിട്ട് അവർ അതു് അയ്യായിരം ഫ്രാങ്കായി വർദ്ധിപ്പിക്കുകയുണ്ടായി. അത്രയ്ക്കു മഹനീയമായിരുന്നു ആ പ്രബന്ധമെന്നവർ സമ്മതിച്ചു എന്നല്ലേ ഇതിൽനിന്നു മനസ്സിലാവുന്നതു്. ൧൮൮൯ മുതൽ ൧൮൯൧ വരെ ആ മഹതി സ്റ്റോക്ക്ഹോം സർവ്വകലാശാലയിൽ പ്രൊഫസ്സർ ഉദ്യോഗംവഹിച്ചിരുന്നു. ൧൮൯൧ ഫെബ്രുവരി പത്താംതീയതി സ്റ്റോക്ക്ഹോമിൽ വെച്ച് നാല്പത്തൊന്നാംവയസ്സിൽ ആ തേജോധാമം എന്നെന്നേയ്ക്കുമായി പൊലിഞ്ഞുപോയി.

ഇത്രയധികം ബഹുമതി ആർജ്ജിക്കുവാൻ മാഡം കോവലെസ്കി എന്തു ചെയ്തു എന്നു പറയേണ്ടതുണ്ടല്ലോ. ഗണിതപരമായ പ്രവർത്തനമായിരുന്നു അവരുടേതു്. അതിനാൽ അവർ നിർവ്വഹിച്ചിട്ടുള്ള ഗവേഷണങ്ങളെക്കുറിച്ചോ, അവർ വിജ്ഞാനമണ്ഡലത്തിനു നൽകീട്ടുള്ള സംഭാവനകളെക്കുറിച്ചോ കൂലങ്കഷമായി വിവരിക്കുക എന്നതു് എളുപ്പമങ്ങു ചെയ്തുതീർക്കാവുന്ന ഒരു കാര്യമല്ല; അഥവാ വിവരിക്കുന്നതായാൽ തന്നെ അതൊട്ടുമനസ്സിലാക്കുവാൻ കഴിയാത്തവരായിരിക്കും അധികംപേരും. അവർ സ്വീകരിച്ചിരുന്ന ഗവേഷണവിഷയങ്ങൾ, അവരുടെ ഏററവും പ്രധാനപ്പെട്ട പ്രസിദ്ധീകരണങ്ങൾ ഇവയുടെ നാമനിർദ്ദേശംമാത്രമാകാം. പ്രകാശശാസ്ത്രം, ചലനശാസ്ത്രം ഇവയായിരുന്നു ആ മഹതിയുടെ ഗവേഷണവിഷയങ്ങൾ. ഈ വിജ്ഞാനശാഖകളിലെ ചിലതത്വങ്ങൾക്ക് ആ പണ്ഡിത ഗണിതപരമായ വിശകലനം നൽകീട്ടുണ്ട്. ഗഹനങ്ങളായ ആ തത്വശകലങ്ങൾക്ക് അവർ നൽകീട്ടുള്ള വിശദീകരണം എത്ര സുഗമമാണെന്നോ? അതാസ്വദിച്ചവർക്ക് അറിയാവൂ. "Propagation of light in Gystalline medium" "On the rotation of a solid body about a fixed axis" ഇവയാണ് മാഡം കോവലെസ്കിരചിച്ചിട്ടുള്ള പ്രബന്ധങ്ങളിൽ പ്രധാനപ്പെട്ടവ. ഇവയിൽ രണ്ടാമത്തതാണ് അവരെ ബോർഡിൻ പ്രൈസിന് അർഹയാക്കിത്തീർത്തതു്. കൂടുതൽ വിവരിക്കുന്നതു് ഗണിതവിമുഖരായ സാധാരണക്കാർക്കു രുചിക്കുന്നതല്ലല്ലോ. അതുകൊണ്ട് അതിനു തുനിയുന്നില്ല.

എസ്. പരമേശ്വരൻ

—*—


**കേരളീയ ജ്യോതിഷമാസിക**

എല്ലാ മലയാളികുടുംബങ്ങളിലും വരുത്തി വായിക്കേണ്ടുന്ന

ഒരുത്തമ പ്രസിദ്ധീകരണം!

വരിസംഖ്യ മുൻകൂർ 5 രൂപാ.

മലയാളമാസം 1-ാംനു-തോറും പ്രസിദ്ധപ്പെടുത്തുന്നു

ഉടൻ ആവശ്യപ്പെടുക!

മാനേജർ, കേരളീയ ജ്യോതിഷമാസിക,

മുല്ലയ്ക്കൽ, ആലപ്പുഴ.

# ഇറാന്റെ വിദേശനയം

## ബ്രിട്ടനോടും അമേരിക്കയോടും അടുക്കുന്നു-- സോവ്യറ്റുമായി അകലുന്നു

(ലിയോപ്പോൾഡ് ഹെർമാൻ)

ആറുമാസംമുൻപ് പേർഷ്യ ഏകാകിനിയായിവർത്തിച്ചുവന്നു. അനാശാസ്യമായ ഇടപെടലുകളിൽനിന്നും സ്വതന്ത്രമായി ഒഴിഞ്ഞുനിന്നു സ്വാതന്ത്ര്യവും രാഷ്ട്രീയപരമാധികാരവും സംരക്ഷിക്കുന്നതിനെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ബുദ്ധിപൂർവമായ ഒരു നയമാണ് പേർഷ്യ അവലംബിച്ചുവന്നത്. എന്നാൽ കഴിഞ്ഞ ഏതാനും ആഴ്ചകൾക്കിടയിൽ ഈ നയത്തിൽ മാറ്റം വരുന്ന ചില ലക്ഷണങ്ങൾ ദൃശ്യമായി. ഒരു പുതിയനയം പേർഷ്യ അംഗീകരിച്ചു. ദൌർബല്യംകൊണ്ടുള്ള കൌശല്യമല്ല ഇന്നവരുടെ നയത്തിന്റെ അവലംബം. കയ്യിൽ ഒന്നുരണ്ടു ആസൂത്രിതവല്ലുകൊണ്ടും മററുചിലവ കരുതിവച്ചുകൊണ്ടും, വർദ്ധിച്ചുവരുന്ന ശക്തിയിൽനിന്നുളവാകുന്ന പ്രശാന്തതയും വിശ്വാസവുമാണ് അവരെ ഇന്നു നയിക്കുന്നത്. ഇറാൻ പാശ്ചാത്യരിലേയ്ക്കു കൂടുതൽ അടുത്തു. കിഴക്കും പടിഞ്ഞാറുമുള്ള അയൽ രാജ്യങ്ങളോടു കൂടുതൽ അടുത്തുവരാണു നീങ്ങുന്നത്.

ഈ മാററത്തിനുകാരണം കറെയൊക്കെ ലോകത്തിൽ പൊതുവേയും മദ്ധ്യപൂർവദേശത്തിൽ പ്രത്യേകവുംഉള്ള രാഷ്ട്രീയസംഭവങ്ങളുടെ ഗതിയും, ബുദ്ധിമാനും ഊർജ്ജസ്വലനും യുവാവുമായ മുഹമ്മദുറസാഷായുടെ രാഷ്ട്രീയകാര്യങ്ങളിൽ വർദ്ധിച്ചുവരുന്ന സ്വാധീനശക്തിയുമാണെന്നു പറയാം.

ടെഹറാനിലും പേർഷ്യൻവർത്തമാനപ്പത്രങ്ങളിലും പ്രധാനചർച്ചാവിഷയം ഷായുടെ അമേരിക്കൻ ഐക്യനാടുസന്ദർശനമാണ്. വ്യാമിശ്രമായ ഒരു സ്വീകരണമാണ് പ്രസ്തുത വാർത്താപ്രസിദ്ധീകരണത്തിനു പ്രാരംഭദശയിൽ ലഭിച്ചത്. സോവ്യറ്റുറഷ്യയെ കൂടുതൽ അകററുകയാണ് ഇതിന്റെ ഫലമെന്നു അനേകം പേർഷ്യാക്കാർ സംശയിച്ചു. ആഭ്യന്തരസ്ഥിതിഗതികൾ ഷായുടെ അഭാവം അനഭിലഷണീയമാക്കിത്തീർക്കുമെന്നും മററു ചിലർ അഭിപ്രായപ്പെട്ടു. അരമനമന്ത്രിയും മുൻപ്രധാനമന്ത്രിയുമായിരുന്ന മി. ഹഷീർ വധിക്കപ്പെട്ടപ്പോൾ തിരുമനസ്സുകൊണ്ടു നാട്ടിൽതന്നെ താമസിച്ചു് കുഴഞ്ഞുമറിഞ്ഞുവരുന്ന സ്ഥിതിഗതികൾക്കു നിയന്ത്രണം നൽകണമെന്നു ശക്തിയായി ഉപദേശിച്ച ഒരു പ്രബലകക്ഷിയുണ്ടായിരുന്നു. തൊഴിൽകുഴപ്പങ്ങൾ—അനേകം തൊഴിൽശാലകൾ പൂട്ടിയിട്ടിരുന്ന ഇസ്പഹാനിൽ വിശേഷിച്ചും—സന്ദർശനത്തെ എതിർത്തവരുടെഎണ്ണം വർദ്ധിപ്പിക്കുന്നതിനു സഹായിച്ചു. പാർലമെന്റു പ്രവർത്തിക്കാതെയിരിക്കയും ടെഹറാനിലും ടബ്രീസിലും നിന്നു അദ്ധ്യാമസ്ഥലമായ മജ്‌ലീസിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ അസാധുവാക്കപ്പെടുകയുംചെയ്തു പരിതഃസ്ഥിതിയിൽ ഷാ രാജ്യംവിടുക ബുദ്ധിപൂർവമല്ലെന്നു മററു ചിലർ വാദിച്ചു. പക്ഷെ, ഷായും അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളും യാത്രയ്ക്കു നിശ്ചയിച്ചുതായിക്കണ്ടു കഴിഞ്ഞപ്പോൾ അശുഭവിശ്വാസം ക്രമേണ നീങ്ങി വർത്തമാനപത്രങ്ങളും പൊതുജനങ്ങളും അഭിനന്ദനങ്ങളും ആശംസകളും ചൊരിഞ്ഞുതുടങ്ങി.

ഇരുരാജ്യങ്ങളും തമ്മിൽ ൧൯൪൬ മുതൽ വർദ്ധിച്ചു വരുന്ന സൌഹാർദ്ദത്തിന്റെ പരിണതഫലമാണ് പ്രസ്തുത സന്ദർശനം. ബ്രിട്ടനും റഷ്യയും തമ്മിൽ പേർഷ്യയിൽ-നടന്നുവരുന്ന മാത്സര്യത്തിനു ഒരു പ്രതിവിധിയായും മൂന്നാമതൊരു ശക്തിയായും അമേരിക്കയുടെ സ്വാധീനശക്തി പേർഷ്യക്കാർ സ്വാഗതം ചെയ്തുവരികയാണ്.

പേർഷ്യയിൽഅത്യധികം കൌതുകമുളവാക്കിട്ടുള്ളതു് അവിടുത്തെ സപ്തവത്സരപദ്ധതിയെ സഹായിക്കുന്നതിനു സർവരാജ്യബാങ്കിൽനിന്നു ൨൫൦ ലക്ഷം ഡാളറിന്റെ വായ്പ അനുവദിച്ചിട്ടുള്ളതായി ഷാ ന്യൂയാർക്കിൽവച്ചു വെളിപ്പെടുത്തിയെന്നുള്ള വസ്തുതയാകുന്നു. ആംഗ്ലോ ഇറേനിയൻ എണ്ണക്കമ്പനിയിൽനിന്നുള്ള ആദായത്തിൽനിന്നു പ്രസ്തുത കടം കൊടുത്തുതീർക്കുന്നതാണ്.

ഷായുടെ സന്ദർശനം സംബന്ധിച്ചുള്ള തലസ്ഥാനനഗരിയിലെ വിശ്വാസം മദ്ധ്യപൂർവദേശത്തും ഏഷ്യയിലും പൊതുവായും റഷ്യയെ സംബന്ധിച്ചു പ്രത്യേകമായും അതു പേർഷ്യയുടെ നില സുശക്തമാക്കുന്നതിനു സഹായിക്കുമെന്നുതന്നെയല്ലാ ആയുധസാമഗ്രികൾ നൽകുന്നതിൽനിന്നും, ഷായും ഉപദേഷ്ടാക്കളും വാഷിംഗ്ടണിൽവച്ചു നടത്തുന്ന സൈനിക സംഭാഷണങ്ങളുടെ ഫലമായും സാരമായ സൈനികസഹായത്തിന്റെ വർദ്ധനവും കൂടിയുണ്ടാകുമെന്നാണ്. സാമ്പത്തികമണ്ഡലത്തിലാണെങ്കിൽ, പേർഷ്യയിൽ ബ്രിട്ടനും അമേരിക്കയും മുതൽമുടക്കുമെന്നുള്ള വിശ്വാസവും വർദ്ധിച്ചുവരികയാണു ചെയ്യുന്നതു്:

ഷായ്ക്കുലഭിച്ച സ്വീകരണം, അതുസംബന്ധിച്ച ആഘോഷത്തിന്റെ പെരുമാററം, യുണൈറ്റഡ് സ്റ്റേറ്റ്സ് സന്ദർശനത്തിൽ അദ്ദേഹം പ്രകടിപ്പിച്ച മനോഭാവം എന്നിവ അദ്ദേഹത്തെ സംബന്ധിച്ചുള്ള പൊതുജനപ്രീതി വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതു്. അതോടുകൂടിത്തന്നെ യു. എസ്. സൈനികജാൻഡർമറീ സംഘങ്ങളുടേയും സപ്തവത്സരപദ്ധതിസംബന്ധിച്ചുള്ള അമേരിക്കൻ ഉപദേഷ്ടാക്കളുടേയും പ്രവർത്തനം പ്രശാന്തവും കാര്യക്ഷമവുമായ വിധത്തിൽ തുടർന്നുവരുന്നു.

ഷായുടെ അമേരിക്കൻസന്ദർശനത്തോടുള്ള സോവ്യറ്റുറഷ്യയുടെ മനോഭാവത്തെ സംബന്ധിച്ചു ചില പേർഷ്യാക്കാർക്കു ആശങ്കയാണുള്ളതു്. ഔദ്യോഗികമായി സോവ്യറ്റു യാതൊന്നും പ്രവർത്തിച്ചിട്ടില്ലെങ്കിലും അവരുടെ അനുയോഗസ്ഥഏജൻസികൾ പ്രവർത്തനനിരതരായിക്കണ്ടെപ്പെടുന്നു. "പേർഷ്യയുടെ ആത്മാവു പാശ്ചാത്യമുതലാളിത്വത്തിനു വിലകൊടുക്കുന്നതിനും സാമ്പത്തികവും സൈനികവുമായ ഒരു രഹസ്യഉടമ്പടി ഒപ്പുവയ്ക്കുന്നതിനുമാണ് ഷാ അമേരിക്ക സന്ദർശിക്കുന്നതെന്നു ആരോപണം നടത്തിക്കൊണ്ടു അനുദിനമെന്നോണം ഷായേയും പേർഷ്യയിലെ അധികാരിവർഗ്ഗത്തേയും രൂക്ഷമായി വിമർശിച്ചുകൊണ്ട് അസർബൈജാനിലെ രഹസ്യറഷ്യൻറേഡിയോസ്റ്റേഷൻ റഷ്യൻഭാഷയിൽ പ്രക്ഷേപണങ്ങൾ നടത്തിവരുന്നു. പേർഷ്യയും പാശ്ചാത്യശക്തികളുമായി വർദ്ധിച്ചുവരുന്ന സമീപനത്തെ അധിക്ഷേപിച്ചുകൊണ്ടുള്ള "മർഡ്" പത്രികയുടെ ലക്കങ്ങളും രഹസ്യമായി പ്രചരിപ്പിച്ചുവരുന്നു.

ഒരു മഹച്ഛക്തി മററൊന്നിനോടെന്നുള്ള നിലയിലാണ് ഈയിടെ പേർഷ്യ റഷ്യയോടുള്ള ഇടപാടുകളിലും പെരുമാറുന്നതു്. അമേരിക്കയിൽവച്ചു ഷാ ചെയ്ത താഴെപ്പറയുന്ന അഭിപ്രായപ്രകടനം പേർഷ്യാക്കാരെ സന്തുഷ്ടരാക്കിയിട്ടുണ്ട്. "സോവ്യറ്റുഗവണ്മെന്റുമായുള്ള ഞങ്ങളുടെ ബന്ധത്തെസംബന്ധിച്ചാണെങ്കിൽ വാണിജ്യസംബന്ധമായെങ്കിലും അതു് അഭിവൃദ്ധിപ്പെട്ടുവരികയാണ്. രൊക്കവിലയ്ക്കു് ൫൦൦൦൦ ടൺ ഗോതമ്പു തരാമെന്ന് സോവ്യറ്റുഗവണ്മെന്റു സമ്മതിച്ചതു് ഇതിനൊരു ദൃഷ്ടാന്തമാണ്. സൌഹൃദബന്ധങ്ങൾ പൊതുവിൽ അഭിവൃദ്ധിപ്പെട്ടുവരുന്നതോടൊപ്പം സോവ്യറ്റ-പേർഷ്യൻ രാഷ്ട്രീയബന്ധങ്ങളും അഭിവൃദ്ധിപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു." എന്നാണദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായതു്.

പേർഷ്യയും സോവ്യറ്റുറഷ്യയുമായുള്ള വാണിജ്യബന്ധത്തെപ്പററിയാണെങ്കിൽ, യു. എസ്. എസ്. ആർ. ഗോതമ്പും സിമന്റും ഈയിടെ വിലയ്ക്കുകൊടുത്തതു് പേർഷ്യൻഗവണ്മെന്റിനല്ല, സ്വകാര്യവ്യാപാരത്തിലേർപ്പെട്ടിട്ടുള്ള പേർഷ്യൻവ്യാപാരികൾക്കാണ് എന്നതു രസാവഹമാണ്.

സോവ്യറ്റുറഷ്യയുമായി എതിരിട്ടുനില്ക്കുന്നതിനുള്ള പേർഷ്യയുടെ നിശ്ചയം റഷ്യൻസേനയെ പേർഷ്യൻപ്രദേശങ്ങളിൽനിന്നു പിൻവലിക്കണമെന്ന് ഐക്യരാഷ്ട്രസഭയോടാവശ്യപ്പെട്ടതുമുതൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. വടക്കൻപ്രദേശങ്ങളിലെ എണ്ണവിഭവങ്ങളെസംബന്ധിച്ചുണ്ടായ കാവാം സാഡ്ചിക്കോവ് കരാർ, ൧൯൪൭-ൽ മജ്‌ലീസ് തിരസ്കരിച്ചപ്പോൾ അതു വീണ്ടും പ്രകടമാക്കപ്പെട്ടു.

നാഷനൽബാങ്കിൽനിന്നു യുദ്ധകാലത്തു് "സൂക്ഷിപ്പിനായി" എടുത്തുകൊണ്ടുപോയ ൧൧ ടൺ സ്വർണ്ണവും ൮,൩൦൦,൦൦൦ ഡാളറും തിരിച്ചുകിട്ടണമെന്നും, സോവ്യറ്റ്-പേർഷ്യൻ കാസ്പ്യൻ മത്സ്യക്കമ്പനിയുടെ മാനേജുമെന്റിൽ പേർഷ്യയ്ക്കു ശരിയായ പ്രാതിനിധ്യവും പേർഷ്യയോടു ന്യായമായ പെരുമാററവും ലഭിക്കണമെന്നുംഉള്ള നിർബ്ബന്ധപൂർവമുള്ള വാദങ്ങളും ഇടയ്ക്കിടെ അതിർത്തിദേശത്തുണ്ടാകുന്ന തർക്കങ്ങൾസംബന്ധിച്ചും അന്യോന്യം നയതന്ത്രബന്ധമപ്പെടുത്തുന്നതുസംബന്ധിച്ചും പേർഷ്യൻവിദേശകാര്യമന്ത്രി മി: ആലിഅഷ്ഗർഹിക്മത്ത് അവലംബിച്ചിട്ടുള്ള ശക്തമായ നിലയും ഇതിനു് ഈയിടെയുള്ള തെളിവുകളാണ്.

അവസാനംപറഞ്ഞിട്ടുള്ളതു് കുറേക്കാലമായി നിലവിലിരിക്കുന്ന ഒരു പ്രശ്നമാണ്. തുടർച്ചയായി നടത്തപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളുടെ ഫലമായി പേർഷ്യയിലുള്ള ൧൧ സോവ്യറ്റുനയതന്ത്രസ്ഥാപനങ്ങൾ (കോൺസുലേററ്) നിർത്തലാക്കണമെന്നു പേർഷ്യ നിർബ്ബന്ധിച്ചു. ൧൯൪൧-നുമുമ്പ് സോവ്യറ്റ് ചെറിയരീതിയിലുള്ള നയതന്ത്രപ്രാതിനിധ്യംകൊണ്ടു തൃപ്തിയടഞ്ഞിരുന്നു; പക്ഷെ സഖ്യശക്തികൾ പേർഷ്യയിൽ പ്രവേശിച്ചതോടുകൂടി കൂടുതൽ പ്രാതിനിധ്യം അർഹിക്കുന്നതായി റഷ്യ അഭിപ്രായപ്പെട്ടു. പേർഷ്യ ഇതിനു സമ്മതിച്ചു; പക്ഷെ, സൈനികസ്ഥിതിഗതികൾക്കു വിധേയമായി, സോവ്യറ്റുറഷ്യയിൽ പേർഷ്യയ്ക്കും തുല്യമായ നയതന്ത്രപ്രാതിനിധ്യം അനുവദിക്കപ്പെടണമെന്നുള്ള വ്യവസ്ഥയോടുകൂടിയായിരുന്നു അതു്.

കഴിഞ്ഞ ജൂലൈമാസത്തിൽ, യുദ്ധം സമാപിച്ചതിനാൽ നയതന്ത്രസമീകരണതത്വം അംഗീകരിച്ചു നടപ്പിൽവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടു ഇറാനിയൻഗവണ്മെന്റ് ടെഹറാനിലെ സോവ്യറ്റ്അംബാസ്സഡർക്ക് ഒരു നോട്ടയയ്ക്കുകയുണ്ടായി. ഇതിൽ നടപടിനടത്താഞ്ഞതിനാൽ തുടർന്നു രണ്ടു കത്തുകൾ അയയ്ക്കപ്പെട്ടു. ൧൯൪൯ മേയിൽ അയച്ച അവസാനത്തെ നോട്ടിൽ, ൧൯൪൧-ൽ കൈമാറിയ കത്തുകളിൽ സമ്മതിച്ച കരാർ സോവ്യറ്റുഗവണ്മെന്റ നടപ്പിൽവരുത്തിയിട്ടില്ലാത്തതിനാൽ, കാസ്പ്യൻതീരത്തു ബന്തർപഹ്ലവിയിലുള്ളതൊഴികെ പേർഷ്യയിലുള്ള സകല സോവ്യറ്റുപ്രതിപുരുഷാലയങ്ങളും നിർത്തലാക്കിക്കൊള്ളണമെന്നു ആവശ്യപ്പെട്ടിരുന്നു. പേർഷ്യയിലെ സകല സോവ്യറ്റുകാൺസലേററുകളും നിർത്തൽചെയ്യുന്നതിനുതീർപ്പുചെയ്യും റഷ്യൻഭൂമിയിലുള്ള ഏക പേർഷ്യൻകോൺസുലേററായ ബാക്കുവിലെ പ്രതിപുരുഷാലയം നിർത്തലാക്കണമെന്നാവശ്യപ്പെട്ടും സോവ്യറ്റുഅംബാസ്സഡർ ഇതിനു മറുപടിനൽകി.

കഴിഞ്ഞ മേയ് ൨൦-ാംനു ടെഹറാനിലെ സോവ്യറ്റുഎംബസ്സിയെ അറിയിക്കുകയുണ്ടായി, ബാക്കുവിലെപേർഷ്യൻകാൺസുലേററ നിർത്തലാക്കുന്നതിനുള്ള നടപടികൾ "ഇമ്പീരിയൽഗവണ്മെന്റ്" നടത്തുന്നു എന്നു്.

അതങ്ങനെയായി. കഴിഞ്ഞ ആറുമാസങ്ങളായി പേർഷ്യയും സോവ്യറ്റുയൂണിയനും തമ്മിലുള്ള ബന്ധം അല്പമായി അഭിവൃദ്ധിപ്പെട്ടിരിക്കുന്നതായി ടെഹറാനിൽ വിശ്വസിക്കപ്പെടുന്നു. സോവ്യറ്റുഅംബാസ്സഡർ മി: സാഡ്ചിക്കോവ് ടെഹറാനിൽ തിരിച്ചുവന്നിട്ടില്ലെങ്കിലും അവിടുത്തെ ഷാർജ്ജീഡഫെസ് സൌഹാർദ്ദപൂർവമാണ് പെരുമാറിവരുന്നതു്. ഷായുടെ തിരുനാൾസംബന്ധിച്ചുള്ള "സലം"മിൽ അദ്ദേഹം പങ്കെടുത്തതായി കാണപ്പെട്ടു. മീറാബാദു വിമാനത്താവളത്തിൽ മിലിററിഅററാഷെയും രണ്ടു "ടാസ്സ്" ലേഖകന്മാരും അനുഗതനായി ഷായെ അമേരിക്കയിലേയ്ക്കു യാത്രയയ്ക്കുന്നതിനു അദ്ദേഹം സന്നിഹിതനായിരുന്നതു് അത്ഭുതപൂർവമായ ഒരു സംഭവമായിരുന്നു. ഷാ അദ്ദേഹവുമായി അല്പനേരം സംഭാഷണം നടത്തുകയും അദ്ദേഹം തിരുമേനിയെ താണുവണങ്ങുകയും ചെയ്തു.

ഏഷ്യയിലെയും മദ്ധ്യപൂർവദേശത്തേയും ഇതരരാജ്യങ്ങളുമായുള്ള പേർഷ്യയുടെ ബന്ധം ഈയിടെയായി കൂടുതൽ സൌഹാർദ്ദതയിലാണ്.

"പേർഷ്യ ഒരു അറബിരാജ്യമല്ല" എന്നാണ് ഈയിടെ അവിടത്തെ വിദേശമന്ത്രി പ്രസ്താവിക്കുകയുണ്ടായതു്. എന്നാൽ ഒരു അറബിയൂണിയനു അവർ വിമുഖരല്ലെന്നും, മുസ്ലിം.സംയോജനത്തിന്റെ ഭാവിവികസനത്തിന്റെ വെളിച്ചത്തിൽ അതിനെപ്പററി ഗൌനിക്കാവുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മതം പേർഷ്യയെ ഇതരമുസ്ലിംരാജ്യങ്ങളുമായി നാം പ്രതീക്ഷിക്കുന്നതുപോലെ ബന്ധത്തിലേർപ്പെടുത്തിയിട്ടില്ലെന്നു ഓർക്കേണ്ടതാണ്. നാനൂറുസംവത്സരങ്ങളായി ഷിയാവിഭാഗത്തിന്റെ ആസ്ഥാനമാണ് പേർഷ്യ. മദ്ധ്യപൂർവരാജ്യങ്ങളിൽ ഇറാക്കിലും മൊറോക്കൊയുടെ ചില ഭാഗങ്ങളിലും ഒഴികെ പ്രാബല്യത്തിലിരിക്കുന്ന "സുന്നി" വിഭാഗവുമായി അവർക്കുള്ള അനുഭാവം പരിമിതംമാത്രമാണ്.

പേർഷ്യയും, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള മൈത്രീബന്ധത്തെ പേർഷ്യയിലെ സാമ്പത്തിക-രാഷ്ട്രീയ സാംസ്കാരികകേന്ദ്രങ്ങൾ കൌതുകപൂർവമാണ് വീക്ഷിച്ചുവരുന്നതു്. ഇരുരാജ്യങ്ങളുമായി വർഗ്ഗപരമായും സാംസ്കാരികമായും ഭാഷാപരമായും അവർക്കു ബന്ധമുണ്ടു്. പാകിസ്ഥാനുമായി ഒരു പൊതുമതമുണ്ടെന്നുള്ള ബന്ധം കൂടുതലായുമുണ്ടു്.

ഇൻഡ്യയുമായി സൌഹാർദ്ദബന്ധം പുലർത്തുന്നതിനും 'സാംസ്കാരികമണ്ഡലത്തിൽ വിശേഷിച്ചും' ഷായുടെ രാജധാനിയിലെ ഇന്ത്യൻ അംബാസ്സഡർ മി. ആലിസഹീർ അനവരതം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഉത്സാഹഫലമായി ഈയിടെ സ്ഥാപിതമായ ഇൻഡോ-പേർഷ്യൻ സാംസ്കാരിക സംഘടനയുടെ ഉൽഘാടനവേളയിൽ പേർഷ്യൻവിദേശമന്ത്രിയും പേർഷ്യയിലേയും അന്യദേശങ്ങളിലേയും പല പ്രമുഖവ്യക്തികളും സംബന്ധിച്ചിരുന്നു. സാമ്പത്തികകാര്യങ്ങളിലും അടുത്തബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ഇന്ത്യ, പകിസ്ഥാൻ, ഇറാൻ എന്നീ ഗവണ്മെന്റുകളുടെ ആലോചനാവിഷയമായിരിക്കുന്നു. പ്രാരംഭമായ ഈ പരീക്ഷണങ്ങൾ വാണിജ്യഉടമ്പടികളിൽ പര്യവസാനിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ഹിർമണ്ട്നദിസംബന്ധിച്ചുള്ള വിഷമപ്രശ്നം ആഫ്ഗാനിസ്ഥാനുമായി ആലോചിച്ചുതീരുമാനിക്കേണ്ടതായുണ്ടു്. ആഫ്ഗൻപ്രദേശത്തുത്ഭവിച്ച് ഏറിയഭാഗവും അവിടെക്കൂടി ഒഴുകിവരുന്ന പ്രസ്തുത നദി പേർഷ്യയിലെ സിസ്റ്റാൻപ്രവിശ്യയിൽ കൃഷിക്കു സഹായിക്കുന്നു. ദീർഘകാലത്തെ വരൾച്ചയും, നദിയിൽനിന്ന് ജലസേചനത്തിനു തോടുവെട്ടുന്നതിനുള്ള ആഫ്ഗൻപദ്ധതിയെപ്പററി സിസ്റ്റാനികൾക്കുണ്ടായിട്ടുള്ള സംശയവും ഈ തർക്കത്തിനു കാർക്കശ്യംവർദ്ധിപ്പിച്ചിട്ടുണ്ടു്. ഏതായാലും ഈ



1949-ൽ കെമിസ്ട്രിക്കു് നോബൽസമ്മാനം നേടിയ ഡാക്ടർ വില്യം എഫ്. ഗയാക്ക്. ഇദ്ദേഹം കാലിഫോർണിയാസർവ്വകലാശാലയിലെ ഫിസിക്കൽകെമിസ്ട്രി പ്രഫസറാണ്. ഇദ്ദേഹത്തിനു 54 വയസ്സ് പ്രായമുണ്ടു്.



1949 നവംബർ 8-ാംനു ന്യൂയാർക്ക്പൌരന്മാർ ഡെമോക്രാററിക്ക് സ്ഥാനാർത്ഥിയായ വില്യം ഓഡ്വയറെ ന്യൂയാർക്ക്മേയറായി രണ്ടാമത്തെ പ്രാവശ്യവും തിരഞ്ഞെടുത്തിരിക്കുന്നു.



നവംബർ 16-ാംനു ന്യൂഡെൽഹിയിലെത്തിയ യു. എസ്. സെനററ് അപ്രോപ്രിയേഷൻസ്കമ്മിററി സബ്കമ്മിററിലെ അംഗമായ സെനറ്റർ ഗ്രീൻ.

ബാലപംക്തി

# അത്യാഗ്രഹിക്കുള്ളതും നശിക്കും

എച്ച്. ശങ്കരനാരായണൻ, ഫാറം IV തവ: ഇംഗ്ലീഷ്ഹൈസ്കൂൾ, കൊല്ലം.

തിരുവിതാംകൂറിലെ രാജാക്കന്മാർ അവരുടെ ജന്മദിവസത്തിനും മററും രാജധാനിയിൽ ബ്രാഹ്മണൎക്കു സദ്യയും സർവ്വാണി (ദക്ഷിണ) കൊടുക്കുക പതിവ് ഉണ്ടായിരുന്നല്ലോ. അതിനു തിങ്ങിക്കൂടുന്ന ജനങ്ങൾക്കു കയ്യും കണക്കുമില്ല.

പണ്ടു ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ ഷഷ്ട്യബ്ദപൂർത്തിക്കു ദൂരദിക്കിൽനിന്നുവരുന്ന വൈദികബ്രാഹ്മണശ്രേഷ്ഠന്മാർക്കു മൈൽ ഒന്നിനു ഒരുരൂപാ പ്രത്യേകം സഞ്ചാരപ്പടി നൽകുന്നതാണ് എന്നു വിളംബരം ചെയ്തിരുന്നു. ഇതുകേട്ടു മലബാർ, കൊച്ചി, തഞ്ചാവൂർ, മധുര, തിരുനൽവേലി മുതലായ സ്ഥലങ്ങളിൽനിന്നു അനേകംപേർ വന്നിട്ടുണ്ടായിരുന്നു. അതിൽ കളക്കാട്ടിൽനിന്നും മഹാദേവയ്യർ എന്നും സോമസുന്ദരയ്യർ എന്നും രണ്ടു സ്നേഹിതന്മാർ ഉണ്ടായിരുന്നു. ഇവരിൽ മഹാദേവയ്യർ ബുദ്ധിശാലിയും സാധുവും അപരൻ സ്വാർത്ഥതല്പരനും അസൂയക്കാരനുമായിരുന്നു.

സദ്യകഴിഞ്ഞു ബ്രാഹ്മണർ ഓരോരുത്തരായി മഹാരാജാവിന്റെ തൃക്കയ്യിൽനിന്നും അവൎക്കു കിട്ടാനുള്ള പ്രതിഫലം വാങ്ങാൻ തുടങ്ങി. മഹാദേവയ്യർ കളക്കാട്ടിൽനിന്നും തിരുവനന്തപുരത്തിനുള്ള ൧൦൦ മൈലിനു ൧൦൦ രൂപാ വാങ്ങി. തന്റെ സ്നേഹിതന്റെ ഇരട്ടി കിട്ടണമെന്നുള്ള ആഗ്രഹത്തോടുകൂടി സോമസുന്ദരയ്യർ രാജസന്നിധിയിൽചെന്നു താൻ സാക്ഷാൽ വിഷ്ണുഭഗവാൻ അധിവസിക്കുന്ന വൈകുണ്ഠത്തിൽനിന്നാണ് വരുന്നതെന്നു പറഞ്ഞു. ഇതുകേട്ടു രാജാവു വൈകുണ്ഠത്തേയ്ക്കുള്ള ദൂരം മന്ത്രിയോടു കണക്കുകൂട്ടിപ്പറയാൻ കല്പിച്ചു. ബുദ്ധിശാലിയായ മന്ത്രി എത്ര ആലോചിച്ചിട്ടും ദൂരംകണ്ടുപിടിക്കാൻസാധിച്ചില്ല. ഒടുവിൽ മന്ത്രിയുടെ ആവശ്യപ്രകാരം മഹാദേവയ്യർ ഒരു ഉപായം പറഞ്ഞുകൊടുത്തു. മന്ത്രി രാജസന്നിധിയിൽ ചെന്നു ഇപ്രകാരംപറഞ്ഞു. അല്ലയോ! രാജാവേ, ഗജേന്ദ്രമോക്ഷത്തിൽ ആന തിമിംഗലത്തെഭയന്നു വിഷ്ണുഭഗവാനെ വിളിച്ചപ്പോൾ ഭഗവാൻ വൈകുണ്ഠത്തിൽനിന്നും വിളികേട്ടയുടൻ തന്റെ ഭക്തനെ രക്ഷിക്കാൻ അവിടെ എത്തി. ഇതിൽനിന്നു വൈകുണ്ഠത്തേയ്ക്കുള്ള ദൂരം ഒരാൾ വിളിച്ചാൽ ആ ശബ്ദം എത്ര ദൂരംകേൾക്കുമോ അവിടംവരെയെന്നു കണക്കാക്കണം. രാജാവു അതുകേട്ടു സന്തോഷഭരിതനായി ദൂരം കണ്ടുപിടിക്കാൻ കല്പിച്ചു. അതിൻപ്രകാരം മന്ത്രി വിളിച്ചപ്പോൾ ഏകദേശം നാലു ഫർലാങ്ങുദൂരം കേൾക്കാൻസാധിച്ചു. അത്യാഗ്രഹിയായ സോമസുന്ദരയ്യൎക്കു അരരൂപാ ലഭിച്ചു. വഴിയിൽവെച്ചു തന്റെ സ്നേഹിതനോടു ഈ വിവരം അറിയിച്ചു. മഹാദേവയ്യർ താനാണ് ഈ ഉപായം മന്ത്രിക്കു ഉപദേശിച്ചു എന്നറിഞ്ഞപ്പോൾ സോമസുന്ദരം ഇളിഭ്യനായി.

—o—

# ആകാംക്ഷ

—*—

സുചേതാദേവി (വിദ്യാൎത്ഥിനി)

സ്വാതന്ത്ര്യഭാസ്കരനുദിച്ചുപൊങ്ങിയെൻ-
ഹൃദയവ്യോമത്തിൽ ജ്വലിച്ചുനിൽക്കവേ,
മലയമാരുത വിമാനമേറിയെൻ
വിലോലലമാനസവനപ്രിയമന്ദം,
ചരിച്ചു, ഭൂതലവിരസനിഷ്ഠയെ
ത്യജിച്ചു, വാനിലേയ്ക്കുയൻതപോകയായ്.
അതുല്യവ്യാപ്തിയു, മനന്തദീപ്തിയു-
മതീതശോഭയു, മഭൗമശുദ്ധിയും,
നിറഞ്ഞൊരാദേശ് മഹാകല്പദ്രുമം
മറഞ്ഞുനില്പതായറിഞ്ഞു സത്വരം
പാറിപ്പോയതിന്നയന്നശാഖയി-
ലിരുന്നു വിശ്രമിച്ചനുപമസുഖം
സ്വദിച്ചിരിക്കവേ, പുതിയചൈതന്യ
മുദിച്ചു മംഗളപ്രഭാവമാർന്നു ഞാൻ
വിവേകസൂര്യനാൽ വിശാലഭൂതലം
വിശേഷരംഗമായ് വിളങ്ങുമാറു ഞാൻ
വിരാതമാവതിൻ കൊതിച്ചുമന്ദു ഹാ!
നവീനമാക്കുവനിളാതലത്തിനെ

---

തത്തിനു ഇൻറർനാഷണൽമദ്ധ്യസ്ഥത ആലോചിച്ചുവരുന്നു കൂടാതെ അഫ്ഗാനിസ്ഥാൻരാജാവു ടെഹറാനിൽക്കൂടി ഈയിടെ യാത്രചെയ്തയവസരത്തിൽ അദ്ദേഹത്തിനു നൽകിയ സ്വീകരണം രണ്ടുരാജ്യങ്ങളുംതമ്മിലുള്ള ബന്ധം കൂടുതൽ സൗഹാർദ്ദമാക്കുന്നതിനു സഹായകമായിട്ടുണ്ടെന്നു കാബൂളിലും ടെഹറാനിലും വിശ്വസിക്കപ്പെടുന്നു.

ടർക്കിയിലെ മഹാനായ "പ്രഗ്രൂഫ്" എന്നറിയപ്പെടുന്ന കെമാലിന്റെ കാലംമുതൽ പേർഷ്യയും ടർക്കിയുമായി ഏററവും സൗഹാർദ്ദമായ ബന്ധമാണു നിലവിലിരിക്കുന്നതു്. കെമാലിനെപ്പററി മുൻഷാ ആയിരുന്ന റെസാഷാ ബഹുമാനാദരങ്ങളാണുണ്ടായിരുന്നതു്.

മദ്ധ്യപൂർവ്വദേശത്തു പേർഷ്യയുടെ സുഹൃത്തു ട്രാൻസ്ജോർഡനാണ്. അവിടുത്തെ രാജാവായ അബ്ദുള്ളയുടെ ഈയിടെയുണ്ടായ സന്ദർശനം ഒരു സൗഹാർദ്ദഉടമ്പടിയിൽ പരിണമിച്ചു. ഇതു ഒരു പുതിയ സംഭവവികാസമാണ്. മുസ്ലിംലോകത്തിൽ പേർഷ്യ വഹിക്കുന്ന സ്ഥാനത്തെപ്പററി അവർക്കുള്ള ബോധവും "ഇസ്ലാമിന്റെ താല്പര്യത്തിനു ഹാനിസംഭവിക്കുന്ന യാതൊന്നിലും പങ്കെടുക്കുന്നതല്ലെന്നുള്ള അവരുടെ പ്രഖ്യാപിതനയത്തിൽനിന്നു വ്യതിചലിക്കുന്നതല്ലെന്നുള്ള നിശ്ചയവുമാണു ഇതിന്റെ അടിസ്ഥാനം—ഇസ്രേലുമായുള്ള ബന്ധത്തെയാണു ഒടുവിൽപ്പറഞ്ഞ നയപ്രഖ്യാപനം സൂചിപ്പിക്കുന്നതു്.

ദീർഘകാലങ്ങളായി ബ്രിട്ടനുമായി നിലവിലിരിക്കുന്ന സുഹൃൽബന്ധം ആംഗ്ലോ-ഇറാനിയൻ എണ്ണക്കമ്പനിക്കു ൧൯൩൩-ൽ നൽകിയ വ്യവസ്ഥകൾ സംബന്ധിച്ചു ഈയിടെ തീരുമാനിച്ച കരാർപത്രിക ഫസ്ലാമത്തു മജ്‌ലീസിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ എത്തിയിരിക്കുന്നു. ഇരുരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ സൗഹാർദ്ദപരവും ഉഭയകക്ഷികളുടേയും അഭിമാനത്തിനു അനുയോജ്യവുമായതുതന്നെയാണ്.

കമ്യൂണിസ്റ്റും റഷ്യയിസ്റ്റും, ഇംഗ്ലീഷുകാരും അമേരിക്കരും പേർഷ്യയുടെ സപ്തവത്സരപദ്ധതി വിജയകരമാക്കുന്നതിനു വേണ്ട സഹായസഹകരണങ്ങൾ നൽകിവരുന്നു—സർ അലക്സാണ്ടർ ഗിബ്സിന്റെ എഞ്ചിനീയറിംഗ്സ്ഥാപനത്തിലെ അംഗങ്ങളാണു ഇതിൽ മുഖ്യർ. പല ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിലും ബ്രിട്ടീഷുഉപദേഷ്ടാക്കളുണ്ടു്. പേർഷ്യയുടെ വനവകുപ്പു സംഘടിപ്പിക്കുന്നതിനു ബ്രിട്ടീഷുവിദഗ്ദ്ധന്മാരുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടു്. ബ്രിട്ടീഷ്‌വണിക്കുകൾ, ഇംഗ്ലീഷും എമ്പയറും സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ പേർഷ്യയിലെ അന്തരംഗമായ ബന്ധം പുലർത്തിവരുന്നുണ്ട്.

പേർഷ്യൻജനതയുടെ പ്രകൃതിദത്തമായ ബുദ്ധിവൈഭവത്തിനും അവരുടെ ഭൂതകാലമഹിമയ്ക്കും അനുയോജ്യമായി, അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ട സൃഷ്ടിപ്രയത്നങ്ങൾക്കായി പേർഷ്യ ഇന്നു ബ്രിട്ടനേയും അമേരിക്കയേയും സ്വാഗതം ചെയ്യുന്നു.

Copyright, P. T. I Feature Service.



ബ്രിട്ടീഷു നാഷനൽ റേസിംഗ്കാർ—രണ്ടു വർഷത്തെ ഗവേഷണങ്ങളുടെ ഫലമായി ൧൦൦൦൦൦ പവൻ ചിലവുചെയ്തു ഡിസൈൻചെയ്ത ബ്രിട്ടീഷു റേസിംഗ്കാർ മത്സരത്തിനുള്ളതു് ഇപ്പോൾ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. ഗവണ്മെൻറു ഇതിനു ധനസഹായം ചെയ്തിട്ടുണ്ടു്. മോട്ടോർ മത്സരക്കാരനായ റെയ്മണ്ടു മേയ്സ് ആണു ഇതിന്റെ ചുമതല വഹിക്കുന്നതു്. കാറിൽ ഇരിക്കുന്നതു റെയ്മണ്ടു മേയ്സ് ആണു്.



ലോകചാമ്പ്യൻ—ബ്രിട്ടീഷ് ഫ്രീസിയൻവർഗ്ഗത്തിൽപെട്ട ഈ ചിത്രത്തിൽകാണുന്ന പശു ലോകറെക്കാർഡ് സമ്പാദിച്ചിരിക്കുന്നു. തുടർച്ചയായി അഞ്ചുതവണ 3000 ഗാലൻ പാൽവീതം ഇതിൽനിന്നു ലഭിക്കുകയുണ്ടായി; ഈ തവണ ഇതു് 3500 ഗ്യാലൺ ആകുമെന്നാണു പ്രതീക്ഷ.



ഹിന്ദികോളേജ് അയിരൂർ.

ദക്ഷിണഭാരതഹിന്ദുസ്ഥാനിപ്രചാരസഭയുടെ ആഭിമുഖ്യത്തിൽ തിരുവിതാംകൂറിൽ ഇദംപ്രഥമമായി ആരംഭിച്ച പ്രസ്തുത കോളേജ് പ്രകൃതിരമണീയവും വിഭവസമൃദ്ധവുമായ അയിരൂർ ഗ്രാമത്തിൽ പമ്പാനദിയുടെതീരത്തു സ്ഥിതിചെയ്യുന്ന നായർസമാജമന്ദിരത്തിൽ ൧൧൨൪ മിഥുനം ൧൭-ാംതീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രസ്തുത കോളേജിന്റെ പ്രിൻസിപ്പാൾ പണ്ഡിററ് നാരായണദേവ് അവർകളും ലക്ച്ചറർ സാഹിത്യരത്നം പി. നാരായണൻജിയും (മലബാർ) ആണു്. ഇപ്പോൾ ൪൪ വിദ്യാൎത്ഥികൾ അദ്ധ്യയനം നടത്തിവരുന്നു. മുകളിൽ ചേർത്തിരിക്കുന്ന ഫോട്ടോയിൽ മദ്ധ്യനിരയിൽ ഹാരം അണിഞ്ഞിരിക്കുന്നതു് ദക്ഷിണഭാരതഹിന്ദിപ്രചാരസഭാ വിദ്യാഭ്യാസമന്ത്രി ശ്രീ: എസ്. ആർ. ശാസ്ത്രികളും, ഇടത്തുവശത്തു് പി. നാരായണൻജിയും, വലത്തുവശത്തു കേരളപ്രോവിൻഷ്യൽ സെക്രട്ടറി ശ്രീവെങ്കിടേശ്വരയ്യർജി, പ്രിൻസിപ്പാൾ പണ്ഡിററ് നാരായണദേവ്, ട്രാവൻകൂർ ഓർഗനൈസർ എം. പി. മാധവക്കുറുപ്പ് എന്നിവരുമാണു്.

# ഗ്രന്ഥവിചാരം

## കാലത്തിന്റെ ഏടുകൾ

ഗ്രന്ഥകർത്രി, എൻ. ലളിതാംബികഅന്തർജ്ജനം.
മംഗളോദയം ലിമിറ്റഡ്, തൃശ്ശൂർ.
വില രൂപാ ൧

മലബാറിലെ മാപ്പിളലഹള മലയാള സാഹിത്യത്തിന് ഒരു വലിയ നേട്ടമായിത്തീൎന്നു. മഹാകവി കുമാരനാശാന്റെ ഭാവനയിൽ ആ വേദനിപ്പിക്കുന്ന സംഭവവികാസങ്ങൾ ഒരു മഹാകാവ്യമായി സംജാതമാക്കി. ആ അപൂർവ്വകൃതി അതിനു രൂപവും ജീവനും കല്പിച്ചു. അതുപോലെയോ അതിൽ ഭയങ്കരമായോ അടുത്തകാലത്ത് ഇന്ത്യയിൽ വീശിയടിച്ച കലാപകാലവാതമേഘം, കണ്ണീർവീഴ്ത്തുകൾനിറഞ്ഞിട്ടുള്ളതിൽ നമ്മിൽ പലരും കണ്ടു. ഒരു ഭീമസ്വപ്നത്തിൽപോലെ അത് നമ്മുടെ ഹൃദയത്തിൽ പറ്റിപ്പിടിച്ചിട്ടില്ലെന്നുണ്ടോ. അതിനെ കലാരൂപവിധാനത്തിനു നമ്മുടെ കഴിവില്ലായ്മ സമ്മതിക്കയേ തരമുള്ളു. കൃഷൻചന്ദർ അബ്ബാസ് തുടങ്ങിയ ഉത്തരേന്ത്യൻസാഹിത്യകാരന്മാരുടെ ദൃക്സാക്ഷിത്വം ഏറ്റുപിടിക്കുന്ന പല ചെറുകഥകളും ഉ നമുക്ക് പകർന്നുതരുന്നുള്ള കഥ വിസ്തരിക്കുന്നില്ല.

കാലത്തിന്റെ ഏടുകൾ എന്ന ശ്രീമതി എൻ. ലളിതാംബികഅന്തർജ്ജനത്തിന്റെ ചെറുകഥാസമാഹാരത്തിലെ കുടുംബകാഴ്ചപ്പെട്ട ഇല ഇന്ത്യാവിഭജനത്തോടുകൂടി സംഭവിച്ച ഭയാനകസംഭവങ്ങളെ ആസ്പദമാക്കി ചില കഥകളാണ്. ഭീകരസംഭവങ്ങളുടെ സഹതാപാർഹമായ അനുഭവം കഥകളിൽ അവിടെ നടന്നിട്ടുണ്ടെന്നുള്ളത് ആർക്കും പ്രതിക്ഷേധിക്കാൻ സാധിക്കയില്ല. എന്നാൽ ശ്രീമതി അന്തർജ്ജനം അഭിജാതമനഃസ്ഥിതിയോടും അന്തസ്സാന്ന കലാബോധത്തോടുംകൂടിയാണ് അതിനെ അഭിമുഖീകരിച്ചിരിക്കുന്നതെന്ന പറയുവാൻ സന്തോഷമുണ്ട്. റെറം സംഭവങ്ങ നങ്ങളെക്കാളും സ്വഭാവചിത്രീകരണങ്ങൾക്കാളും വികാരങ്ങളെ സ്വരൂപ്പെടുത്തി മാനസികമായ അപഗ്രഥനംസാധിക്ക വളരെ സൂക്ഷ്മതയോടുകൂടി ചെയ്യേണ്ട ഒരു പണിയാണ്. അന്തർജ്ജനത്തിന്റെ കഥകളിൽ അടുത്തകാലത്ത് ഈ ഗുണവിശേഷം സവിശേഷം പ്രകാശിച്ചുതുടങ്ങിയിട്ടുള്ളതായിക്കാണാം. അഭയാൎത്ഥിക്യാമ്പിലേയ്ക്കു പ്രയാണയിക്കപ്പെട്ട ഒരു കുലാംഗനയെ കൊടുംകാറ്റിൽപ്പെട്ട ഇലയായി സങ്കല്പിച്ചുകാണുന്ന പിണങ്ങൾ കമിഞ്ഞു ചീഞ്ഞളിയുന്നതിനിടയിലും സൃഷ്ടികൎമ്മത്തിന പ്രേരണയരുളുന്ന പ്രകൃതിയുടെ വികൃതി മനുഷ്യസംസ്കാരത്തിന്റെനേൎക്ക കൊഞ്ഞനംകുത്തുകയാണല്ലോ ചെയ്യുന്നത്.

അഭയാർത്ഥിക്യാമ്പിലേക്ക ആനയിച്ച ആ യുവതി ആ വിപ്ലവത്തിലുണ്ടായ ബലാൽക്കാരത്ത വയററിലുംകൊണ്ടുവന്ന ഒരു നിർഭാഗ്യവതിയാണ്. അപമാനത്തിന്റെ അഴന്നെടുക്കുന്ന തീവ്രതയും, അനാഥസ്ഥിതിയും ഒരു വശത്തു, മാതൃഹൃദയത്തിന്റെ വാത്സല്യമധുരിമ മറുവശത്ത്. ഈ വടംവലിയെ അത്യന്തസൂക്ഷ്മതയോടുകൂടി തന്മയപ്പെടുത്തുന്നതിൽ കഥാകൃത്ത് വിജയിക്കതന്നെ ചെയ്യുന്നു. "സ്ത്രീജന്മത്തിന നിയതിചമത്തിയിട്ടുള്ള നികുതി കൊടുത്തുതന്നെ തീരണം" എന്ന സന്ദേശമാണ ഈ അവസരത്തിൽ കഥാകർത്ത്രി സ്വസഹോദരികൾക്കു ചെയ്യുന്നതു. വിദ്വേഷത്താൽ തിളച്ചുമറിഞ്ഞ ഹൃദയരക്തം നറും പാലായി ചുരന്നൊഴുകുന്ന മാതൃത്വത്തിനെ നമസ്കരിക്കാൻ തോന്നത്തക്കവിധം അതിനെ അനുഭവപ്പെടുത്തിയിരിക്കയാണ്. ജീവിതവും മരണവും എന്ന അടുത്തകഥ അകാലവൈധവ്യം പ്രാപിച്ച ഒരു അന്തർജ്ജനത്തിന്റെ അടങ്ങാത്തമാംസദാഹത്തിന്റെ എരിയുറലാണ്. ആ പാവപ്പെട്ട താത്രികാമൻ കടുംതുടികൊട്ടുന്ന നെഞ്ചുമായ്, ആശകളുടെ വെളിച്ചത്തിലേക്ക എഴുന്നെള്ളുകയാണ്. നമ്പൂതിരിഇല്ലത്തിലെ മാറക്കടയിൽ നിന്ന പിശാചുക്കളെ മാറിപ്പോകുവിൻ എന്ന ഉച്ചാടനമന്ത്രത്തോടുകൂടി കാഥിക, അവരെ പള്ളിവേട്ടയ്ക്കു എഴുന്നള്ളിക്കുകയാണ്. ഗായികയില്ലാത്ത ഗാനത്തിൽ സ്ത്രീസ്വഭാവത്തിന്റെ ചഞ്ചലപ്രകൃതിതന്നെയാണ പ്രമേയം. കലാരസികതയുടെ കമനീയതയെ മലിനമാകാത്തവിധം പരിപാലിച്ചുകൊണ്ടു സരളകോമളമായ ഒരു പ്രതിപാദനം ഈ കഥാശരീരത്തിൽ ഉടനീളം വ്യാപരിക്കുന്നു. ഓറഞ്ചുകുട്ടി എന്നകഥ ഒരു പ്രത്യേകമണ്ഡലത്തെ പ്രതിനിധീകരിക്കയാണ്. മാണിസ്സാറും ഔസേപ്പുകുട്ടിയുമെന്ന കഥാപാത്രങ്ങളെക്കൊണ്ടു വിദ്യാലയജീവിതത്തിലെ ഒരു അസൽചിത്രം നമുക്കുകാട്ടിത്തരുന്നു. ഒരു മിസ്സ് ലില്ലിയെക്കൂടി അതിൽ ഒട്ടിപ്പിടിപ്പിക്കാതെതന്നെ അതു സ്തോഭജനകമായിട്ടുണ്ട്. പക്ഷേ പ്രമേയത്തിനു ഒരു കട്ടകപോട്ടിക്കലില്ലാതെ അതിന്റെ രസംനികത്തു കിട്ടുകയില്ലെന്നു ഗ്രന്ഥകർത്ത്രി ശങ്കിച്ചുപോലെതോന്നും അവസാനത്തെ ആ ഏച്ചുകെട്ടലിൽ. കഥയുടെ കഥ, എന്ന ഒടുവിലത്തെ കഥയിൽ ആദർശങ്ങൾക്കും സംഭവങ്ങൾക്കുമാണ പ്രാധാന്യമരുളിക്കാണുന്നതു. ആ നിലയിൽ അതിനുകലാഭംഗി വളരെക്ഷയിച്ചുപോയിട്ടുണ്ട്. ജീവിതത്തിന്റെ സത്യവും നിർദ്ദയവുമായ ചിത്രത്തിനു മുദ്രണംനൽകാൻ നമ്മുടെനാട്ടിൽ ഇന്നാരുണ്ട്, എന്നപ്രശ്നം ഉന്നയിക്കുന്നതിൽനിന്നു കലജീവിതവിമർശ, എന്നനിഗമനത്തിൽ കഥാകർത്ത്രി എത്തിച്ചേരുന്നതായി വിചാരിക്കാം. വൈവിധ്യവും വൈശദ്യവും വൈചിത്ര്യവും രേഖപ്പെട്ടിട്ടുള്ളതാണ് കാലത്തിന്റെ ഏടുകൾ. കൈരളിയുടെ ഗ്രന്ഥപ്പുരകളിൽ ഇതു സൂക്ഷിക്കേണ്ടതുമാണ്.

—o—

## കറുത്ത ഏടുകൾ

ഗ്രന്ഥകൎത്താ,
പെരുന്ന കെ. വി. തോമസ്
പ്രഭാതപ്രസ്സ് എറണാകുളം
വില രൂ: 1.

പൊൻകുന്നം വർക്കിയെപ്പോലെയോ പോഞ്ഞിക്കര റാഫിയെപ്പോലെയോ ക്രിസ്തീയപുരോഹിതന്മാരുടെ ജീവിതമുഖംമൂടികളെ വെട്ടിത്തുറന്നു വെളിപ്പെടുത്തുകയല്ലെങ്കിലും ശ്രീ: കെ. വി. തോമസ് അതിനേക്കാൾ വിപ്ലവകരമായ ആറാംവാംബ് ക്രിസ്തീയവിശ്വാസത്തിന്റെനേൎക്ക പ്രയോഗിക്കുന്നതായിട്ടാണ കറുത്ത ഏടുകളിൽനിന്നു നമുക്കു കാണാൻ സാധിക്കുന്നതു. മതത്തിന്റെ മതിൽക്കെട്ടിനുള്ളിൽ കുടിങ്ങിപ്പോയ ചിന്താഗതിയെ സ്വതന്ത്രമായ അന്തരീക്ഷത്തിലേക്ക എത്തിനോക്കിക്കുന്നതിനുള്ള ധൈര്യം ഇന്നത്തെ യുവലോകത്തിൽ കണ്ടുതുടങ്ങിയിരിക്കുന്നതായിവേണം വിചാരിക്കുവാൻ. ക്രിസ്തുദൈവമാണോ, എന്ന വിലക്കപ്പെട്ട ചിന്തയിലേക്ക ഒരു കേരളീയക്രിസ്ത്യാനി പ്രവേശിക്കുക ഇതാദ്യസംഭവമാണ്. അങ്ങനെ വല്ല ചിന്താസ്ഫുലിംഗങ്ങളും ഹൃദയാന്തരീക്ഷത്തിൽ ഉയൎന്നാലും അതിനെ ഏട്ടിലാക്കുക അതൊരു വല്ലാത്ത ധൈര്യംതന്നെയാണ്. ശ്രീ: കെ. വി. തോമസ് തന്റെ കലാസൃഷ്ടിയെ ഇങ്ങനെ ഒരുവഴിക്കുവച്ചു സാധിച്ചിരിക്കയാണ്.

നമ്മുടെ മുന്നിൽ തുറന്നുവച്ചിരിക്കുന്ന കറുത്ത ഏടുകളിൽ ആദ്യംകുറിച്ചിരിക്കുന്നതു "നശിക്കപ്പെട്ട ജീവിതമാണ്. മാംസത്തിന്റെ വിളിയും വിശപ്പിന്റെ വിളിയുമായിതീൎന്നിട്ടുള്ള ഇന്നത്തെ കഥാകാലക്ഷേപത്തിൽ ഇതു രണ്ടാം പന്തിയിൽപെടുന്നു. ഒരു അന്നാമ്മ കയ്യിൽ ഒരു ചോരക്കുഞ്ഞുമായി പെരുവഴിയിൽ, ഒടുവിൽ മെത്രാണച്ചന്റെ അരമനയിൽ വിശന്നെരിഞ്ഞുചെന്നു കേറുന്നു. അവിടെനിന്നു നിർദ്ദയം പുറത്താക്കപ്പെടുന്നു." പാവപ്പെട്ടവന്റെനേൎക്ക അപ്പക്കഷണം നീട്ടിക്കൊണ്ടുനില്ക്കുന്ന വിശുദ്ധന്റെ പ്രതിമയ്ക്കുപുറത്തു അരമനയിൽനിന്നു ആട്ടിപ്പായിച്ച അവൾ കാലുതെറ്റിവീണു കാലനുക്ക, തള്ളയുടെ ചോരയിൽ മുഴുകി പിള്ളയും. അങ്ങനെ ആ ഏടുമറിയുന്നു. നീറുന്ന ഏടുകൾ എന്ന അടുത്ത കഥ ആഖ്യാനരീതിയിലുള്ളതാണ്. അതു മതവിശ്വാസത്തിന്റെനേൎക്ക നടത്തുന്ന ഒരാക്രമണമാണ്. മതം അപകടത്തിൽ എന്നു ആക്രോശിച്ചുകൊണ്ടു നടത്തുന്ന കൂട്ടക്കൊലയുടെ പൈശാചികത്വത്തെപ്പറ്റി ചിന്തിക്കാൻ ഇതു അവസരംകൊടുക്കുന്നു. വിശുദ്ധാത്മാവു വാഴ്ത്തപ്പെടുന്ന പിതൃപുത്രബന്ധത്തിന്റെ അഗാധതയിൽനിന്നു സത്യാവസ്ഥ ഇളകിലതകൂട്ടുകളായി നികത്തി എടുത്തുകാണിക്കുവാനാണ് കാഥികന്റെ ശ്രമം. അതു സത്യമാണെന്നു നാം സമ്മതിച്ചുപോകും. അത്രയ്ക്കും സംഭവങ്ങൾക്കു യഥാർത്ഥതയുമുണ്ട്.

ചോരപ്പാടുകൾ എന്ന മൂന്നാമത്തെ കഥ ഒരു കാമകിങ്കരന്റെ കടുംകയ്യെപ്പറ്റിയുള്ളതാണ്. ക്രിസ്തീയാന്തരീക്ഷമല്ല ഇതിലെ സംഭവരംഗമെന്ന ഒരു വ്യത്യസ്ഥതയുണ്ട്. ഒരു നാടകത്തിനുയോജിച്ച രംഗവിധാനങ്ങളും സംഭവവികാസങ്ങളുമായി ഇതു രചിക്കപ്പെട്ടിരിക്കുന്നെങ്കിലും അവസാനത്തിൽ ഒരു മനോനടൻചക്കിന്റെമണം അതിനു വന്നുപോകുന്നു. വേശ്യാത്തരുവിലും ചാരിത്രസൗരഭം എന്നപോലെ ഒരു വ്യഭിചാരീസന്താനം മാധവിയുടെ മകൻ ജാനു ഒരു സൽപന്ഥാന്വേഷിണിയായി വളരാൻ ആഗ്രഹിക്കുന്നു, ഒരു പരമുവിന്റെ പ്രലോഭനങ്ങൾക്കു വശപ്പെടാതെ, ഒടുവിൽ പരമുഘാതകനായി മാറുന്നു. അതിൽ സ്വാഭാവികതയുമുണ്ട്. എന്നാൽ നിർദ്ദയം വധിക്കപ്പെട്ട ജാനുവിനെ, ആ ചോരക്കിടക്കയിൽവച്ച്—മരിച്ചുകഴിഞ്ഞശേഷം ഈ ശവശരീരത്തിൽ അവൻ വികാരംനടത്തി, എന്നു കാഥികൻ ഡാക്ടർസർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കുന്നതു മനുഷ്യത്വത്തിന്റെനേൎക്കുള്ള ഒരു കാക്കിച്ചുതുപ്പലായിപ്പോയി.

അനുജന്റെ ഭാര്യ, അത്ര അസാധാരണമായ അഴകുനിറഞ്ഞ ഒരു കലാസൃഷ്ടിയാണെന്നുപറയാനൊന്നുമില്ല. പക്ഷേ, അതിന്നത്തെ രാഷ്ട്രീയമായ സ്ഥിതിഗതികളെ പ്രതിഫലിപ്പിക്കുന്നുണ്ടെന്ന ഒരു വിശേഷമുണ്ട്. ശൈശവത്തിലെ ലീലാലാലസതയും, വിദ്യാൎത്ഥിജീവിതത്തിലെ വിപ്ലവവാസനയും, ഒടുവിൽ വിദ്യാഭ്യാസം പൂൎത്തിയാക്കാനിടവരാതെ തൊഴിലില്ലായ്മയിൽപ്പെട്ടു നാടുവിടുകയും സങ്കല്പങ്ങളെല്ലാം താറുമാറാകയുംചെയ്യുന്ന കാലവിശേഷമാണ് ആ കഥാവിഷയം. ഇറച്ചിത്തൊഴിലാളി ജീവിതത്തിലെ അവശതയെപ്പറ്റി അനുഭാവപൂർവ്വം നമ്മെക്കൊണ്ടു ചിന്തിപ്പിക്കുന്നൊന്നാണ്. സാധാരണക്കാരന്റെ ജീവിതവൈഷമ്യം വിലക്കപ്പെട്ട കനിഭക്ഷിക്കാൻ പ്രേരിപ്പിക്കുന്നതും ദൈവനീതിയിൽ അവനെ സംശയാലുവാക്കുന്നതുമായ പരിതഃസ്ഥിതി സൃഷ്ടിക്കുന്നവിധം ഇതിൽ ചിത്രീകരിക്കുന്നു. വികാരിഅച്ചൻ, എന്ന ഇതിലെ കഥയാണ് വികാരോജ്ജ്വലവും വിപ്ലവവിക്ഷുബ്ധവുമെന്നു പറഞ്ഞതീരൂ. വിലയേറിയ മാതൃത്വത്തെ നിയമത്തിന്റെ മൂടുപടംകൊണ്ടു ഞെരിച്ചു ശ്വാസംമുട്ടിച്ചുകൊല്ലുവാൻ, അങ്ങനെ ക്രിസ്തീയമതത്തിലെ ഒരുണങ്ങാത്ത വ്രണമാണ കന്യാസ്ത്രീയെന്നു ധൈര്യപൂർവ്വം രേഖപ്പെടുത്തുവാൻ ശ്രീ: കെ. വി. തോമസ്സ് മുന്നോട്ടുവന്നിരിക്കുന്നു. മനശ്ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഇത്തരം സ്വതന്ത്രചിന്തകൾ സ്വാഗതാർഹങ്ങളാണ്. അന്ധവിശ്വാസം, അനാചാരം, ചൂഷണം, പാവങ്ങളുടെമേൽ കുതിരകയററം എന്നിനിലകളിൽ അധഃപതിക്കുന്ന സമുദായചരിത്രത്തിലെ ഏടുകളാണ് കഥാകൃത്തു നമ്മുടെമുന്നിൽ തുറന്നുവച്ചിരിക്കുന്നതു. അതിൽ അദ്ദേഹത്തിന്റെ ധൈര്യത്തെമാത്രമല്ല അതിലെ ലേഖനവൈശദ്യത്തേയും വൈദഗ്ദ്ധ്യത്തേയും പ്രശംസിക്കേണ്ടതായിത്തന്നെ കാണുന്നു.

സി. എം. പി.

## ലോകസമാധാനം

—:o:—

കണ്ണമ്പുഴ എസ്. കൃഷ്ണവാര്യർ

I

ഹന്ത! മേല്പോട്ടു നോക്കി നീ
ചിന്തചെയ്യൊന്നു ഗാഢമായ്മേലിനി
അങ്ങുകാണുമവയോരോന്നുമോക്കുകി-
ലിങ്ങുയിപ്പവക്കായേ ലസിക്കുന്നു.
മേലെയങ്ങവ നിൽക്കിലേ നമ്മാംക്കു
മേലെഴുന്ന പൊറുതി ഭവിച്ചിട്ടു.
മാരിക്കാർനിര തിങ്ങിയ കക്കട-
ക്രൂരിതുളിലങ്ങൊന്നു നോക്കാവതോ?

II

മണ്ണിനുള്ളിൽ താഴത്തിഴഞ്ഞങ്ങനെ
ദണ്ഡമേറെസ്സഹിച്ചിളംവേരുകൾ
തെങ്ങിനേകുന്ന ചാരുവിശറിയും
മംഗളഫലജാലവും മേൽക്കുമേൽ
ആ സമുന്നതികണ്ടീർഷ്യകൊണ്ടു കിലോ
നാശംതെങ്ങിനു തന്നല്ലവേരിനും.
വേരുമേൽവശം കാക്കുന്നു മേൽത്തല
വേരിനുംവൃത്തിയേകുന്നു നിത്യവും.

III

നീരുതാഴ്ന്ന കുഴിയിൽക്കിടക്കിലേ
നീരസമകന്നാസ്വാദ്യമായതു
കുന്നിൽനിന്നതു കീഴ്പോട്ടുപോന്നതു
തൻനിലയ്ക്കു നിൽക്കാനാണുനിശ്ചയം
എങ്കിലെ?ന്തതിൻ ചാരത്തുചെന്നിതാ
ശങ്കവിട്ടൎത്ഥി കുമ്പിട്ടു നിൽക്കുന്നു.
സത്യമാർക്കുമുണ്ടന്തന്ത,സ്സുതിൽ ദൃഢാ-
വസ്ഥിതിതന്നേ ലോകസമാധാനം.

## ശ്രീഭൂതനാഥസർവസ്വം

൧-ാം, ൨-ാം, ൩-ാം ഭാഗങ്ങൾ

ഗ്രന്ഥകൎത്താ,

വിദ്വാൻ കുറുമള്ളൂർ നാരായണപിള്ള

ശബരിമലക്ഷേത്രം, അതിന്റെ പ്രാചീനത, ധർമ്മശാസ്താവിന്റെ ഉൽഭവം, മഹിഷീവൃത്താന്തം, മോഹിനീരൂപം, മഹിഷീമർദ്ദനം, മാളികപ്പുറത്തമ്മ, ശബരിഗിരിയാത്രാവിധി, പമ്പാമാഹാത്മ്യം, ശാസ്താവും അവതാരോദ്ദേശവും അയ്യപ്പൻ, വാവരു, കടുത്തസ്വാമി എന്നുള്ള വിവിധവിഷയങ്ങളെ പുരസ്കരിച്ചു പല താളിയോലഗ്രന്ഥങ്ങളും ചെമ്പുപട്ടയങ്ങളും മററും നോക്കി, തയാറാക്കിയിട്ടുള്ളതും, പൂജാവിധി, പൂജാമന്ത്രം, ഗായത്രി മുതലായവ അടങ്ങിയിട്ടുള്ളതുമായ ഉത്തമഗ്രന്ഥം.

വില ൧ രൂ. ൪ ണ.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.
ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ.

FOR BEST PHOTOGRAPHS
*Visit*
**SHUNMUGAM PHOTO STUDIO**
**Main Road, QUILON**
**& at Pazavangady, Trivandrum**
**East of Tower, Nagercoil**
ഭംഗിയായ ഫോട്ടോകൾക്കു:
— ഷൺമുഖം സ്റ്റുഡിയോ സന്ദർശിക്കുവിൻ —
കൊല്ലം — തിരുവനന്തപുരം — നാഗർകോവിൽ

**പ്രതിധ്വനി**
**'റിപ്പബ്ളിക്ക് വിശേഷാൽപ്രതി'**
ഒന്നാന്തരം ഗദ്യപദ്യലേഖനങ്ങളോടും അനേകം ചിത്രങ്ങളോടുംകൂടി പ്രതിധ്വനിയുടെ മനോഹരമായ റിപ്പബ്ളിക്ക വിശേഷാൽപ്രതി ജനുവരി 26-ാംതീയതി പുറപ്പെടുന്നു അതിലേക്കുള്ള ലേഖനങ്ങളും പരസ്യങ്ങളും 20-ാംനു-യ്ക്കുമുൻപേ ആഫീസിൽകിട്ടിയിരിക്കേണ്ടതാണ്. ഏജൻസിയില്ലാത്ത സ്ഥലങ്ങളിൽ ഏജൻറന്മാരെ ആവശ്യമുണ്ട്.
മാനേജർ, പ്രതിധ്വനി, പുനലൂർ.

# അസത്യത്തിൻെറ അന്വീക്ഷണവിദ്യ

ജി. ഗോപിനാഥൻനായർ

സത്യം ദൈവത്തിനോടു തുല്യമാണെന്നും, സത്യം ദൈവമാണെന്നും, ദൈവം സത്യമാണെന്നും ഒക്കെ നാം കരുതുന്നുണ്ടല്ലോ. എന്നാൽ അസത്യം എന്താണെന്നും, എങ്ങനെയുള്ളതാണെന്നുമെല്ലാം ഗാഢമായി ചിന്തിക്കുന്നവർ വളരെ ചുരുക്കമായിരിക്കും. സകല വിഷയങ്ങളെപ്പററിയും പ്രതിപാദിക്കുന്നതു ഒരു പ്രത്യേക അന്വീക്ഷണ വിദ്യയുടെയോ, അഥവാ ആദ്ധ്യാത്മീയവിദ്യയുടേയോ അധിഷ്ഠാനത്തിലാണ് സത്യത്തിൻെറ പഠനത്തെക്കാൾ അസത്യത്തിൻെറ പഠനത്തിനായിരിക്കും കൂടുതൽ രസാവഹം.

സത്യംപറയുന്ന മനുഷ്യൻ, ഒരു തത്വജ്ഞാനിയുടെ സ്വപ്നവും, ഒരു ആദർശശാലിയുടെ ആദർശവും, സാധാരണക്കാരൻെറ നിരാശയുമാണ്. അചഞ്ചലമായ സത്യം വളരെ വിദൂരമായതിനാൽ, ആ ഗുണത്തിൽ എന്നും അടിയുറച്ചു എവിടെയും സഞ്ചരിക്കുന്നവർ തുലോം വിരളമാണ്. അങ്ങനെ സത്യം അസാധാരണമാണെങ്കിൽ അസത്യം സാധാരണമായ ഒന്നാണെന്നു പറയുന്നതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല.

അസത്യം പറയുന്നതിന്, സാധാരണമായതും, പ്രേരിപ്പിക്കുന്നതുമായ ശക്തി ഏതു്?

സ്വർഗ്ഗസാമ്രാജ്യത്തിനോടനുബന്ധപ്പെട്ടിരിക്കുന്നെന്നു നാം വിശ്വസിക്കുന്ന അഞ്ചും, ആറും വയസ്സു മാത്രമുള്ള പിഞ്ചു പൈതങ്ങൾപോലും, യാതൊരു പരിശീലനവും കൂടാതെതന്നെ കള്ളംപറയുന്നതായി കേട്ടിട്ടുണ്ടു്.

ഒരു കുററക്കാരനായ കുട്ടിയോടു് ആ കുററത്തെപ്പററി ഇപ്രകാരം ചോദിച്ചെന്നിരിക്കട്ടെ.

"മേശമേൽ വച്ചിരുന്ന മാമ്പഴം നീ എടുത്തുകൊണ്ടുപോയോ?"

യാതൊരു സമയതാമസവും കൂടാതെതന്നെ "ഇല്ല" എന്നവൻ മറുപടി പറയുന്നു. അസത്യത്തിൽ പ്രേരിതമാകുന്ന സംഗതികൾ ഈ ഉദാഹരണത്തിൽ അന്തർലീനമാണ്. ഭയം കാരണം ഒരുവൻ അസത്യംപറയുന്നു. അഥവാ; അസത്യം ഭയത്തിൽനിന്നു ഒരുവനെ രക്ഷപ്പെടുത്തുന്നു. ബാഹ്യമായിട്ടും, ആന്തരികമായിട്ടും എന്തെങ്കിലും അപകടം ഉണ്ടാകുമെന്നു ഹൃദയത്തിൽ സംശയം ഉളവാകുമെങ്കിൽ ഒരാൾ അസത്യം പറഞ്ഞുപോകും. കുററവാളി അസത്യം പറയുന്നതുപോലെ തന്നെ ചിലപ്പോൾ നിരപരാധിയുംകൂടെ അസത്യം പറയേണ്ടതായി വരുന്നു. കൊലക്കേസ് വിസ്താരം നടത്തുന്ന സമയം നയചതുരന്മാരായ ചില അഭിഭാഷകന്മാർ അസത്യമാകുന്ന അവരുടെ തൊഴിലിലും, പിഴപ്പിലുംകൂടി വെറും നിരപരാധികളെ അസത്യം പറയാനിടയാക്കുന്നു. ഹൃദയസ്പൃക്കായ ചില ആപൽസന്ധികളിൽ ഒരുവനു വഴികാട്ടുന്ന ഒന്നാണ് "അസത്യം".

തന്നെക്കൊണ്ടു നിറവേററാൻ സാധിക്കാത്ത അമൂല്യസംഗതികൾക്കുവേണ്ടി അശ്രാന്തപരിശ്രമം നടത്തി നിഷ്ഫലമായിട്ടു പിൻതിരിഞ്ഞാൽ, അമൂല്യസംഗതികൾ വിലയില്ലാത്തതും, നശോന്മുഖവും ആണെന്നു് അയാൾ പറഞ്ഞുപരത്തും. ആന്തരികമായിരിക്കുന്ന മനസ്താപങ്ങൾകൊണ്ടും ഒരു മനുഷ്യൻ അസത്യത്തിൽ ചരിക്കാനിടയുണ്ടു്. സമുദായത്തിനു കടകവിരുദ്ധമായിട്ടു ഒരാൾ അയൽവീട്ടുകാരൻെറ സുന്ദരിയായ ഭാര്യയെ സ്നേഹിക്കുന്നതിനു ആശിക്കുന്നെന്നിരിക്കട്ടെ. ഈ ആശ നിഷ്ഫലം ആണെന്നറിയുന്നതിനോടൊപ്പം, അയാൾ മററുള്ളവരോടു് അവൾ ചീത്തയാണെന്നും, ദുഷ്കീർത്തികെട്ടവളാണെന്നും മററും കള്ളംപറയുന്നു. ആശയേയും, തൃഷ്ണയെയും സ്വയം നശിപ്പിച്ചെന്നു് അന്യനെ ധരിപ്പിക്കാനുള്ള ഒരുപായമാണ് 'അസത്യം'

ഏതോ ഒരാദായത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഇങ്ങനെ ഒരുമ്പെടുന്ന മൂന്നാമതു് ഒരു വിഭാഗക്കാരുണ്ടു്. ഇപ്രകാരം ചെയ്യുന്നതുനിമിത്തം അവർ അന്യനെ ചതിക്കുകയാണെന്നും, അതു് സ്വന്തമനസ്സാക്ഷിയെ വഞ്ചിക്കുന്ന ഒരു കൂട്ടംകൈയാണെന്നും അവർക്കു ഓർമ്മയുണ്ടുതാനും. ഇതിൽ അന്യൻെറ യാതൊരു പ്രേരണയില്ലെന്നുള്ളതും വ്യക്തമാണ്. മാനസികമായി ഏതോ ചില കുഴപ്പങ്ങൾനിമിത്തമാണ് മനുഷ്യൻ ഇങ്ങനെയുള്ള സാഹസത്തിലേർപ്പെടുന്നതു്. മാനസികമായ കുഴപ്പങ്ങൾ ഒഴിവാക്കുന്നതിനു് ഉപയോഗിച്ചുപോകുന്ന ഒരു വഴിയാണ് അസത്യം.

മുകളിൽ പ്രസ്താവിച്ച വിധങ്ങളിലൊന്നും പെടാത്ത വേറൊരുവിഭാഗക്കാരെ എവിടെയും കാണുന്നുണ്ടു്. അവരുടെ തെററും സ്വയം മനസ്സിലാക്കിക്കൊണ്ടാണ് തെററുതന്നെ അവർ പ്രവൃത്തിക്കുന്നതു്. അതു് അങ്ങു് പ്രവർത്തിക്കുന്നേയുള്ളു. പ്രവൃത്തിനിർവ്വഹണത്തിനുശേഷം സ്വന്തകുററത്തിനെപ്പററി മനസ്സാൽ പരിതപിക്കയും, പശ്ചാത്തപിക്കയും ചെയ്യുന്നു. അവരുടെ ആദ്ധ്യാത്മികവിലയോ ശാസ്ത്രീയമായ അടിസ്ഥാനത്തെയോ ചിന്തിക്കണമെന്നുള്ള കാംക്ഷ നമുക്കു് ഉളവാകുന്നില്ല. അസത്യം ചില ആളുകളുടെ ജീവിതത്തിലെ ഒരു ഘടകമാണ്.

അഭിമാനക്കുറവാണെന്നോ, തെററാണെന്നോ എന്നൊന്നും ചിന്തിക്കാതെ, യാതൊരുകൂസലുംകൂടാതെ, ഏതുസമയത്തും അസത്യത്തിൻെറ പ്രവാചകരായിട്ടു നിർഭയം ഉത്ഘോഷിച്ചു വിഹരിക്കുന്ന വേറൊരുകൂട്ടർ നമുക്കു വളരെ ദൃശ്യമാണല്ലോ. ഇത്തരക്കാരെ നാം നുണയന്മാരെന്നും, ചതിയന്മാരെന്നും മററുള്ളവരുടെ അന്യായികളെന്നും മററും വിളിച്ചുപോരുന്നു. ഏതോ ഒരു പ്രതിഫലത്തെ ഉദ്ദേശിച്ചാണ് അവർ ഇപ്രകാരം ചെയ്യുന്നതു്. അന്യൻ നശിക്കണമെന്നുള്ള ആശ അന്യാകാംക്ഷ കാണുകയില്ല. സ്വാകാംക്ഷ്യേച്ഛകൊണ്ടായിരിക്കും അയാൾ ഈ തൊഴിലിലേർപ്പെടുന്നതു്. അവർഅതിൽ വിശ്വസിക്കയും, ആനന്ദിക്കയും ചെയ്യുന്നെന്നുള്ളതാണ് ഒരു ഭയങ്കര സങ്കടം. ഒരുതരം സ്വയമായ മാനസികവഞ്ചന അവരിൽ കടന്നുകൂടുന്നു. പലർക്കും രസിക്കാവുന്നതും, പലരേയും രസിപ്പിക്കാവുന്നതുമായ ഒരു ഉപാധിയാണ് അസത്യം. വാസ്തവത്തിൽ നടന്നിട്ടില്ലാത്തതായ പല സംഭവങ്ങളും അന്യരെ പറഞ്ഞുകേൾപ്പിച്ചു രസിക്കുകയും, രസിപ്പിക്കുകയും ചെയ്യുന്ന ധാരാളം യുവാക്കന്മാരും, യുവതികളും ഉണ്ടു്. പട്ടാപ്പകൽ സമയത്തുള്ള സ്വപ്നംപോലെ, അസത്യത്തിൽ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നതായ ആദർശങ്ങളുടെ ഉത്ഭവം, ബോധരഹിതമായ ചില ആദർശങ്ങളുടെ നിറവേററലിൽനിന്നുമാണ്. ഇപ്രകാരമുള്ള ഒരാഗ്രഹം മനസ്സിൽ പ്രവേശിച്ചു്, അസത്യത്തിൽ കൂടി അതിനെ നിറവേററാൻ ശ്രമിക്കുകയാണ്. സത്യത്തിൽ മനുഷ്യനായിട്ടു ജനിച്ചിരിക്കുന്ന ഏതൊരുവനും ഇങ്ങനെയുള്ള ഒരാഗ്രഹം ഉണ്ടു്. എന്നാൽ അതു സമുദായത്തിനു് കടകവിരുദ്ധമാണെന്നുള്ള ബോദ്ധ്യംകൊണ്ടു് ആഗ്രഹങ്ങൾ കാലക്രമേണ തനിയേ നിറവേറുമെന്നുള്ള ആശയോടെ അതിൽനിന്നും പിൻതിരിയുന്നു. ഈ ആഗ്രഹങ്ങളെ നിറവേററുന്നതിനുള്ള സാദ്ധ്യതകളെപ്പററി നല്ലവണ്ണം ആലോചിച്ചതിനുശേഷമാണ് അതിനെ അത്ര കാര്യമാക്കാത്തതും.

ധനസംബന്ധമായ ചിന്തകളിൽ ശ്രദ്ധ പതിപ്പിക്കുന്നെങ്കിൽ ആഗ്രഹം അവനു് ലാഭമായിട്ടും പരിണമിക്കും. ലോകം അനശ്വരമാണെന്നും, ലോകത്തിലുള്ള ജീവജാലങ്ങളിൽ ഒന്നത്രെ അവനെന്നും ചിന്തിക്കാത്തതുകൊണ്ടാണ് കേവലം മൃഗീയമാകുന്ന ഇത്തരം ലാഭത്തെ ഒരുവൻ കണക്കാക്കുന്നതു്. ആഗ്രഹങ്ങളെ ലാഭമായി മാററാനുള്ള ഒരു മാർഗ്ഗമാണ് "അസത്യം"

എല്ലാ മനുഷ്യാത്മാക്കളിലും നാനാവിധത്തിലുള്ള ആശകൾ ഉണ്ടു്. സത്യത്തിനു പ്രേരിതമാക്കുന്ന ആശയുണ്ടു്. അസത്യത്തിനു പ്രേരിതമാക്കുന്ന ആശയുണ്ടു്. സമുദായത്തിനു് കടകവിരുദ്ധമാകുന്ന ആശയുമുണ്ടു്. ഇപ്രകാരമുള്ള ആശകളെല്ലാംതന്നെ നിറവേററാൻ അവനു സാധിക്കുന്നില്ല. നിറവേററാൻ കഴിയാഞ്ഞിട്ടും അതു് അവനിൽനിന്നും ഒഴിയുന്നില്ല. ആശകൾ ഒഴിക്കുന്നതിനു് ഒരു മാർഗ്ഗം കൊടുക്കേണ്ടതായിട്ടുണ്ടു്. സുഖാനന്ദകരമായിരിക്കുന്നവേളയിൽ ചിലപ്പോഴൊക്കെ ആശകൾ അസത്യത്തിൽകൂടിബാഹ്യമായ ലോകത്തിലേക്കു പറന്നുപായുന്നു. അവയെല്ലാം മാനസികമായ ശക്തിയുടെയും പ്രഭയുടെയും നിയന്ത്രണത്തിലുമാണ്.

—o—



പെരുമ്പാവൂരിനടുത്തു് റയാൺപുരത്തു് സ്ഥാപിക്കപ്പെട്ടിട്ടുള്ള ട്രാൻസ്പേരൻറ്പേപ്പർ നിർമ്മാണശാല ചീഫ്മിനിസ്റ്റർ ശ്രീ: ടി. കെ. ഉൽഘാടനംചെയ്യുന്നു.



പ്രസ്തുത ഫാക്ടറിയുടെ ഉൾഭാഗത്തെ ഒരു കാഴ്ച.



ഫാക്ടറി ഉൽഘാടനംചെയ്ത ചീഫ്മിനിസ്റ്ററും അറേറാർണിജനറൽ ശ്രീ: ഗംഗാധരമേനോനും ഫാക്ടറിഅധികാരികളും മററും.

# അണച്ചുകളയുന്നതുവരെ...

—o—

(എം. പ്രഭ)

അത്ഭുതംനിറഞ്ഞ നയനങ്ങളോടെ, അർദ്ധനിശീഥിനിയിലെ താരകാഭരിതമായ ആകാശത്തിൽ നോക്കിക്കൊണ്ടു ഞാൻ ഏകാകിയായിനിന്നു, വെള്ളിപൂശിയ മേഘങ്ങളുടെ ഗോപുരാവലിയുടെ ഇടയിൽക്കൂടെ അപരിചിതമായ ഒരു നക്ഷത്രം എന്നെ നോക്കി മന്ദഹസിച്ചു.

ആവൂ, അതാ—ആ നക്ഷത്രത്തിന്മേലുള്ള ഒരു രമ്യഹർമ്മ്യത്തിൻെറ അന്തഃപുരത്തിൻെറ കിളിവാതിലിൽകൂടി ലജ്ജാവിവശമായ രണ്ടു കണ്ണുകൾ എന്നെ ഉളിഞ്ഞുനോക്കുകയല്ലേ, ഹാ! അവളുടെ സംഗീതാത്മകമായ നിശ്വാസമേററു ആ ദുകൂലനിർമ്മിതമായ യവനികയിൽ നേരിയ കല്ലോലങ്ങൾ തത്തിക്കളിക്കുന്നുവല്ലോ, നിസ്തബ്ധതയുടെ നിലാവുനിറഞ്ഞ ആഴത്തിൽനിന്നും എൻെറ പേർ ആരോ മന്ത്രിക്കുന്നതു ഞാൻ കേൾക്കുന്നു, അതിൻെറ പശ്ചാത്തല സംഗീതമെന്നോണം കങ്കണങ്ങളുടെ മുഗ്ദ്ധമായ വിഹസനവും.

അതാ, ഉത്തരക്ഷണത്തിൽ കസവുതുന്നിയ ഒരു നേരിയമൂടുപടം ആ കണ്ണുകളിൽ നിഴൽ വീഴ്ത്തുന്നു,

അചുംബിതമായ യൗവ്വനത്തിൻെറ നിർമ്മലവും നേരിയതും മാദകവുമായ ഒരു സുഗന്ധത്തിൻെറ സന്ദേശവുമായി മന്ദപവനൻ എങ്ങുനിന്നാണാവോ വന്നണയുന്നതു്,

ഹാ, എനിക്കു ചിറകുകളുണ്ടായിരുന്നുവെങ്കിൽ, പറക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അനന്തമായ ആകാശത്തിൽകൂടെ പറന്നു, കന്യകാത്വം പ്രസ്ഫുരിക്കുന്ന കണ്ണുകളോടെ, പ്രതീക്ഷയുടെ സ്പന്ദനങ്ങൾ നിറഞ്ഞ ഹൃദയത്തോടെ ആ അപ്സരസ്സ് കാത്തുനിൽക്കുന്ന മണിമാളികയിൽ ചെന്നെത്തുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഞാൻ അവളുടെ പാദങ്ങളിൽ ചന്ദ്രരശ്മികൾകൊണ്ടുനെയ്തെടുത്തു സൂര്യമയൂഖങ്ങൾകൊണ്ടു കസവുവച്ച ഒരു സാരിയും നക്ഷത്രങ്ങൾ കോർത്തൊരുക്കിയ ഒരു മുക്താഹാരവും കാഴ്ചവെയ്ക്കുമായിരുന്നു;

അനശ്വരമായ പ്രേമത്തിൻെറ ഓടക്കുഴലിൽനിന്നും അനർഗ്ഗളമായി ഉദ്ഗമിക്കുന്ന മൃദുലങ്ങളായ ഗാനതല്ലജങ്ങളെക്കൊണ്ടു ഞാൻ അവളുടെ കർണ്ണങ്ങളിൽ പീയൂഷംതളിക്കുമായിരുന്നു.

ആവൂ, എൻെറ ലാളനോൽസുകങ്ങളായ കരങ്ങൾകൊണ്ടു, വ്രീളാനമ്രമായ അവളുടെ മുഖകമലത്തെ മന്ദംമന്ദമുയർത്തി രാഗമൂർച്ഛയാൽ അർദ്ധനിമീലിതങ്ങളായ അവളുടെ കണ്ണുകളിൽ—അനശ്വരത എൻെറ ജീവിതദീപത്തെ അണച്ചുകളയുന്നതുവരെ—ഞാൻ നിർന്നിമേഷനായി നോക്കിക്കൊണ്ടു നിൽക്കുമായിരുന്നു.

—o—

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.